# അൽഫഖ്

പുസ്തകം 19 | ലക്കം 9 | നവംബർ 2011 | നുബുവ്വത്ത് 1390 | ദുൽഹജ്ജ് - മുഹർറം 1432




## തഹ്‌രീക് ജദീദ്
## ശിക്ഷണത്തിനും ആത്മീയപുരോഗതിക്കും

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) തഹ്‌രീക് ജദീദ് ആരംഭിച്ച കാലത്തും, തുടർന്ന് വിവിധ വർഷങ്ങളിലും തഹ്‌രീക് ജദീദിന്റെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമാണെന്നും, എങ്ങിനെ അവ നേടിയെടുക്കാമെന്നും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ തന്നിരുന്നു. ആദ്യസമയത്ത് അദ്ദേഹം 19 ആവശ്യങ്ങൾ ജമാഅത്തിന് മുന്നിൽ വെച്ചിരുന്നു. പിന്നെ അത് വർദ്ധിപ്പിക്കുകയും ചെയ്തു. ഈ എല്ലാ ആവശ്യങ്ങളും ശിക്ഷണത്തിനും, ആത്മീയ പുരോഗതിക്കും, ത്യാഗത്തിന്റെ നിലവാരം ഉയർത്തുന്നതിനും അനിവാര്യമാണ്. അത് ഇന്നും പ്രാധാന്യമർഹിക്കുന്നവയാണ്. ജമാഅത്തുകൾ അതിലേക്ക് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി അതിൽ ആദ്യത്തെ ആവശ്യം, ലളിതജീവിതമെന്നതായിരുന്നു. ഇന്ന് ഭൗതികതയ്ക്കുള്ള ഓട്ടം നേരത്തേതിലും അധികമാണ്. അതുകൊണ്ട് തന്നെ അഹ്മദികൾ ലളിതജീവിതത്തിലേക്ക് കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ലളിതജീവിതം സ്വീകരിച്ചുകൊണ്ട് ദീനീ ആവശ്യങ്ങൾക്ക് വേണ്ടി ത്യാഗങ്ങൾ ചെയ്യാൻ സാധിക്കുന്നതാണ്. ചില ആളുകൾ അനാവശ്യമായി ധാരാളം വിലപിടിപ്പുള്ള വസ്തുക്കൾ അലങ്കാരത്തിന് വെക്കാൻ താൽപര്യമുള്ളവരാണ്.. വിവാഹങ്ങളിലും അനാവശ്യമായി ചെലവഴിക്കുന്നു... പിന്നെ ശത്രുക്കളുടെ മലീമസമായ പ്രസിദ്ധീകരണങ്ങൾക്ക് മറുപടി തയ്യാറാക്കേണ്ടിയിരിക്കുന്നു. ഇക്കാലത്ത് ഇസ്‌ലാമിനും, തിരുനബി(സ)നും മേൽ അക്രമങ്ങൾ നടക്കുന്നു. മിക്ക രാജ്യങ്ങളിലും മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മുഖേനയുള്ള മജ്‌ലിസ് സുൽത്ത്വാനുൽ ഖലം നല്ലൊരു പദ്ധതിയാണ്...

വഖ്ഫെ ആർസിയിലേക്കും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. റിട്ടയർമെന്റിനു ശേഷമുള്ള വഖ്ഫ് .. റിട്ടയർമെന്റിനു ശേഷം സ്വസ്ഥമായി കഴിയുന്നവർ ജമാഅത്തി സേവനത്തിനു വേണ്ടി സമർപ്പിക്കേണ്ടതാണ്. ജമാഅത്തിനോട് സാമ്പത്തിക സഹായം ചോദിക്കരുത്.... യുവാക്കൾ വെറുതെയിരിക്കുന്നത് ഒഴിവാക്കുക എന്നതാണ് മറ്റൊരു ആവശ്യം.ഇത് ഭയാനകമായ രോഗമാണ്. അതാകട്ടെ വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.. ജമാഅത്തീ പോഷക ഘടകങ്ങൾ ഇതു സംബന്ധിച്ച് വ്യക്തമായ മാർഗരേഖ തയ്യാറാക്കി, യുവാക്കളെ സംരക്ഷിക്കേണ്ടതാണ് .. ചില കാര്യങ്ങളാണ് ഞാൻ വിവരിച്ചത്. ജമാഅത്തുകൾ നോക്കേണ്ടത്, ഇപ്പോൾ ഏത് ആവശ്യത്തിലേക്ക് പ്രാദേശികമായി കൂടുതൽ ശ്രദ്ധിക്കേണ്ടതെന്ന് പ്രത്യേകം മനസിലാക്കേണ്ടിയിരിക്കുന്നു. അതിലൂടെ ഉപജീവനത്തിന്റെയും സമൂഹത്തിന്റെയും പ്രശ്നങ്ങൾ തീരുകയും, ജമാഅത്തുകളുടെ ശിക്ഷണത്തിന്റെയും ത്യാഗത്തിന്റെയും നിലവാരം ഉയരുകയും ചെയ്യും. (ഖുത്ബ 3.11.2006)


4 'മുത്ത്വാലിബാത്ത് തഹ്‌രീക് ജദീദ്'

9 ഇസ്‌ലാമിന്റെ ആഗോളവിജയം

15 അവരാണ് യഥാർത്ഥ അഹ്മദി സ്ത്രീകൾ

19 ശയ്ത്വാന്റെ ഓടക്കുഴൽ

21 മുസ്‌ലിം രാഷ്ട്രങ്ങളുടെ ദീനരോദനം പരിഹാരമെന്ത്?

37 കോഴിക്കോടിന്റെ അഹ്മദിയ്യാ പൈതൃകം


TAHRIK-E-JADID

# തഹ്‌രീക് ജദീദ്



### ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദിവ്യദർശനം

“ഒരു വീട്ടിൽ രണ്ട് പേർ ഇരിക്കുന്നതായി ഞാൻ ദർശനത്തിൽ കാണുകയുണ്ടായി. ഒരാൾ നിലത്താണ് ഇരിക്കുന്നത്. മറ്റേയാൾ മേൽക്കൂരയുടെ അടുത്തും. നിലത്ത് ഇരിക്കുന്ന ആളോട് ഞാൻ പറഞ്ഞു, എനിക്ക് ഒരു ലക്ഷം സൈന്യത്തിന്റെ ആവശ്യമുണ്ട്. പക്ഷേ അയാൾ ഒന്നും പറഞ്ഞില്ല. മറുപടിയും തന്നില്ല. പിന്നെ ഞാൻ മേൽക്കൂരയ്ക്കടുത്ത്, ആകാശത്തിന്റെ ഭാഗത്തേക്ക് ഇരിക്കുന്ന ആളിലേക്ക് തിരിഞ്ഞുകൊണ്ട് എനിക്ക് ഒരു ലക്ഷം സൈന്യം വേണമെന്ന് പറഞ്ഞു. അദ്ദേഹം എന്നോട് പറഞ്ഞു, ഒരു ലക്ഷം കിട്ടില്ല. പക്ഷേ അയ്യായിരം നൽകപ്പെടുന്നതാണ്. അപ്പോൾ ഞാൻ മനസ്സിൽ പറഞ്ഞു, 5000 കുറച്ചാണെങ്കിലും, അല്ലാഹു ആഗ്രഹിച്ചാൽ വളരെ കുറച്ചുപേർ, വളരെയധികം ആളുകൾക്ക് മേൽ വിജയം വരിക്കുന്നതാണ്. പിന്നെ, എനിക്ക് ആ സഹായികളെ ദർശനത്തിൽ കാണിക്കപ്പെട്ടു. അതോടൊപ്പം പറഞ്ഞത്, സന്തോഷമാണ്, സന്തോഷമാണ് എന്നായിരുന്നു. പക്ഷേ അല്ലാഹുവിന്റെ ഗോപ്യമായ ഹിക്മത്ത് അവരെ തിരിച്ചറിയുന്നതിൽ നിന്നും എന്നെ മാറ്റി നിർത്തി, പക്ഷേ മറ്റേതെങ്കിലും അവസരത്തിൽ കാണിക്കപ്പെടുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. (ഇസാലയെഔഹാം)

**1934–ൽ ആണ് മുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ് (റ), ഖലീഫത്തുൽ മസീഹ് സാനി, തഹ്‌രീക് ജദീദ് ആരംഭിച്ചത്.**



### എന്താണ് തഹ്‌രീക് ജദീദ്?

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു:

“എല്ലാ ജനങ്ങളിലേക്കും എത്തുന്നതിന് നമുക്ക് ആളുകളും, രൂപയും, ഉറച്ചതീരുമാനവും, .... ദു:ആകളും ആവശ്യമാണ്. ഇക്കാര്യങ്ങളുടെ സമ്മളിത രൂപത്തിന്റെ പേരാണ് തഹ്‌രീക് ജദീദ്.”

(മുത്ത്വാലിബാത്ത്, പേജ് :2).

### നവലോക ക്രമം

“തഹ്‌രീക് ജദീദിൽ ഭാഗഭാക്കാവുന്നവർ ‘വസിയ്യത്ത്’ പദ്ധതിയെ വിശാലമാക്കുന്നതിന് സഹായിക്കുന്നവരാണ്. വസിയ്യത്ത് പദ്ധതിയെ വിശാലമാക്കുന്നവർ നവലോകക്രമത്തിന്റെ നിർമ്മാണത്തിൽ സഹായിക്കുന്നവരാണ്.” (നിസാമെ നൗ)

### ദൈവികസംവിധാനം

ഹ. മുസ്‌ലിഹ് മൗഊദ് (റ)

“തഹ്‌രീക് ജദീദ് എന്റെ ഭാഗത്ത് നിന്നുള്ളതാണെന്ന് കരുതേണ്ടതില്ല. അല്ല, അതിന്റെ ഓരോ വാക്കും വിശുദ്ധഖുർആനിൽ നിന്ന് സ്ഥാപിക്കാൻ കഴിയും. ഓരോ കൽപനയും നബി (സ)ന്റെ നിർദ്ദേശങ്ങളിൽ നിന്ന് കാണിക്കാൻ സാധിക്കും.” (ഖുത്ബ 13.12.1935).

### തഹ്‌രീക് ജദീദിന്റെ സൈന്യം

“മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ തഹ്‌രീക് ജദീദിന്റെ സൈന്യമാണ്. കൂടുതൽ കൂടുതൽ പേർ ഈ സൈന്യത്തിൽ ചേരുമെന്നും, തങ്ങളുടെ കർമ്മപരമായ പ്രയത്നത്തിലൂടെ സ്വന്തം ഉത്തരവാദിത്വത്തിൽ മനസ്സിലാക്കിയവരാണെന്ന് തെളിയിക്കാമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.” (ഖുത്ബ 8.11.1938)

### തഹ്‌രീക് ജദീദ്

- അഹ്‌മദിയ്യത്തിന്റെ ആഗോള വിജയത്തിനുള്ള ജാമ്യം.
- നിലനിൽക്കുന്ന സദ്ഖയുടെ പ്രതിഫലം നേടിത്തരുന്നു.
- ദൈവിക സാമിപ്യം കരഗതമാക്കാനുള്ള മാർഗം.
- നിരീശ്വരത്വത്തിന് മേൽ വിജയം വരിക്കാനുള്ള മാർഗം.
- ബദ്റിലെ സ്വഹാബാക്കളുടെ പ്രതിഫലത്തിന് അർഹരാകുന്നു.
- വസിയ്യത്ത് പദ്ധതിയെ വിശാലമാക്കാനുള്ള മാർഗം.
- നവലോകക്രമത്തിന് വഴിയൊരുക്കുന്നു.
- രാജാധിപത്യത്തിന്റെ സുവാർത്ത.
- ഹ. മസീഹ് മൗഊദ്(അ)ന്റെ സാമിപ്യത്തിനുള്ള മാർഗം.
- ഐഛിക ചന്ദകളുടെ മാതാവ്.

# തഹ്‌രീക് ജദീദ് പശ്ചാത്തലം

• 1930 കളുടെ മധ്യത്തിൽ ജമാഅത്തിനെതിരിൽ അഹ്‌റാർ പാർട്ടിയും, ചില മുസ്‌ലിംകളും, സർക്കാറിന്റെ ഒത്താശയോടെ പദ്ധതികൾ ആവിഷ്കരിക്കുകയായിരുന്നു.ഇതിനിടയിൽ ഖാൻ ബഹദൂർ മിയാൻ സർ ഫദ്ൽ ഹുസയ്ൻ വൈസ്രോയി കൗൺസിലിൽ കാലാവധി പൂർത്തിയാക്കി പിരിഞ്ഞപ്പോൾ ഹ.സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബാണ് അംഗമായത്. അതേതുടർന്ന് അഹ്മദികൾക്കെതിരിൽ കുഫ്ർ ഫത്‌വകളും ചൗധരി സാഹിബിനെ ഒഴിവാക്കാനുള്ള ആവശ്യവുമുയർന്നു.

• 1934 ആദ്യത്തിൽ അഹ്‌റാറികൾ ഖാദിയാനിൽ ഓഫീസ് തുറന്നു.

• 1934 ഒക്ടോബറിൽ അഹ്‌റാറികൾ ഖാദിയാനിൽ സമ്മേളനം നടത്തി.

• അതിൽ അവരുടെ നേതാവ് അമീർ ശരീഅത്ത് അത്വാഉല്ലാഹ് ശാഹ് ബുഖാരി അഹ്മദികളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: അല്ലയോ മസീഹിന്റെ കുഞ്ഞാടുകളേ, നിങ്ങൾക്ക് ആരുമായും എതിരിടേണ്ടിവന്നിട്ടില്ല. ഇത് മജ്‌ലിസ് അഹ്‌റാറാണ്. അത് നിങ്ങളെ തുണ്ടം തുണ്ടമാക്കുന്നതാണ്.


• ഖാദിയാനിലെ മിനാരത്തുൽ മസീഹ് തച്ചുടച്ച് അതിന്റെ ഇഷ്ടികകൾ ബിയാസ് നദിയിലെറിയുമെന്നും ഹ.മസീഹ് മൗഊദ്(അ) ന്റെ ഖബർ പൊളിക്കുമെന്നും വീരവാദം മുഴക്കിയിരുന്നു.

• ഇതിനിടെ ഹ.ഖലീഫത്തുൽ മസീഹ് സാനി(റ)നെ അറിയിക്കാതെ ജമാഅത്തിന്റെ ഒരു കേന്ദ്ര ഉദ്യോഗസ്ഥൻ സമീപ ജമാഅത്തുകളോട് ജാഗരൂഗരായിരിക്കാൻ ആവശ്യപ്പെട്ടു.

• ഇതറിഞ്ഞ ഹുസൂർ അദ്ദേഹത്തെ ശാസിക്കുകയും, സർക്കാറിന്റെ ഭാഗത്ത് നിന്നുള്ള ഉറപ്പുകളെ കുറിച്ച് ആശങ്കപ്പെടുന്നത് ശരിയല്ലെന്നും പറയുകയുണ്ടായി.

• ഏതായാലും ഇതിന്റെ പേരിലും ജമാഅത്തിനെ ബുദ്ധിമുട്ടിക്കാൻ തത്പരകക്ഷികൾ ശ്രമിച്ചിരുന്നു.


മുഹമ്മദ് സഫറുല്ലാഹ് ഖാൻ


അത്വാഉല്ലാഹ് ശാഹ് ബുഖാരി


മൗലാനാ സഫറലിഖാൻ

• ഹുസൂർ(റ) അഹ്‌റാറികളെക്കുറിച്ച് പറഞ്ഞത്, ഞാൻ അഹ്‌റാറിന്റെ കാലിൻ ചുവട്ടിൽ നിന്ന് മണ്ണ് നീങ്ങിപ്പോകുന്നതായി കാണുന്നുവെന്നായിരുന്നു.


• മാത്രമല്ല ആഗോളതലത്തിൽ ജമാഅത്തിനെ പ്രചരിപ്പിക്കാനുള്ള ബൃഹത്പദ്ധതി തഹ്‌രീക് ജദീദ് ആരംഭിച്ചു.

• അഹ്‌രാരി നേതാവ് അത്വാഉല്ലാഹ് ശാഹ് ബുഖാരി ജമാഅത്തിനെ നിന്ദ്യവും നീചവുമായ ഭാഷയിലാണ് വിമർശിച്ചത്.

• അവസാനനാളുകളിൽ തന്നെ കാണാൻ വന്ന ഇംറോസ് പത്രപ്രതിനിധിയോട് തന്റെ നാവിലേക്ക് ചൂണ്ടികൊണ്ട് പറഞ്ഞു: മോനേ, ഈ പട്ടി കുരച്ചുകൊണ്ടിരുന്നത്രയും കാലം ഇന്തോപാക്ക് ഉപഭൂഖണ്ഡത്തിലെ എല്ലാവരും അതിനെ ആഗ്രഹിക്കുന്നവരായിരുന്നു. അത് കുര നിർത്തിയപ്പോൾ എല്ലാവരും എവിടെ പോയി എന്നുപോലും അറിയുന്നില്ല. (ഹയാത്ത് അമീർ ശരീഅത്ത് പേജ്:546)

• മറ്റൊരു നേതാവായിരുന്ന മൗലാനാ സഫറലിഖാൻ രോഗാതുരനായി ജീർണിച്ച് കിടന്നപ്പോൾ, ഹ.മുസ്‌ലിഹ് മൗഊദ്(റ) തന്റെ മകൻ ഹ.ഡോ.മിർസാ മുനവ്വർ അഹ്മദ് സാഹിബ് (റഹ്) അടക്കമുള്ളവരുടെ സേവനം അദ്ദേഹത്തിന്റെ ശുശ്രൂഷക്ക് വിട്ടുകൊടുക്കുകയും, ആ സമയത്തുള്ള മുഴുവൻ ചികിത്സാചെലവും സ്വയം വഹിക്കുകയും ചെയ്തു.

• മറുഭാഗത്ത് തഹ്‌രീക് ജദീദ് പദ്ധതിക്കു കീഴിൽ അഹ്മദിയ്യത്ത് ദിഗന്തങ്ങൾ ഭേദിച്ച് മുന്നേറിക്കൊണ്ടിരിക്കുന്നു.



# ‘മുത്ത്വാലിബാത്ത് തഹ്‌രീക് ജദീദ്’

തഹ്‌രീക് ജദീദിന് വേണ്ടി 27 ആവശ്യങ്ങൾ ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ് (റ) ജമാഅത്തിന് മുന്നിൽ വെച്ചു. അത് ‘മുത്ത്വാലിബാത്ത് തഹ്‌രീക് ജദീദ്’ എന്ന പേരിൽ അറിയപ്പെടുന്നു.

## 1. ലളിത ജീവിതം


‘ഇക്കാലത്ത് സാമ്പത്തിക ത്യാഗം വളരെ അനിവാര്യമാണ്. അതുകൊണ്ട് എല്ലാ സ്ത്രീപുരുഷൻമാരും ലളിതജീവിതം നയിക്കണം. ചിലവുകൾ കുറയ്ക്കുക. അങ്ങിനെ അല്ലാഹുവിൽ നിന്ന് ആഹ്വാനം വരുമ്പോൾ തയ്യാറായിരിക്കണം. നിങ്ങളുടെ കയ്യിൽ സാധനങ്ങൾ ഇല്ലാതെ ത്യാഗത്തിന് നിയ്യത്ത് മാത്രം പ്രയോജനപ്പെടുന്നതല്ല...... ചുരുക്കത്തിൽ സാധനസാമഗ്രികൾ ഇല്ലാതെ, ആഗ്രഹിക്കുന്നെങ്കിലും ത്യാഗം ചെയ്യാൻ കഴിയില്ല. ആയതിനാൽ ഓരോരുത്തരും ലളിത ജീവിതം നയിക്കുകയും സമയമെത്തുമ്പോൾ ദൈവിക സമക്ഷം സമർപ്പിക്കാൻ കഴിയുകയും വേണം.

## 2. അമാനത്ത് ഫണ്ട്

“ജമാഅത്തിലെ ആത്മാർത്ഥ രൂപമെന്ന ഒരു സംഘം തങ്ങളുടെ വരുമാനത്തിന്റെ 1/5 മുതൽ 1/3വരെ ജമാഅത്തീ ആവശ്യങ്ങൾക്ക് വേണ്ടി മൂന്ന് വർഷം ബയ്തുൽമാലിൽ അടക്കേണ്ടതാണ്.
(ഖുത്ബ 23.11.34).

## 3. ശത്രുക്കൾക്ക് മറുപടി

“ശത്രുക്കളെ നേരിടുന്നതും ഇക്കാലത്ത് അനിവാര്യമാണ്. നമുക്കെതിരിൽ അവർ ഇറക്കുന്ന മലീമസമായ പ്രസിദ്ധീകരണങ്ങൾക്ക് മറുപടി കൊടുക്കുകയോ നമ്മുടെ വീക്ഷണഗതി നല്ല രീതിയിൽ ജനങ്ങളിലേക്ക് എത്തിക്കുകയോ വേണ്ടതാണ്”. (ഖുത്ബ 15.11.35)



## 4. വിദേശങ്ങളിൽ തബ്‌ലീഗ്

“മതപ്രസ്ഥാനങ്ങൾ തീർച്ചയായും ഒരു കാലത്ത് ആയുധപുരകളുടെ വേട്ടക്ക് ജയാവാറുണ്ട്. അവർ അക്രമങ്ങളുടെയും അടിച്ചമർത്തലുകളുടെയും വാളിന്റെ നിഴലില്ലാതെ പുരോഗതി പ്രാപിക്കാറില്ല. അതുകൊണ്ട് വിവിധ രാജ്യങ്ങളിൽ അതിന്റെ ശാഖകൾ ഉണ്ടാകണം. ഒരു ഭാഗത്ത് അക്രമണത്തിന്റെയും, അടിച്ചമർത്തലിന്റെയും വിധേയരാവുമ്പോൾ മറുഭാഗത്ത് അവർ സമാധാനത്തോടെ പുരോഗതി പ്രാപിക്കണം. ഈ പ്രസ്ഥാനത്തെ ദേശീയ ആഹ്വാനമായി മനസിലാക്കുന്നവർ ഇക്കാര്യത്തിന് തയ്യാറാകേണ്ടതാണ്. ഈ കാര്യം മനസിലാകാത്തവർ യഥാർത്ഥത്തിൽ ഈ പ്രസ്ഥാനത്തെ മനസിലാക്കിയിട്ടില്ല. ചുരുക്കത്തിൽ അഹ്‌മദിയ്യാപ്രസ്ഥാനം തങ്ങൾ എവിടെയും സുരക്ഷിതമാണെന്ന് കരുതരുത്. അതുകൊണ്ട് തന്നെ മുഴുവൻ രാജ്യങ്ങളിലും സ്ഥലം പിടിക്കാതെ നമുക്ക് വിജയിക്കാൻ സാധ്യമല്ല.

## 5. തബ്‌ലീഗിന്റെ പ്രത്യേക പദ്ധതിയിൽ സാമ്പത്തിക സഹായം

‘ജമാഅത്തിനോട് ത്യാഗത്തെ കുറിച്ചുള്ള അഞ്ചാമത്തെ ആവശ്യം എന്റെ മസ്തിഷ്കത്തിൽ തബ്‌ലീഗിനെ കുറിച്ച് ഒരു സ്കീംമാണ്.... അതിൽ ഭാഗഭാക്കാകാൻ കഴിയുന്നവർ തീർച്ചയായും ഉൾപ്പെടേണ്ടതാണ്. (ഖുത്ബ 23/11/34)

## 6. തബ്‌ലീഗ് സർവേ

‘വഖഫ് ചെയ്തവരിൽ അയ്യായിരം പേരെ, പഞ്ചാബിൽ സൈക്കിളിൽ പര്യടനം നടത്തി, പ്രസ്ഥാനത്തിന്റെ പ്രചാരണത്തിന് സാധ്യമായ കാര്യങ്ങളെകുറിച്ച് വിശദമായ റിപ്പോർട്ട് കേന്ദ്രത്തിലേക്ക് അയക്കാൻ നിർദ്ദേശിക്കുകയാണ്. അതായത്, ഏത് പ്രദേശത്തുള്ള ആളുകളിൽ എത്തരത്തിലുള്ള പ്രതാപം ചെലുത്താൻ കഴിയും? എത്തരത്തിലുള്ള സ്വാധീനമുള്ള ആളുകൾക്ക് തബ്‌ലീഗ് ചെയ്താൽ പ്രചാരണരംഗത്ത് പ്രത്യേകം പിന്തുണ ലഭിക്കും? അഹ്‌മദികൾക്ക് ഏതേതു സ്ഥലങ്ങളിലുള്ള ആളുകളുമായി കുടുംബബന്ധമുണ്ട്? അവിടെ തബ്‌ലീഗ് എങ്ങിനെ ചെയ്യാം.... ?
(ഖുത്ബ 23–11–34)

## 7. അവധി ’വഖ്ഫ്’ ചെയ്യുക

മൂന്ന് മാസത്തെ അവധി ഒന്നിച്ചുള്ളവർ, അല്ലെങ്കിൽ അങ്ങനെ ഒന്നിച്ച് കിട്ടുമെന്നുള്ളവർ പ്രാസ്ഥാനിക സേവനത്തിന് വേണ്ട അവധി വഖ്ഫ്(അർപ്പിക്കുക) ചെയ്യേണ്ടതാണ്...... പിന്നെ നാം ആഗ്രഹിക്കുന്നിടത്തേക്ക് തബ്‌ലീഗിന് അയക്കുന്നതാണ്... അവരെക്കുറിച്ചുള്ള എന്റെ സ്കീം ജമാഅത്ത് ഇല്ലാത്ത ഇടങ്ങളിലേക്ക് അവരെ അയക്കണമെന്നാണ്.... അവരുടെ ജോലിയുടെ ബന്ധങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിലേക്ക് അയക്കുന്നതാണ് .... ചിലവുകൾ സ്വയം വഹിക്കേണ്ടതാണ്. യാത്രാചെലവ് വഹിക്കാൻ സാധ്യമാകുന്ന സ്ഥലങ്ങളിലേക്ക് അയക്കാനും ശ്രദ്ധിക്കുന്നതാണ്. ഒരുപാട് ദൂരെ അയക്കുന്നവർക്ക് യാത്രാചെലവ് സംബന്ധമായി കുറച്ച് ഭാരം ജമാഅത്ത് വഹിക്കുന്നതാണ്. മറ്റ് ചിലവുകൾ (ഭക്ഷണം,വസ്ത്രം മുതലായവ സ്വയം വഹിക്കണം) ആർക്കും ശമ്പളമോ, ചിലവോ നൽകുന്നതല്ല.
(ഖുത്ബ 26–4–1940)

## 8.ജീവിതം വഖ്ഫ് ചെയ്യുക

നിങ്ങളിൽ നിന്ന് ആവശ്യപ്പെടുന്നത് യഥാർത്ഥത്തിൽ ഒറ്റക്ക് ആവശ്യപ്പെടുന്നത്, നിങ്ങളുടെ ജീവനാണ്. നിങ്ങൾ ഈ ആവശ്യം പൂർത്തീകരിച്ചാൽ മാത്രം പോരാ, ഏതുസമയത്തും നിങ്ങളുടെ മസ്തിഷ്കങ്ങളിൽ അത് ഓർമ്മ ഉണ്ടായിരിക്കണം. കാരണം തങ്ങളുടെ ജീവനെ അയഥാർത്ഥ്യമാണെന്ന് കരുതി ദീനിനുവേണ്ടി, അതിനെ ത്യാഗം ചെയ്യാൻ എപ്പോഴും തയ്യാറായിരിക്കാത്തിടത്തോളം നിങ്ങളിൽ ധൈര്യവും ഊർജ്ജവും ഉണ്ടാകുന്നതല്ല (ഖുത്ബ 11-1-35) ദീനിനുവേണ്ടി തന്റെ ജീവിതം അർപ്പിക്കുന്നവർ നിസ്സാരരല്ല. മറിച്ച് അവർ അത്യുന്നതരാണ്. പക്ഷേ ഒരു നിബന്ധന, എല്ലാത്തരം അനാവശ്യങ്ങളിൽ നിന്നും തങ്ങളെ സുരക്ഷിതമാക്കേണ്ടതാണ്. (ഖുത്ബ 20-12-1935)

## 9. വെക്കേഷൻ വഖ്ഫ് ചെയ്യുക

'തങ്ങളുടെ ജീവിതത്തെ ദീനീസേവനത്തിന് സമർപ്പിക്കൂ, വർഷത്തിൽ, ഒരു മാസമോ, രണ്ട് മാസമോ മൂന്ന് മാസമോ തബ്ലീഗിന് വേണ്ടി സമർപ്പിക്കുക. അങ്ങിനെ അവരെ ഒന്ന്, രണ്ട്, മൂന്ന് മാസത്തേക്ക് വിവിധ സ്ഥലങ്ങളിൽ തബ്ലീഗിന് (അയക്കാൻ കഴിയും.... അവധി കിട്ടാവുന്ന ഉദ്യോഗസ്ഥരും,കൃഷിക്കാരും,കച്ചവടക്കാരും, ജോലിക്കാരും ഒന്ന്,രണ്ട്, അല്ലെങ്കിൽ മൂന്ന് മാസം അതായത് സാധ്യമാകുന്നിട ത്തോളം കാലം തബ്ലീഗിന് വേണ്ടി സമർപ്പിക്കാൻ ഞാൻ ആഹ്വാനം നൽകുകയാണ്. (പ്രഭാഷണം 26.12.35)

## 10. പ്രഭാഷണങ്ങൾ ചെയ്യുക

സ്ഥാനവും, അറിവും മറ്റും കാരണം ജനങ്ങൾക്കിടയിൽ സ്ഥാനമുള്ള പ്രഭാഷണം ചെയ്യാൻ കഴിവുള്ളവർ,അതായത്,ഡോക്ടർമാർ,വക്കീൽമാർ, അല്ലെങ്കിൽ അതുപോലെ ഉന്നതമായ ജോലികളോ, ഉദ്യോഗങ്ങളോ ഉള്ളവർ താങ്കളെ സമീപിക്കുകയാണെങ്കിൽ വിവിധസ്ഥലങ്ങളിലെ സമ്മേളനങ്ങളിൽ മുസ്‌ലിമാർക്ക് പുറമെ അവരേയും അയക്കുന്നതും അവരെകൊണ്ട് പ്രഭാഷണങ്ങൾ ചെയ്യിക്കുന്നതുമാണ്. കാരണം പ്രസംഗിക്കുന്നത്, ഡോക്ടറോ, വക്കീലോ മറ്റ് ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥനോ ആണെങ്കിൽ നമ്മുടെ ജമാഅത്തിലെ എല്ലാ വിഭാഗം ആളുകൾക്കും ദീനികാര്യങ്ങളിൽ താൽപര്യമുണ്ടെന്നും, അറിവുണ്ടെന്നും ബോധ്യപ്പെടുന്നതാണ്. (ഖുത്ബ 20.12.1935)

## 11. റിസർവ് ഫണ്ട്

നിലവിലുള്ള അവസ്ഥയും, നമ്മുടെ ചില നിർബന്ധിതാവസ്ഥയും കാരണം നമുക്ക് ഒരു സ്ഥായിയായ 'റിസർവ് ഫണ്ട്' അനിവാര്യമാണ്. അതിന്റെ വരവുകൊണ്ട് സ്ഥിരമായ ചെലവുള്ള ആളുകളും, അത്യാവശ്യഘട്ടങ്ങളിൽ ചന്ദ: ഉപയോഗിക്കുക.

ധാർമികമായും അതായത് ജമാഅത്തിന്റെ ധാർമിക നിലവാരം സംരക്ഷിക്കാനും, പ്രവർത്തനങ്ങളുടെ വ്യാപനത്തിനും ഒരു സ്ഥായിയായ റിസർവ് ഫണ്ട് ഉണ്ടാക്കേത് ആവശ്യമാണ്. തബ്ലീഗീപ്രവർത്തനങ്ങളെ ഏറ്റക്കുറച്ചിലുകളിൽ നിന്ന് സംരക്ഷിക്കാൻ വേണ്ടിയാണ് ഞാൻ റിസർവ് ഫണ്ട് ആരംഭിച്ചത്.

(ഖുത്ബ 17.2.1936)

## 12. പെൻഷനേഴ്സ് വഖഫ് ചെയ്യട്ടെ

'ഒരുപാട് ആളുകൾ പെൻഷൻ വാങ്ങി വീടുകളിൽ ഇരിക്കുന്നവരുണ്ട്. അല്ലാഹു അവർക്ക് ചെറിയ സർക്കാറിൽ നിന്ന് പെൻഷൻ വാങ്ങി വലിയ സർക്കാറിന്റെ ജോലി ചെയ്യാൻ അവസരം നൽകിയിരിക്കുകയാണ്. അതായത് ദീനി സേവനം ചെയ്യുവിൻ.." (ഖുത്ബ 30.11.1934)

## 13. വിദ്യാർത്ഥികളെ കേന്ദ്രത്തിലേക്ക് അയക്കുക

"മറ്റൊരു ആവശ്യം ഖാദിയാനിൽ കുട്ടികളെ പഠനത്തിന് അയക്കണമെന്നതാണ്... പുറത്തുള്ളവർ തങ്ങളുടെ കുട്ടികളെ ഖാദിയാനിലെ ഹൈസ്കൂളിലോ, മദ്രസാ അഹ്മദിയിലോ അയച്ച് പഠിപ്പിക്കേണ്ടതാണ്. പുറത്ത് നിന്ന് വളരെ കുറച്ച് മാത്രം കുട്ടികളെ അയക്കുന്നതായാണ് കണ്ടുവരുന്നത്. .." (ഖുത്ബ 30.11.1934).

## 14. മക്കളുടെ ഭാവിയെക്കുറിച്ച് ജമാഅത്തുമായി കൂടിയാലോചിക്കുക

"സാമ്പത്തിക ശേഷിയുള്ള ചിലർ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നൽകാൻ ആഗ്രഹിക്കുന്നുണ്ട്. ഞാൻ അവരോട് പറയുകയാണ്, കുട്ടികളുടെ ആഗ്രഹവും, അഭിരുചിയും അനുസരിച്ച് തീരുമാനിക്കുകയോ, നിങ്ങൾ സ്വയം തീരുമാനിക്കുകയോ ചെയ്യുന്നതിന് പകരം തങ്ങളുടെ മക്കളുടെ ഭാവി ജമാഅത്തിന് വേണ്ടി സമർപ്പിക്കുവിൻ".. (ഖുത്ബ 30.11.1934).

## 15. തൊഴിൽരഹിതർ, സ്വയം സമ്പാദിക്കുകയും ഭക്ഷിക്കുകയും തബ്ലീഗ് ചെയ്യുകയും വേണം

'15-ാം മത്തെ ആവശ്യം, ജമാഅത്തിനോട് അല്ല, ജമാഅത്തിലെ യുവാക്കളോടാണ്.. ജോലിയില്ലാതെ വീടുകളിൽ ഇരുന്ന് ഭക്ഷിക്കുകയും, മാതാപിതാക്കളെ കടക്കാരാക്കുകയും ചെയ്യുന്നവർ തങ്ങളുടെ നാട് ഉപേക്ഷിച്ച് പുറത്തേക്ക് പോകാൻ തയ്യാറാവേണ്ടതാണ്.

## 16. സ്വന്തം കൈകൊണ്ട് ജോലി ചെയ്യുക

"ജമാഅത്തിലുള്ളവർ, സ്വന്തം കൈകൊണ്ട് ജോലിചെയ്യാനുള്ള സ്വഭാവം ഉണ്ടാക്കണം. ലളിതഭക്ഷണം കഴിക്കുകയും ലളിതവസ്ത്രം ധരിക്കുകയും ദീനി ഖിദ്മത്തിന് തങ്ങളെ സമർപ്പിക്കുകയും വേണം. ഒരു അഹ്മദിയും വെറുതേ ഇരിക്കരുത്. ആർക്കെങ്കിലും അടിച്ചുവാരാനുള്ള ജോലിയാണ് കിട്ടുന്നതെങ്കിലും അതുചെയ്യണം. അതിലും നന്മയുണ്ട്. എന്തെങ്കിലുമൊക്കെ പ്രവർത്തനം ചെയ്യണം".(ഖുത്ബ 29.11.35)

## 17. അലസരായിരിക്കരുത്, ഏത് ജോലിയും ചെയ്യണം

അലസരായിരിക്കരുതെന്നും, ജോലി ചെയ്യണമെന്നും ഞാൻ പറഞ്ഞതാണ്.. ഞാൻ ജമാഅത്തിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്, ഏതുവരെ നിങ്ങൾ രാപ്പകൽ ഒന്നാക്കി പ്രവർത്തിക്കുന്നില്ലയോ അത് വരെ തഹ്‌രീക് ജദീദിന് നിങ്ങളെ വിജയിപ്പിക്കാൻ സാധ്യമല്ല.. ഞാൻ ഉപദേശിക്കുകയാണ്, നിങ്ങൾ അധ്വാനിക്കുവിൻ, വെറുതെ ഇരിക്കുന്ന ശീലം ഒഴിവാക്കുവിൻ, അനാവശ്യസദസ്സുകൾ കൂടി സംസാരിച്ചുകൊണ്ടിരിക്കുന്നതും ഉപേക്ഷിക്കുവിൻ". (ഖുത്ബ 22.2.1937)

## 18. ഖാദിയാനിൽ വീടുണ്ടാക്കുക

''പുറത്തുള്ളവർ ഖാദിയാനിൽ വീടുണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. ഖാദിയാനിൽ അഹ്മദികൾ വർദ്ധിക്കുന്നതിനനുസരിച്ച് നമ്മുടെ കേന്ദ്രം പുരോഗതി പ്രാപിക്കുന്നതാണ്. മാത്രമല്ല അന്യരായിട്ടുള്ളവർ സ്വയം കുറഞ്ഞുപോകുന്നതുമാണ്. ഖാദിയാനിൽ ഉണ്ടാക്കുന്ന ഓരോ പുതിയ കെട്ടിടവും അഹ്മദിയ്യത്തിനെ ശക്തമാക്കുന്നതാണ്. നിങ്ങൾ ഖാദിയാനിൽ വീടുണ്ടാക്കുമ്പോൾ, നിങ്ങളുടെ സ്വത്ത് മാത്രമല്ല ഉണ്ടാക്കുന്നത്, മറിച്ച് അല്ലാഹുവിന്റെ സ്വത്തു വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. നിങ്ങൾ വീടുണ്ടാക്കാൻ ഉപയോഗിക്കുന്ന ഓരോ ഇഷ്ടികയും കെട്ടിടത്തെ മാത്രമല്ല ബലവത്താക്കുന്നത് മറിച്ച്, അഹ്മദിയ്യത്തിനെയും ഇസ്‌ലാമിനെയും ശക്തമാക്കുകയാണ് ചെയ്യുന്നത്." (ഖുത്ബ 10.1.1936).

## 19. ദു:ആ

ഇനി ഒരു കാര്യമുള്ളത് എല്ലാവർക്കും ബാധകമാണ്. സാധുക്കൾക്ക് ഇതിൽ അധികമായി ഭാഗഭാക്കാകാൻ കഴിയും. ഭൗതികകാര്യങ്ങൾ എത്ര ചെയ്താലും അതൊക്കെ ഭൗതികകാര്യങ്ങൾ തന്നെയാണെല്ലോ. നമ്മുടെ പുരോഗതിയുടെ അടിത്തറ ഇവയിലല്ല. മറിച്ച് നമ്മുടെ പുരോഗതി ദൈവിക സാമഗ്രികൾ കൊണ്ടാണ് ഉണ്ടാവുക. ഈ കാര്യം ഏറ്റവും പ്രധാനപ്പെട്ടതാണ്. പക്ഷേ ഞാൻ അതിനെ ഏറ്റവും അവസാനമാണ് വെച്ചിട്ടുള്ളത്. അത് ദു:ആയാണ്. ഞാൻ ആവശ്യപ്പെട്ടവയിൽ ഭാഗഭാക്കാകാൻ കഴിയാത്തവർ, അതനുസരിച്ച് പ്രവർത്തിക്കാൻ കഴിയാത്തവർ പ്രത്യേകമായും ദു:ആ ചെയ്യേണ്ടതാണ്. പ്രവർത്തിക്കുന്നവർക്ക് അല്ലാഹു അതിന് തൗഫീക്ക് നൽകാനും, അവരുടെ പ്രവർത്തനങ്ങളിൽ അനുഗ്രഹമുണ്ടാകാനും ദു:ആ ചെയ്യുക... ഇതിൽ എല്ലാവർക്കും ഒരുപോലെ ഭാഗഭാക്കാകാൻ കഴിയുന്നതാണ്. അത് ഏറ്റവും ഉന്നതവും, പ്രധാനപ്പെട്ടതും അനിവാര്യവുമായ സംഗതിയാണ്. '' (ഖുത്ബ 30.11.1934).

## 20. ഇസ്ലാമിക സംസ്കാരം

"എല്ലാ സ്ഥലങ്ങളിലെ ആളുകളെ ഒരുമിച്ചുകൂട്ടി തങ്ങൾ ഇസ്ലാമിക സംസ്കാരവും അധ്യാപനങ്ങളുമനുസരിച്ച് ജീവിതം കഴിച്ചു കൂട്ടാമെന്നും, ദീനിനെ ജീവിപ്പിക്കാനും, ശരീഅത്തിനെ സ്ഥാപിക്കാനും തങ്ങളുടെ അടിത്തറ ശക്തമാക്കാമെന്നും ശപഥം ചെയ്യുന്നതാണ്. അങ്ങിനെ ഇസ്ലാം സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന സംസ്കാരം അതിന്റെ സ്ഥാപനത്തിനാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആഗതരായത്. അത് എത്രയും വേഗം സ്ഥാപിതമാകുമാറാകട്ടെ".

(ഖുത്ബ 14.1.1938).

## 21. സാമുദായിക വിശ്വസ്തത

'ധാർമിക അടിസ്ഥാന സത്യങ്ങൾ നാലാണ്. വിശ്വസ്തത, സത്യസന്ധത, പരിശ്രമം, ത്യാഗം ഈ നാല് കാര്യങ്ങൾ തങ്ങൾക്കുള്ളിൽ ഉണ്ടാക്കിയാൽ തീർച്ചയായും നിങ്ങൾ വിജയിക്കുന്നതാണ്".

## 22.സ്ത്രീകളുടെ അവകാശ സംരക്ഷണം

സ്ത്രീകളുടെ അവകാശങ്ങൾ കൃത്യമായി നൽകുക. അവരെ നല്ല പോലെ ശ്രദ്ധിക്കേണ്ടതുമാണ്. പ്രത്യേകിച്ചും ഒന്നിലധികം ഭാര്യമാർ ഉള്ളവർ അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ രണ്ടാമത് വിവാഹം കഴിക്കാതിരിക്കുക. അഥവാ കഴിച്ചിട്ടുണ്ടെങ്കിൽ പൂർണ്ണമായും നീതി പുലർത്തേണ്ടതുമാണ്.

(ഈദ് ഖുത്ബ 9.1.1941).

## 23. വഴി വൃത്തിയാക്കുക

"തങ്ങളുടെ കൈകൊണ്ട് വഴികൾ വിശാലവും നേരെയും ആക്കുക. ഉയർച്ചയും താഴ്ചയും നിരപ്പാക്കുക. മാലിന്യങ്ങൾ മാറ്റുക. അങ്ങിനെ അത് അഹ്മദിയ്യാ ജമാഅത്തിന്റെ ഏരിയ, പ്രദേശമാണെന്ന് കാണുന്നവർക്ക് ബോധ്യപ്പെടണം".

## 24. ദാറുൽ ഖളാ

"കോടതികളിൽ പോകേണ്ടത് അനിവാര്യമാണെന്ന് നിയമം അനുശാസിക്കാത്ത എല്ലാ കേസുകളും ശരീഅത്ത് അനുസരിച്ച് തീർപ്പാക്കേണ്ടതാണ്. അതിന് ജമാഅത്തുകളിൽ ഖളാ ബോർഡുകൾ ഉണ്ടാക്കണം".

## 25. മക്കളെ ത്യജിക്കുക

"തലമുറകൾ വർദ്ധിക്കണമെന്നും, പരക്കണമെന്നും, അന്തസ്സ് ആർജിക്കണമെന്നും ആഗ്രഹിക്കുന്നുവെങ്കിൽ അതിനുള്ള മാർഗം തങ്ങളുടെ മക്കളെ ദീനീ മാർഗത്തിൽ ത്യജിക്കുകയാണ്. ഈ സൂത്രത്തിൽ നിന്നും സഹോദരങ്ങൾ പ്രയോജനമെടുക്കേണ്ടതാണ്. തങ്ങളുടെ തലമുറകൾ ലോകത്ത് ആധിപത്യം സ്ഥാപിക്കണമെന്നും, ആയിരക്കണക്കിന് വർഷം തങ്ങളുടെ നാമം അന്തസ്സോടു കൂടി നിലനിൽക്കണമെന്നും ആഗ്രഹിക്കുന്നുവെങ്കിൽ ഇബ്റാഹീമി മാതൃകയിൽ പ്രവർത്തിക്കേണ്ടതുമാണ്. "

## 26. വഖ്ഫ് ചെയ്യുക

അല്ലാഹു ഇസ്ലാമിന്റെ വിജയത്തിന് ഒരു പുതിയ അടിത്തറ ഇട്ടിരിക്കുന്നു. തീർച്ചയായും അതിന്റെ അർഥം അല്ലാഹു ഇസ്ലാമിന്റെയും അഹ്മദിയ്യത്തിന്റെയും പ്രചാരണത്തിന് വേണ്ടി നമ്മിൽ നിന്ന് പുതിയ ത്യാഗങ്ങൾ ആവശ്യപ്പെടാൻ പോകുന്നുവെന്നാണ്... നമ്മുടെ ജമാഅത്തിന് ചന്ദ നൽകണം, ഒരുപാട് നൽകുന്നു, ത്യാഗം ചെയ്യുന്നു. ധാരാളം ത്യാഗം ചെയ്യുന്നു. പക്ഷേ ഈ ത്യാഗങ്ങൾ ഇസ്ലാമിക പ്രചാരണത്തിന് മതിയാകുന്നതല്ല. അതുകൊണ്ട്, ഞാൻ നിർദ്ദേശിക്കുന്നത്, ഈ നിർദ്ദേശത്തിൽ ഞാൻ എന്നെയാണ് ആദ്യം ഉൾപ്പെടുത്തുന്നത്, നമ്മളിൽ കുറച്ചുപേർ, നമ്മുടെ സ്വത്ത് ദീനിനുവേണ്ടി വഖ്ഫ് ചെയ്യണം. അതായത്, ജമാഅത്ത് ആവശ്യപ്പെടുമ്പോൾ, തങ്ങളുടെ സ്വത്ത് ഇസ്ലാമിക പ്രചാരണത്തിന് സമർപ്പിക്കാൻ ഒരിക്കലും ഉപേക്ഷ കാണിക്കുന്നതല്ല". (ഖുത്ബ 10.3.1944)

## 27. ഹലഫുൽ ഫുദൂൽ

ഇത് ഇക്കാലഘട്ടത്തിൽ പ്രധാനപ്പെട്ട നന്മയാണ്. ധനികരായ ആളുകൾ, ദരിദ്രരെ കൊള്ളയടിക്കുകയും, അതിൽ ആനന്ദം അനുഭവിക്കുകയും ചെയ്യുന്നത് നാം കാണുന്നു ... നിങ്ങൾ ശപഥം ചെയ്യണം, ഞങ്ങൾ ആരുടെയും അവകാശം ധ്വംസിക്കുന്നതല്ല, ആരുടെയെങ്കിലും അവകാശം ധ്വംസിക്കുന്നുവെന്നറിഞ്ഞാൽ അവിടെ എത്തി പറഞ്ഞാലും ഇല്ലെങ്കിലും അതിൽ ഇടപെടുന്നതാണ്..

(ഖുത്ബ 14.7.1944).

## ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പറയുന്നു.

ഇത് ഞാൻ ആരംഭിച്ച പദ്ധതിയല്ല. ഇത് ദൈവിക കരങ്ങളാൽ തുടങ്ങിയതാണ്.

ലോകത്തിന്റെ എല്ലാ കോണുകളിലും ദൈവിക സന്ദേശത്തെ പ്രചരിപ്പിക്കാൻ ആവശ്യമായ ധനം സംഭരിക്കലാണ് ഇതിന്റെ പ്രവർത്തനോദ്ദേശ്യം.

ഓരോ വ്യക്തിയും തന്റെ ജീവിതം ഇസ്ലാമിക പ്രബോധനത്തിനായി സമർപ്പിക്കാൻ ഇത് നിമിത്തമായി.ഈ പദ്ധതിയെ കാര്യക്ഷമതയോടെ ഉത്സാഹപൂർവ്വം പരിരക്ഷിക്കാൻ ജമാഅത്തിലെ ഓരോ വ്യക്തിയും ധൈര്യപൂർവ്വം മുന്നേറേണ്ടതാണ്. (ഖുതുബ 1942 നവംബർ 27). അന്ന് മുതൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിന് പുറത്ത് ലോകം മുഴുവൻ യഥാർത്ഥ ഇസ്ലാമിക അധ്യാപനങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരു ദിവസത്തെ വരുമാനത്തിന്റെ 1/4 ഇതിന്നായി നീക്കിവെക്കുകയും സ്വയം സമർപ്പണം നടത്തുകയും ചെയ്ത് ഈ അനുഗ്രഹീത പദ്ധതിയിൽ പങ്കാളികളായിക്കഴിഞ്ഞാൽ നിങ്ങൾ ഭൂമിയുടെ ഏതറ്റത്തായാലും ദൈവികാനുഗ്രഹത്തിൽ നിന്ന് അകറ്റപ്പെടുകയില്ല.







# തഹ്‌രീക് ജദീദ് ചന്ദ എപ്പോൾ, എങ്ങനെ?

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)

നവംബർ മുതൽ ഒക്ടോബർ വരെയാണ് തഹ്‌രീക് ജദീദ് സാമ്പത്തിക വർഷം

**• ഭാരവാഹികൾ ശ്രദ്ധിക്കുക.**

ഇനിയും തഹ്‌രീക് ജദീദ് ചന്ദ കൊടുക്കാത്തവരെ എത്രയും വേഗം അത് കൊടുക്കാൻ ഞാൻ ഓർമപ്പെടുത്തുകയാണ്..... തഹ്‌രീക് ജദീദ് പ്രവർത്തകരും, അമീർമാരും പ്രസിഡന്റുമാരും കുടിശ്ശിക തീർക്കാനും വാഗ്ദാനം പൂർത്തീകരിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഖുത്ബ 8.11.1940)

**• ജമാഅത്തുകൾ ശ്രദ്ധിക്കുക.**

ഓരോ മുഅ്മിനും, കഴിഞ്ഞ വർഷത്തേക്കാളും, അരപൈസയോ ഒരു പൈസയോ രണ്ട് പൈസയോ ഒരു അണയോ രണ്ട് അണയോ, അല്ലെങ്കിൽ അതിനേക്കാൾ വലിയ തുകയോ തങ്ങളുടെ സൗഭാഗ്യമനുസരിച്ച് വർദ്ധിപ്പിക്കേണ്ടതാണ്. അങ്ങിനെ സാബിഖൂനി(മുൻകടന്നവർ)-ൽ ഉൾപ്പെടുന്നതാണ്. അതിന്റെ ഒരേ ശ്രേണിയും കൂടുതൽ നന്നായിരിക്കണം. സാബിഖൂനിൽ ഉൾപ്പെടാൻ മറ്റൊരു മാർഗം കൂടിയുണ്ട്. ഇസ്‌ലാമിക അധ്യാപനങ്ങളിൽ നിന്ന് മനസിലാവുന്നത് മനുഷ്യജീവിതത്തിൽ രണ്ട് ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നുവെന്നാണ്. ഒന്ന് വ്യക്തിജീവിതമാണ്. രണ്ടാമത്തേത് ജമാഅത്തിയായ ജീവിതമാണ്. ചുരുക്കത്തിൽ എന്റെ വീക്ഷണത്തിൽ, മുൻ വർഷങ്ങളേക്കാളും അടുത്തവർഷം ചന്ദഃ കൂടുതൽ കൊടുക്കാൻ വ്യക്തികൾ മാത്രമല്ല, ജമാഅത്തിനും ബോധം വേണം. അതായത് അവരുടെ വാഗ്ദാനം ചെയ്ത ലിസ്റ്റിലെ അംഗങ്ങളും, വാഗ്ദാനങ്ങളും മുൻ വർഷത്തേക്കാളും കൂടുതലായിരിക്കണം.

(ഖുത്ബ 29 11/1940)

**• ആവശ്യപ്പെടാതെ നൽകുക**

ചന്ദ കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തവർ, യാതൊരു ആഹ്വാനവും കൂടാതെ തങ്ങളുടെ വാഗ്ദാനം പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഖുത്ബ 29.11.1940)



**• കുടിശ്ശിക വേഗം തീർക്കുക**

ഈ പദ്ധതിയിൽ ഭാഗഭാക്കാകുന്നത് സ്വയം സന്തോഷത്തോടെയാണ്. പക്ഷേ ഐച്ഛിക ചന്ദയിൽ തന്റെ ഇഷ്ടവും സന്തോഷവും പ്രകാരം വാഗ്ദാനം എഴുതിക്കുകയും പക്ഷേ പൂർത്തിയാക്കാതിരിക്കുകയും ചെയ്യുന്നത് വളരെ ലജ്ജാകരമാണ്.... എത്രയും വേഗം കുടിശ്ശികകൾ തീർക്കാൻ ഓർമപ്പെടുത്തുകയാണ്. കാരണം പ്രതിഫലം നേടുന്നതിനുപകരം ശിക്ഷ കിട്ടാൻ ഇടവരരുത്. (ഖുത്ബ 29.11.40)

**• വരുമാനത്തിനുസരിച്ച് ചന്ദ കൊടുക്കുക**

ചിലർ തഹ്‌രീക് ജദീദിൽ പരമാവധി ത്യാഗം ചെയ്ത് ചന്ദ കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ, പലരും ഈ നിലക്ക് ത്യാഗം ചെയ്യുന്നവരല്ല. മാത്രമല്ല പല ആളുകളും തങ്ങളുടെ വരുമാനമനുസരിച്ച് വാഗ്ദാനം നൽകുന്നില്ല. ആയതിനാൽ തങ്ങളുടെവരുമാനമനുസരിച്ച് അല്ലെങ്കിൽ ത്യാഗത്തിന്റെ പരിധി വരെ വാഗ്ദാനം നൽകേണ്ടതാണ്.

(ഖുത്ബ 4.12.42)

**• മക്കൾ ശ്രദ്ധിക്കുക**

ഒരിക്കൽ സത്യദീനിനുവേണ്ടി മാതൃകാപരമായ സേവനം ചെയ്തിട്ടുള്ളവരുടെ പേരുകൾ ഖിയാമത്തു വരെ മാഞ്ഞ് പോകരുത്. അവർക്ക് വേണ്ടി അവരുടെ മക്കൾ എപ്പോഴും ഈ ചന്ദ കൊടുത്തുകൊണ്ടിരിക്കണം. (ഹ. ഖലീഫത്തുൽ മസീഹ് IV (റഹ്) - അൽഫദ്ൽ 2.12.82)

തഹ്‌രീക് ജദീദിന്റെ ആദ്യകാലത്ത് ത്യാഗങ്ങൾ ചെയ്തവരുടെ ലഡ്ജറുകൾ ഖിയാമത്തു വരെ ജീവസ്സുറ്റതായി നിലനിർത്തണം. എപ്പോഴും ജീവനുള്ളതായിരിക്കണം. അവരുടെ മക്കൾ ഈ കർത്തവ്യം ഏറ്റെടുക്കേണ്ടതാണ്. (ഹ. ഖലീഫത്തുൽ മസീഹ് V ഖുത്ബ 5.11.2004)

# റമദാനിലെ ദുഃആയും തഹ്‌രീക് ജദീദ് ചന്ദയും

നബിതിരുമേനി(സ) റമദാൻ മാസത്തിൽ മറ്റു സമയങ്ങളേക്കാൾ അധികം ദാനധർമങ്ങൾ ചെയ്യുമായിരുന്നു. എത്രത്തോളമെന്നാൽ നിവേദനങ്ങളിൽ കാണപ്പെടുന്നത് നബി(സ) കൊടുങ്കാറ്റ് കണക്കെ ധനത്യാഗം ചെയ്തിരുന്നുവെന്നാണ്. ഈ സുന്നത്തിനെ സജീവമാക്കികൊണ്ട് ആഗോളതലത്തിൽ ഇസ്‌ലാമിക പ്രചാരണ പ്രവർത്തനങ്ങൾക്കുള്ള തഹ്‌രീക് ജദീദ് ചന്ദയും ഗ്രാമീണതലത്തിലുള്ള ശിക്ഷണപ്രവർത്തനങ്ങൾക്കുള്ള വഖ്ഫ് ജദീദ് ചന്ദയും കൊടുത്തുതീർക്കുന്നവരുടെ പേരുകൾ റമദാനിലെ പ്രത്യേക ദുആയിൽ ഉൾപ്പെടുത്താൻ ഖലീഫ തിരുമനസ്സിന്റെ സവിധത്തിലേക്കയക്കുന്നു.

# ഖുദ്ദാമുൽ അഹ്മദിയ്യാ തഹ്‌രീകെ ജദീദ് സൈന്യം

ഖാദിംകളോട്

ഹദ്റത് മുസ്ലിഹ് മൗഊദ്(റ)




ഞാൻ ഖുദ്ദാമുൽ അഹ്മദിയ്യായയുടെ മുന്നിൽ ഒരു പ്രോഗ്രാം സമർപ്പിച്ചിരുന്നു. ഞാൻ പറഞ്ഞ കാര്യങ്ങൾ എപ്പോഴും ഓർത്തിരിക്കണമെന്ന് ഓർമിപ്പിക്കുകയാണ്. എപ്പോഴും സമുദായത്തിനും രാജ്യത്തിനും സേവനം ചെയ്യാൻ താങ്ങളെ സജ്ജമാക്കിവെക്കുക. ലോകത്ത് മഹത്തായ ഒരു വിപ്ലവം സംജാതമാക്കാൻ പോകുന്ന സമയം വളരെ സമീപസ്ഥമാണ്. യാഥാർത്ഥത്തിൽ ഇത് (തഹ്‌രീകെ ജദീദ്) താത്കാലികമായി എന്റെ ഹൃദയത്തിൽ ഉത്ഭവിച്ച ഒരു പദ്ധതിയായിരുന്നു. ഞാൻ ഈ പദ്ധതിയെ കുറിച്ച് വിളംബരം ചെയ്ത സമയത്ത് ഇതിന്റെ പല ഹിക്മത്തുകളും എനിക്ക് പോലും അറിയില്ലായിരുന്നു. എന്നാൽ വ്യക്തമായൊരു ഉദ്ദേശ്യത്തോടും തീരുമാനത്തോടും കൂടിയാണ് ഞാൻ ഈ പദ്ധതി ജമാഅത്തിന് മുമ്പിൽ സമർപ്പിച്ചത്. ചിലർ നിന്ദിക്കുകയും അങ്ങനെ ജമാഅത്തിന്റെ അഭിമാനത്തിന് ക്ഷതമേൽപ്പിക്കാൻ ശ്രമിക്കുകയും ചെയ്ത്കൊണ്ടിരുന്നു. ജമാഅത്തിന്റെ അഭിമാനത്തെ അപകടത്തിലാക്കാൻ ശ്രമിച്ചപ്പോൾ അതിൽ നിന്ന് ജമാഅത്തിനെ രക്ഷപ്പെടുത്താൻ ഞാൻ ആഗ്രഹിച്ചു. റൂഹുൽ ഖുദുസ് എന്റെ ഹൃദയത്തിൽ ഇറങ്ങുകയും എന്റെ ചിന്തയെ സ്വാധീനിക്കുകയും ചെയ്തു. അത് എന്നെ പൂർണ്ണമായും വലയം ചെയ്തതായി അനുഭവപ്പെട്ടു. അങ്ങനെ ലോകത്ത് വിപ്ലവമുണ്ടാക്കാൻ ഉതകുന്ന ഒരു പദ്ധതി എന്റെ ഹൃദയത്തിൽ ഇടുകയുണ്ടായി. തഹ്‌രീകെ ജദീദ് വിളംബരത്തിന് മുമ്പുള്ള എന്റെ ജീവിതവും ശേഷമുള്ള ജീവിതവും തമ്മിൽ ആകാശഭൂമികളുടെ അന്തരമുള്ളതായി ഞാൻ മനസ്സിലാക്കുന്നു. വിശുദ്ധ ഖുർആന്റെ സൂക്ഷ്മജ്ഞാനങ്ങൾ നേരത്തെയും എനിക്ക് വെളിപ്പെട്ടിരുന്നു. ഇപ്പോഴും വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. നേരത്തെ ഇന്ന ഇന്ന രീതിയിലായിരിക്കും നമ്മുടെ ജമാഅത്തിന് പുരോഗതിയുണ്ടാവുക എന്ന് മുൻകൂട്ടി പറയാൻ എനിക്ക് സാധിക്കുമായിരുന്നില്ല. എന്നാൽ ഇപ്പോൾ എന്റെ അവസ്ഥ കെട്ടിടം നിർമ്മിക്കുന്ന എൻജിനീയറെ പോലെയാണ്. കെട്ടിടം എപ്പോൾ പൂർത്തിയാകും അതുപോലെ ലോകത്ത് ഇസ്‌ലാമിന് വിജയമുണ്ടാവാൻ പോകുന്ന സ്ഥലങ്ങൾ അതിനിടയിലുണ്ടാവുന്ന ബുദ്ധിമുട്ടുകൾ എല്ലാം വളരെ വിശദമായി എന്റെ മുൻപിലുണ്ട്. ശത്രുക്കളുടെ വിവിധ തന്ത്രങ്ങളുടെ മുഖംമൂടി എനിക്ക് മുമ്പിൽ തുറക്കപ്പെട്ടിരിക്കുന്നു. അവരുടെ കുൽസിത ശ്രമങ്ങളെ കുറിച്ചുള്ള അറിവ് എനിക്കുണ്ട്. ഈ എല്ലാ കാര്യങ്ങളും വളരെ വിശദമായി എന്റെ മുമ്പിൽ വന്നപ്പോഴാണ് ഈ ഫിത്നകളെല്ലാം ഉണ്ടായത് അല്ലാഹുവിന്റെ പ്രത്യേക ഹിക്മത്താണ് എന്ന് ഞാൻ മനസ്സിലാക്കിയത്. അങ്ങനെ ഏതൊരു മഹത്തായ ഉദ്ദേശ്യ ലക്ഷ്യത്തിന് വേണ്ടിയാണോ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ നിയോഗിച്ചിരിക്കുന്നത് അതിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കുന്നതിന് വേണ്ടി, നേരത്തെയും ഞാനീ കാര്യങ്ങളിൽ വിശ്വസിച്ചിരുന്നു, എന്നാൽ ഇപ്പോൾ ഞാൻ വിശ്വസിക്കുക മാത്രമല്ല മറിച്ച് ഇതെല്ലാം ഞാനെന്റെ കൺമുമ്പിൽ കണ്ടുകൊണ്ടിരിക്കുന്നു. ശത്രുക്കൾ ഏതെല്ലാം രീതിയിൽ ജമാഅത്തിനെതിരെ അക്രമങ്ങൾ അഴിച്ച് വിടും, നമ്മുടെ ഭാഗത്ത് നിന്ന് ഈ അക്രമങ്ങൾക്ക് എന്ത് മറുപടിയായിരിക്കും നൽകുക, ഒരോന്നിനേയും കുറിച്ചുള്ള വിശദമായ അറിവ് എനിക്കുണ്ട്. അതിന്റെ ഒരു ഭാഗം ഖുദ്ദാമുൽ അഹ്മദിയ്യയാണ്, യഥാർത്ഥത്തിൽ ഇത് അഹ്മദിയ്യത്തിന്റെ ശത്രുക്കൾക്കെതിരെ യുദ്ധം ചെയ്യേണ്ട സൈന്യമാണ്. അവരുടെ ആത്മീയ ട്രൈയിനിംഗും തർബിയ്യത്തുമാണ്. ഇവരാണ് വിജയശ്രീലാളിതരായിക്കൊണ്ട് അഹ്മദിയ്യത്തിന്റെ പതാകയെ ശത്രുക്കളുടെ നാടുകളിൽ പാറിപറപ്പിക്കേണ്ടവർ.


ഇത് യുവാക്കളുടെ ട്രൈയിനിംഗിന്റെയും തർബിയത്തിന്റെയും കാലഘട്ടമാണ്. ട്രൈയിനിംഗ് കാലയളവ് നിശബ്ദതയുടേതാണ്. ജനങ്ങൾ മനസ്സിലാക്കുന്നത് ഒന്നും തന്നെ നടക്കുന്നില്ലെന്നാണ്. എന്നാൽ സമുദായം തർബിയത്ത് കരസ്ഥമാക്കി പ്രവർത്തന പഥത്തിൽ വരുമ്പോഴാണ് യഥാർത്ഥത്തിൽ ലോകം അതിന്റെ ഫലം കണ്ടു തുടങ്ങുന്നത്. ഒരു കൈ ഉയരുമ്പോൾ എഴുന്നേൽക്കുകയും താഴ്ത്തുമ്പോൾ ഇരിക്കുകയും ചെയ്യുന്ന ജീവനുള്ള ഒരു സമുദായം ലോകത്ത് മഹത്തായ വിപ്ലവം സൃഷ്ടിക്കാറുണ്ട്. (കാലത്തിന്റെ ഖലീഫ)ഇരിക്കുക എന്ന് പറയുമ്പോൾ എല്ലാവരും ഇരിക്കുകയും എഴുന്നേൽക്കുക എന്ന് പറയുമ്പോൾ എല്ലാവരും എഴുന്നേൽക്കുകയും ചെയ്യേണ്ടതാണ്. എപ്പോഴാണോ ഈ ഒരാത്മാവ് ജമാഅത്തിൽ ഉണ്ടാവുന്നത് അത് കഴുകൻ പക്ഷികളെ റാഞ്ചുന്നത് പോലെ അഹ്മദിയ്യത്ത് തന്റെ ശത്രുക്കളുടെ മേൽ ചാടിവീഴുന്നതാണ്. അങ്ങനെ ലോകത്തുള്ള മുഴുവൻ രാജ്യങ്ങളും അവരുടെ പിടിയിൽ വരുന്നതാണ്. വീണ്ടും ലോകത്ത് ഇസ്‌ലാമിന്റെ പതാക പുതിയ രീതിയിൽ പാറിപറപ്പിക്കുന്നതുമാണ്.

(ഖുത്ബ 7.3.1939)


വിവ: സി. മുബശ്ശിർ അഹ്മദ്,കൊച്ചി




Mou.Jalaluddin Nayyar
Sadr,Tahrik Jadid Anjuman Ahamdiyya




Muneer Ahmad Hafizabadi
WakeelulAla Tahrik Jadid,Qadian



Mou. Khurshid Ahmad Anwar
Wakeelul Mal Tahrik Jadid,Qadian



Mou.Syed Sabahuddin
Naib Wakeelul Mal Tahrik Jadid



Mou.Mohammad Ismail Tahir
Naib WakeeluTabsheer Tahrik Jadid

തഫ്സീർ

ഹ. മസീഹ് മൗഊദ് (അ)



هُوَ الَّذِىٓ اَرۡسَلَ رَسُوۡلَهٗ بِالۡهُدٰى وَدِيۡنِ الۡحَقِّ لِيُظۡهِرَهٗ عَلَى الدِّيۡنِ كُلِّهٖ

# ഇസ്‌ലാമിന്റെ ആഗോളവിജയം



ഈ ആയത്ത് ഹദ്റത്ത് മസീഹിനെ സത്യപ്പെടുത്തുന്ന ഭൗതികവും രാഷ്ട്രീയപരവുമായ ഒരു പ്രവചനമാണ്. ഇസ്‌ലാംദീനിന്റെ ഏതൊരു പരിപൂർണ്ണ വിജയത്തെക്കുറിച്ചാണോ വാഗ്ദാനം നൽകപ്പെട്ടിരിക്കുന്നത് ആ വിജയം മസീഹ് മുഖേനയായിരിക്കും നടപ്പിൽ വരിക. ഹദ്റത്ത് മസീഹ് ഈ ലോകത്ത് വീണ്ടും ആഗതരാകുമ്പോൾ അദ്ദേഹത്തിന്റെ കരങ്ങളാൽ ഇസ്‌ലാം മതം എല്ലാ ഭാഗങ്ങളിലും വ്യാപിക്കുന്നതാണ്. എന്നാൽ, ഈയുള്ളവന് വെളിവാക്കപ്പെട്ടിരിക്കുന്നത് ഈ വിനീതന്റെ ലളിതജീവിതവും വിനയവും അർപ്പണവും ത്യാഗവും പ്രകാശിത ദൃഷ്ടാന്തങ്ങളും കൊണ്ട് മസീഹിന്റെ മുൻകാല ജീവിതത്തിന്റെ മാതൃകയാണെന്നാണ്. മാത്രമല്ല ഈ വിനീതന്റെ പ്രകൃതവും മസീഹിന്റെ പ്രകൃതവും പരസ്പരം വളരെയധികം സാദൃശ്യങ്ങളുണ്ട്. ഒരേ വജ്രക്കല്ലിന്റെ രണ്ടു കഷ്ണങ്ങൾ അല്ലെങ്കിൽ ഒരേ വൃക്ഷത്തിന്റെ രണ്ടു പഴങ്ങൾ എന്ന പോലെ. എല്ലാ നിലയിലും പൂർണ്ണമായ ഐക്യമാണ്. അതായത് ജാഗ്രതാ ദർശനങ്ങളിൽ വളരെ സൂക്ഷ്മമായ സവിശേഷതയുണ്ട്. മാത്രമല്ല ബാഹ്യമായ നിലയിലും ഒരു സാദൃശ്യമാണ്. അതിപ്രകാരമാണ്, മസീഹ് ഒരു പരിപൂർണ്ണനും മഹാപ്രതാപവാനുമായ നബിയായിരുന്നു. അതായത് മൂസായുടെ അനുഗാമിയും സേവകനുമായിരുന്നു. അദ്ദേഹത്തിന്റെ ഇഞ്ചീൽ തൗറാത്തിന്റെ ശാഖയാണ്. ഈയുള്ളവനും പ്രവാചകന്മാരുടെയെല്ലാം അഭിമാനവും, റസൂൽമാരുടെ നേതാവുമായ പ്രതാപവാനായ പ്രവാചകന്റെ എളിയ സേവകരിൽപ്പെടുന്നു.

ഈ വിനീതന് ഹദ്റത്ത് മസീഹുമായി പൂർണ്ണസാദൃശ്യമുള്ളതുകൊണ്ട് മസീഹിനെ കുറിച്ചുള്ള പ്രവചനത്തിൽ തുടക്കം മുതൽക്കെ ഈയുള്ളവനേയും പങ്കാളിയാക്കി വച്ചിരിക്കുകയാണ്. അതായത് ഹദ്റത്ത് മസീഹ്, മേൽപ്രതിപാദിച്ച പ്രകാരമുള്ള പ്രവചനത്തിന്റെ, ബാഹ്യവും ശാരീരികവുമായ വിധത്തിൽ പ്രതീകമാണ്. ഈയുള്ളവൻ ആത്മീയവും ബൗദ്ധികവുമായ നിലയിൽ ആ സ്ഥാനത്തിന് അർഹനാണ്. വ്യക്തമായ രേഖകളിലും ഖണ്ഡിതമായ പ്രമാണങ്ങളിലും (അധിഷ്ഠിതമായ) ഇസ്‌ലാം ദീനിന്റെ ആത്മീയാധിപത്യം ഈ വിനീതനിലൂടെയാണ് വിധിക്കപ്പെട്ടിരിക്കുന്നത്.

ഒരു സമുദായം മറ്റൊരു സമുദായവുമായും ഒരു രാജ്യം മറ്റൊരു രാജ്യവുമായും തബ്ലീഗിനുള്ള സംവിധാനം ലഭ്യമായ കാരണത്താലും, തപാൽ, റയിൽ, കമ്പി, കപ്പൽ പല വിധ മാർഗ്ഗങ്ങൾ, പത്രം മുതലായവയുടെ സൗകര്യം ഉള്ള കാരണത്താലും ഗ്രന്ഥങ്ങളുടെ പ്രചാരണം വളരെയധികം എളുപ്പമായിരിക്കുന്നു. അതുകൊണ്ട് സംശയംവിനാ മുഴുലോകവും ഒരേ കല്പനക്കുക്കീഴിൽ എന്ന സ്ഥിതിയിൽ എത്തിനിൽക്കുന്ന ഒരു സമയമാണിത്. മാത്രമല്ല അനേകം ഭാഷകളുടെ പ്രചാരണവും ഉപയോഗവും കൊണ്ട് വിവരങ്ങൾ അറിയുവാനുള്ള മാർഗ്ഗങ്ങൾ തുറന്നുകിട്ടുകയും അപരതയുടെയും അജ്ഞതയുടെയും പ്രയാസങ്ങളിൽ നിന്നും വളരെയധികം വിട്ടുനിൽക്കാൻ സാധിച്ചിട്ടുണ്ട്. നിരന്തരമായ സമ്പർക്കങ്ങളുടെയും രാപ്പകലുള്ള ഇടപഴകലിന്റെയും കാരണമായി ഒരു സമുദായത്തിനും മറ്റൊരു സമുദായത്തോടുണ്ടായിരുന്ന വെറുപ്പും, കാടത്തവും വളരെയധികം കുറഞ്ഞിരിക്കുന്നു. ആയതുകൊണ്ട് ഇപ്പോൾ ഹിന്ദുക്കൾ പോലും, അവരുടെ ലോകം എന്നും ഹിമാലയത്തിനകത്തു തന്നെ ഒതുങ്ങി നിൽക്കുകയും സമുദ്ര യാത്ര ചെയ്യുന്നതായാൽ മതത്തിൽ നിന്നും പുറത്താക്കുകയും ചെയ്യുമായിരുന്ന അവർ ലണ്ടനിലേക്കും അമേരിക്കയിലേക്കും യാത്ര ചെയ്യുന്നു.

അതായത് ഇക്കാലത്ത് ദീനിന്റെ പ്രചാരണത്തിനു (മത പ്രചാരണത്തിനു) വേണ്ട എല്ലാ മാർഗ്ഗങ്ങളും പൂർണ്ണ വികാസത്തിലെത്തി നിൽക്കുകയാണ്. ലോകത്ത് അന്ധകാരം വളരെയധികം വ്യാപിച്ചുകൊണ്ടിരിക്കുന്നതായി മനസ്സിലാകുന്നു. മാത്രമല്ല വഴികേടിന്റെ വളർച്ച കീഴ്പോട്ടാണെന്ന് കാണുന്നു. അല്ലാഹുവിൽ നിന്നു തന്നെയുള്ള ചില സൽപ്രകൃതക്കാർ നേർ മാർഗ്ഗത്തിന്റെ അന്വേഷണത്തിലും മുഴുകിയിരുന്നു. നല്ല ശുദ്ധപ്രകൃതരായവർ സന്മാർഗ്ഗത്തിനനുഗുണമായ അവസ്ഥ കൈവരിച്ചുവരുന്നു. തൗഹീദിന്റെ ആവേശത്തള്ളിച്ചയിൽ സൽപ്രകൃതക്കാരായവരുടെ ഹൃദയത്തെ ഏകത്വത്തിന്റെ തെളിഞ്ഞ നീരുറവയിലേക്ക് ആകർഷിച്ചിരിക്കുകയാണ്. സൃഷ്ടിപൂജയുടെ കെട്ടിടം തകരുന്നത് ബുദ്ധിമാൻമാരായ ജനങ്ങളിൽ വെളിവായി കൊണ്ടിരിക്കുന്നു. ബുദ്ധിശാലികളുടെ കണ്ണിൽ സ്വയം നിർമ്മിത ദൈവം വീണ്ടുമൊരിക്കൽ കൂടി മനുഷ്യത്വത്തിന്റെ ആടയണിഞ്ഞുകൊണ്ടിരിക്കുന്നു. മുൻകാലങ്ങളിലെ പ്രവാചകന്മാർ തങ്ങളുടെ അനുചരന്മാർക്ക് മറഞ്ഞിരുന്നുകൊണ്ട് ചില അടയാളങ്ങൾ കാണിക്കുമായിരുന്നു. ഇന്ന് ആ അടയാളങ്ങൾ പ്രവാചകപ്രഭുവിന്റെ ഏറ്റവും നിസ്സാരമായ അനുസാരികളുടെ ശത്രുക്കളുടെ മുൻപാകെ പ്രകടമായികൊണ്ടിരിക്കുകയും അതേ ശത്രുക്കളുടെ സാക്ഷ്യത്തോടെ യഥാർത്ഥ ഇസ്‌ലാമിന്റെ സൂര്യൻ മുഴുലോകത്തിനുമായി ഉദിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

അതുകൂടാതെ, ഇക്കാലഘട്ടം ദീനിനുവേണ്ടി എത്രത്തോളം സഹായകമാണെന്നാൽ മുൻകാലങ്ങളിൽ നൂറു വർഷം കൊണ്ട് ലോകത്ത് പ്രചരിപ്പിക്കാൻ സാധിക്കാത്ത കാര്യം ഇപ്പോൾ ഒരു വർഷം കൊണ്ട് മുഴുരാജ്യങ്ങളിലും പ്രചരിപ്പിക്കാൻ സാധിക്കുന്നതാണ്. അതിനാൽ ഇസ്‌ലാമിക ഹിദായത്തിന്റെയും ദൈവികഅടയാളങ്ങളുടെ കാഹളമൂതാൻ ഇക്കാലഘട്ടത്തിൽ എത്രത്തോളം ശക്തിയും ശേഷിയും കാണപ്പെടുന്നുവെന്നാൽ അതിനു സമാനമായി മറ്റൊരു കാലഘട്ടത്തിലും ഉള്ളതായി കാണുന്നില്ല.

ഒരു രാജ്യത്തെ സംഭവങ്ങൾ മറു രാജ്യത്തെത്തിക്കുവാൻ സഹായകരമായി റയിൽ, കമ്പി, പത്രങ്ങൾ മുതലായ നൂറുകണക്കിന് മാർഗ്ഗങ്ങൾ ഇപ്പോഴും തയ്യാറാണ്. അതിനാൽ സംശയംവിനാ ബൗദ്ധികവും, ആത്മീയപരവുമായ നിലയിൽ ഇസ്‌ലാമിന്റെ യഥാർത്ഥ തെളിവുകൾ മുഴുലോകത്തും പ്രചരിക്കേണ്ടത് ഇങ്ങനെയുള്ള കാലഘട്ടത്തെ അപേക്ഷിച്ചിരിക്കുകയായിരുന്നു. മാത്രമല്ല ഈ സാധനോപാധികളെല്ലാം ഉള്ള ഈ കാലഘട്ടം ഈ പ്രിയപ്പെട്ട അതിഥിയുടെ സേവനത്തിനു വേണ്ടി സർവ്വസംവിധാനങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ ഈ എളിയ ദാസന് നൂറുകണക്കിന് ആകാശീയവും അസാധാരണ ദൃഷ്ടാന്തങ്ങളും തിരിച്ചറിവും യാഥാർത്ഥ്യങ്ങളും നൽകി അനുഗ്രഹിച്ചുകൊണ്ടും നൂറുകണക്കിന് പ്രബലമായ ബൗദ്ധിക തെളിവുകളെകുറിച്ചുള്ള ജ്ഞാനം നൽകികൊണ്ടും ഇക്കാലഘട്ടത്തിൽ എഴുന്നേൽപ്പിച്ചുകൊണ്ട് അല്ലാഹുത്തആല ഉദ്ദേശിക്കുന്നത്,- ഖുർആന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ എല്ലാ സമുദായത്തിലും എല്ലാ രാജ്യത്തും പ്രചരിപ്പിക്കുകയും നടപ്പാക്കുകയും അവരിൽ അവന്റെ ന്യായപൂർത്തീകരണം നടപ്പിലാക്കുകയും ചെയ്യുക എന്നുള്ളതാണ്.

ഈ ഉദ്ദേശ്യം കൊണ്ടുതന്നെ അല്ലാഹു ഈ വിനീതന് .. ന്യായപൂർത്തീകരണാർത്ഥം ആയിരം ഉറുപ്പികയുടെ വിജ്ഞാപനം പുസ്തകത്തോടൊപ്പം ചേർക്കുകയും ശത്രുക്കളുടെ എതിരാളികളുടെയും സാക്ഷ്യങ്ങൾ കൊണ്ട് ആകാശീയ അടയാളം സമർപ്പിക്കുവാനും എന്നിട്ട് യാതൊരു തരത്തിലും ന്യായപൂർത്തീകരണത്തിന്റെ ഒരു പഴുതും അവശേഷിക്കാതിരിക്കുവാനുള്ള ഓരോ എതിരാളിയും അവരുടെ പരാജയത്തിന്റെയും അവരുടെ ഉത്തരമില്ലായ്മയുടെയും അവർ സ്വയം സാക്ഷികളായിത്തീരുവാനും വേണ്ടി അവയെ ഖണ്ഡിക്കുവാനും നേരിടുവാനുമായി മുഴുവൻ എതിരാളികളേയും അഭിസംബോധന ചെയ്യുവാനുള്ള തൗഫീക് നൽകി.

ചുരുക്കത്തിൽ, അല്ലാഹു അവന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം നൽകിയിരിക്കുന്ന, ദീനിന്റെ പ്രചാരണത്തിനുവേണ്ട മാർഗ്ഗോപാധികളും ന്യായപൂർത്തീകരണത്തിനു വേണ്ട തെളിവുകളും രേഖകളും മറ്റു സമുദായങ്ങളിൽ ആർക്കും തന്നെ നൽകിയിട്ടില്ല. അതുപോലെ ഇതുമായി ബന്ധപ്പെട്ട് ഈയുള്ളവന് ലഭിച്ചിരിക്കുന്ന അദൃശ്യസഹായങ്ങൾ അവരിൽ ആർക്കും നൽകപ്പെട്ടിട്ടില്ല. വ ദാലിക്ക ഫള്‌ലുല്ലാഹി യുഅ്തീഹീ മയ്യശാഅ്- അത്, അല്ലാഹുവിന്റെ അനുഗ്രഹമാണ്. അവൻ ഇഷ്ടപ്പെടുന്നവർക്ക് അവനത് നൽകുന്നു.

അതിനാൽ ഈയുള്ളവനെ അല്ലാഹു സാധനസാമഗ്രികൾ നൽകി സവിശേഷപ്പെടുത്തുകയും സന്ദേശപ്രചാരണ സേവനത്തിന്റെ പൂർത്തിക്കായി അത്യന്തം സഹായകരവുമായ കാലഘട്ടത്തിൽ ഈയുള്ളവനെ എഴുന്നേൽപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ആകയാൽ, മേൽപറഞ്ഞ ആയത്തിന്റെയും വല്ലാഹു മുതിമ്മു നൂരിഹീ എന്ന ആയത്തിന്റെയും ആത്മീയപ്രതീകം ഈ വിനീതൻ ആണ് എന്നും അത് പണ്ടേ തീരുമാനിക്കപ്പെട്ടതാണെന്നുമുള്ള സുവാർത്ത അവൻ അവന്റെ ഉൽകൃഷ്ടമായ അനുഗ്രഹ കടാക്ഷങ്ങൾകൊണ്ട് സുവാർത്ത നൽകിയിരിക്കുന്നു.മാത്രമല്ല ഈയുള്ളവൻ എതിരാളികൾക്കുവേണ്ടി എഴുതിയ രേഖകളും തെളിവുകളും മാറ്റെല്ലാ കാര്യങ്ങളും അല്ലാഹു തന്നെ എതിരാളികളിലേക്കു എത്തിക്കുകയും അങ്ങനെ അവരെ മറുപടി ഇല്ലാത്തവരായും പരാജയമടയുന്നവരായും ഈ ലോകത്ത് പ്രകടമാക്കികൊണ്ട് മേൽ പ്രതിപാദിച്ച ആയത്തിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നതുമാണ്. വൽഹംദുലില്ലാഹി അലാ ദാലിക്

*ബറാഹീനെ അഹ്മദിയ്യാ ഭാഗം- നാല് പേജ് 593- 597*

*ആശയാനുവാദം- കെ. നജ്മുദ്ദീൻ മുറിയക്കണ്ണി*

**ഇമാമുസമാന്റെ ഫത്‌വകൾ**



# താടി വെക്കുന്നതിനെ കുറിച്ച്

അറേബ്യയിലെ ഒരു സുഹൃത്ത് താടിയെ കുറിച്ച് ചോദിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു ഇത് ഓരോ വ്യക്തിയുടെയും ഹൃദയത്തിന്റെ ചിന്താഗതിയാണ്. ചില ആളുകൾ മീശയും താടിയും വടിക്കുന്നത് ഭംഗിയുടെ ഭാഗമായി മനസ്സിലാക്കുന്നു. എന്നാൽ നാം അതിനെ വളരെ അനിഷ്ടകരമായി കാണുന്നു. അങ്ങനെയുള്ളവരുടെ മുന്നിൽ ഇരുന്നുകൊണ്ട് ഭക്ഷണം കഴിക്കാൻ പോലും ഞാൻ ഇഷ്ടപ്പെടുന്നില്ല. പ്രവാചകന്മാരും മറ്റു ഭക്തരായിട്ടുള്ള ദാസൻമാരും താടി വെക്കുന്ന രീതി അവലംബിച്ചിരിക്കുന്നത് വളരെ അഭിലഷണീയമാണ്. എന്നാൽ വളരെ കൂടുതലാണെങ്കിൽ ഒരു കൈപ്പിടിക്ക് തുല്യമായി നിലനിർത്തിക്കൊണ്ട് ബാക്കിയുള്ളത് വെട്ടികളയാവുന്നതാണ്. അല്ലാഹു സ്ത്രീപുരുഷന്മാരുടെ ഇടയിൽ വെച്ചിട്ടുള്ള ഒരു വ്യത്യാസമാണ് താടി.

(ബദർ 31.10.1907,ബദർ-6.2.1903)

# ഖാദിയാനിലെ കച്ചവടം

ഒരു പ്രാവശ്യം ഒരാൾ പറഞ്ഞു ഞാൻ കച്ചവടത്തിനു വേണ്ടി ഇവിടെ വരാൻ ആഗ്രഹിക്കുന്നു. അപ്പോൾ പറഞ്ഞു ഈ നിയ്യത്ത് തെറ്റാണ്. ഇവിടെ ദീനിനു വേണ്ടിയാണ് വരേണ്ടത്. പര്യവസാനം ശുഭമാക്കുന്നതിനായിട്ടാണ് ഇവിടെ താമസിക്കുക. നിയ്യത്ത് ഇതാവുകയും ഇവിടെ താമസിക്കുന്ന ഉദ്ദേശ്യം പൂർത്തീകരിക്കുന്നതിനായി വല്ല കച്ചവടവും ഇതിനോടൊപ്പം ഉണ്ടെങ്കിൽ അത് അനുവദനീയമാണ്. യഥാർത്ഥ ഉദ്ദേശ്യം ദീൻ ആയിരിക്കണം. ഭൗതികതയാകരുത്. കച്ചവടത്തിനു വേണ്ടി പട്ടണമല്ലേ നല്ലത്? ഇവിടെ വരുന്നതിന്റെ യഥാർത്ഥ ഉദ്ദേശ്യം ഒരിക്കലും ദീനല്ലാതെ മറ്റൊന്നും ആകരുത്. പിന്നെ എന്ത് കിട്ടിയാലും അത് അല്ലാഹുവിന്റെ അനുഗ്രഹമായി മനസ്സിലാക്കുക.

(അൽഹക്കം-10.7.1904 )

# തേൻ

തേനിനെ കുറിച്ച് സംസാരമുണ്ടായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: മറ്റു എല്ലാ മധുരവും കേട് വരുന്നതാണെന്ന് വൈദ്യൻമാർ എഴുതിയിട്ടുണ്ട്. എന്നാൽ ഇത് അതിൽ ഉൾപ്പെടുന്നില്ല. മാങ്ങ പോലുള്ള മറ്റു പഴങ്ങൾ ഇതിൽ വെച്ച് പരീക്ഷണം നടത്തിയിട്ടുണ്ട്. അത് ഒരിക്കലും കേട് വന്നിട്ടില്ല. വർഷങ്ങളോളം അതുപോലെ തന്നെ ഇരിക്കുന്നതാണ്.

പറഞ്ഞു: ഒരു പ്രാവശ്യം ഞാൻ കോഴിമുട്ട തേനിൽ വെച്ച് നിരീക്ഷണം നടത്തിനോക്കി. എനിക്ക് അത്ഭുതം തോന്നി. അതിലെ മഞ്ഞക്കരുവിനു ഒന്നും തന്നെ സംഭവിക്കാതെ അത് അങ്ങനെ തന്നെ ഇരുന്നു. എന്നാൽ അതിന്റെ വെള്ളക്കരു കല്ലുപ്പോലെ കട്ടി യായിരുന്നു. കല്ല് പൊട്ടാത്തതുപ്പോലെ അതും പൊട്ടിയില്ല.

അല്ലാഹു ഇതിനെ **ശിഫാഉ ലിന്നാസ്** എന്നാണ് പറഞ്ഞിട്ടുള്ളത്. തീർച്ചയായിട്ടും ഇത് അത്ഭുതവും പ്രയോജനവുമുള്ള സാധനമാകുന്നു. ഈ നിർവചനമാണ് വിശുദ്ധഖുർആൻ ഇതിനു നൽകിയിട്ടുള്ളത്. തീവ്രമായ ആത്മീയയത്നങ്ങൾ നടത്തുന്ന വ്യക്തികൾ ഇതു കഴിക്കാറുണ്ട്. ഇത് എല്ലുകളെ ശക്തിയുള്ളതാക്കുന്നതായിട്ട് മനസ്സിലാകുന്നു. ഇതിൽ അൽ എന്നതിനെ ന്നാസുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്ന് മനസ്സിലാകുന്നത്, അല്ലാഹുവിന്റെ അടിമകളായ ജനങ്ങൾ, അവന്റെ സാമിപ്യം കിട്ടുന്നതിനായി തീവ്രമായ ആത്മീയയത്നങ്ങൾ നടത്തുന്നവർക്ക് ശിഫാ(ശമനം) ആകുന്നു. അല്ലാഹു എപ്പോഴും സവിശേഷമായ വ്യക്തികളെ ഇഷ്ടപ്പെടുന്നു.

(അൽഹക്കം-17.2.1904)

*(ഫത്താവാ അഹ്മദിയ്യ) വിവ: മുഹമ്മദ് നജീബ് ഖാൻ*

# കർമശാസ്ത്രം

## ഖുർബാനിയുടെ വിഷയങ്ങൾ

കഴിവുള്ളവനെ സംബന്ധിച്ചിടത്തോളം ബലി അറുക്കൽ അനിവാര്യ സുന്നത്താകുന്നു. ഈ ചെറിയ മൃഗം തനിക്ക് വേണ്ടി ബലിയാകുന്നതു പോലെ തന്നെക്കാൾ ഉന്നതവസ്തുവിനായി ജീവൻ സമർപ്പിക്കേണ്ടിവരികയാണെങ്കിൽ താന തിന് സസന്തോഷം സന്നദ്ധമാണെന്ന് പ്രതീകാത്മകമായി ഏറ്റുപറയുകയാണ് ബലി അറുക്കുന്നവൻ ചെയ്യുന്നത്. ഖുർബാനി ആത്മാവിന്റെ ഒരു ചിത്രീകരണമാണ്, തന്റെ നഫ്സിനെ സമർപ്പണം ചെയ്യുന്നതിന് ഒരുക്കമാണെന്ന് അറിയിക്കുക എന്നുള്ളതാണ് മൃഗബലിയിലടങ്ങിയ തത്ത്വസാരം.

ഒട്ടകം, പശു, ആട് തുടങ്ങിയ മൃഗങ്ങളെ ബലി അറുക്കാവുന്നതാണ്. ഒട്ടകം,പശു എന്നിവ ഏഴു പേർ ചേർന്നും ആട് ഒരാൾക്കും ബലി അറുക്കാം. ഖുർബാനിയുടെ നിയ്യത്തിൽ തന്റെ കുടുംബത്തെയും ഉൾപ്പെടുത്താവുന്നതാണ്. കുറഞ്ഞ പക്ഷം ഒട്ടകത്തിന്, മൂന്നുവർഷവും, പശുവിന് രണ്ട് വർഷവും,ആടുകൾക്ക് ഒരു വർഷവും തികഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. ബലിമൃഗം ന്യൂനതയുള്ളതോ, ബലഹീനമായതോ ആകരുത്. ഞൊണ്ടി, ചെവി കീറിയത്, കൊമ്പു പൊട്ടിയത്, കണ്ണ് തകരാറുള്ളത് എന്നിവ പാടുള്ളതല്ല. രോഗമുള്ളതിനെയോ,മെലിഞ്ഞൊട്ടിയതിനെയോ ഖുർബാൻ ചെയ്യുന്നത് ശരിയല്ല. ദുൽഹജ്ജ് പത്ത് ഈദ് നമസ്കാരത്തിന് ശേഷം ദുൽഹജ്ജ് 12 സൂര്യാസ്തമയം വരെയാണ് ഖുർബാനിയുടെ സമയം. ഖുർബാനിയുടെ മാംസം സദഖയല്ല. അത് സ്വയം ഉപയോഗിക്കാം. മറ്റു സഹോദരന്മാരെ ഭക്ഷിപ്പിക്കുകയും ചെയ്യാം. ദരിദ്രരെയും അതിൽ ഭാഗഭാക്കാക്കേണ്ടതാണ്. മൂന്നായി ഭാഗിക്കുന്നതാണ് ഉചിതം. ഒരു ഭാഗം സ്വയം വെയ്ക്കുകയും മറ്റൊരു ഭാഗം ബന്ധുക്കൾക്കും, പിന്നീടുള്ളത് സാധുക്കൾക്കും വിതരണം ചെയ്യണം.

### – അഖീഖ –

ശിശു ജനിച്ചാൽ 7-ാം ദിവസം മുടി കളയുകയും പ്രസ്തുത മുടിക്ക് സമാന അളവിൽ വെള്ളിയോ, സ്വർണ്ണമോ ദാനധർമ്മം ചെയ്യുകയും ശിശുവിന് പേരുവെക്കുകയും മൃഗത്തെ അറുക്കുകയും ചെയ്യുന്നത് സുന്നത്താകുന്നു. ഇതിന്റെ മഹത്വം ഹദീസുകളിൽ വന്നിട്ടുണ്ട്. മൃഗത്തെ അറുക്കുക എന്നതാണ് അഖീഖയുടെ വിവക്ഷ. ആൺകുട്ടിയാണ് പിറന്നതെങ്കിൽ രണ്ട് ആടോ, പെൺകുട്ടിയാണെങ്കിൽ ഒരാടോ അറുക്കേണ്ടതാണ്. തികവെത്തിയതും തടിച്ചതുമായ മൃഗത്തെ അറുക്കാം. ഏതായാലും പ്രായത്തിന്റെ കാര്യത്തിൽ ബലിമൃഗത്തിനുള്ള നിബന്ധന ഇവിടെ ബാധകമല്ല. സ്വയം ഉപയോഗിക്കുന്നതിന് പുറമെ മറ്റു സഹോദരൻമാർക്കും, ബന്ധുക്കൾക്കും അഖീഖയുടെ മാംസം നല്കാവുന്നതാണ്. പാകം ചെയ്തതിന് ശേഷം മറ്റുള്ളവരെ ക്ഷണിക്കുകയുമാകാം. സാധുക്കൾക്കുള്ള വിഹിതവും ഇതിലുണ്ടായിരിക്കണം. രണ്ട് മൃഗത്തെ അറുക്കാൻ കഴിയാത്ത നിർബന്ധിതാവസ്ഥയിൽ ഒന്നിൽ പരിമിതപ്പെടുത്താവുന്നതാണ്.

*(അവ.ഫിഖ്ഹ് അഹ്മദിയ്യാ)*
*ആശയാനുവാദം. ടി.കെ. മഹ്മൂദ് കൽക്കുളം*

# അതല്ല നമ്മുടെ ജോലി

**ഹ. മുസ്ലിഹ് മൗഊദ്(റ)**

വഫാത്തെ മസീഹിന്റെ ചില ആയത്തുകൾ മനഃപാഠമാക്കുകയും നുബുവ്വത്തിന്റെ വിഷയത്തെക്കുറിച്ച് ചില തെളിവുകൾ പഠിപ്പിക്കുകയും മാത്രം ചെയ്യുകയാണെങ്കിൽ അതിന്റെ അർത്ഥം ചിലർ പ്രക്ഷിപ്തങ്ങൾ ഉണ്ടാക്കുകയും നമ്മളത് ഇല്ലാതാക്കുകയും ചെയ്യുക എന്നാണ്. അതായത് (നഊദുബില്ലാഹ്) അല്ലാഹുവിന്റെ പക്കൽ നിർമാണ പ്രവർത്തനങ്ങൾ ഒന്നുമില്ലെന്നുള്ളത് നാശോന്മുഖമാണെന്നുവരും. അതിന്റെ അർത്ഥം, നബി(സ)ന് ശേഷം നുബുവ്വത്തില്ലെന്ന് ചില മൗലവിമാർ പ്രചരിപ്പിക്കുന്നു അല്ലെങ്കിൽ, ഈസാ(അ) ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്നും അതിനാൽ വാഗ്ദത്ത മസീഹിന്റെയോ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെയോ ആവശ്യമില്ലെന്നും പ്രചരിപ്പിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ചില മൗലവിമാരുടെ വ്യാജപ്രചാരണങ്ങൾ ദൂരീകരിക്കാനാണ് നമ്മുടെ ജമാഅത്ത് ഉണ്ടാക്കിയതെന്ന് പറയേണ്ടിവരും. അങ്ങിനെയാണെങ്കിൽ അതിനേക്കാൾ നിന്ദ്യവും,താഴ്ന്നതും മോശമായതും, നീചവുമായ മറ്റൊരു ജോലിയും ഉണ്ടാകാൻ സാധ്യമല്ലെന്നാണ് ഞാൻ കരുതുന്നത്.

*(തഹ്രീക് ജദീദ് ഖുത്ബ 01.01.1935)*






# യാ ഇബ്നു ആദമുൽ മാലു മാലീ

## (ആദം മക്കളേ എല്ലാ ധനവും എന്റെ ധനമാണ്)

ആത്മീയമായും ഭൗതീകമായും നമുക്കുള്ള സ്ഥാനം നാം മനസ്സിലാക്കേണ്ടതാണ്. ആത്മീയമായ നിലയിൽ, പരീക്ഷണങ്ങൾ മുഖേന നിങ്ങളിൽ നിന്നുള്ള ഓരോ വ്യക്തിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്ഥാനത്താണോ നിലകൊള്ളുന്നതെന്നും, നിങ്ങളിൽ ചിലർ വിപത്തുകളെ കാണുമ്പോൾ എത്രമാത്രം ഭയപ്പെടുന്നുവെന്നും നോക്കുവാൻ അല്ലാഹു ആഗ്രഹിക്കുന്നു. ഇത് നിങ്ങൾ മനസ്സിലാക്കേണ്ടതാണ്. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ പ്രസ്ഥാനം പടുത്തുയർത്തിയപ്പോൾ സഹിച്ച വിപത്തുകൾക്കു മുന്നിൽ നിങ്ങളുടെ ഈ വിപത്തുകൾക്ക് എന്ത് യാഥാർത്ഥ്യമാണുള്ളത് എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ദൗത്യപ്രഖ്യാപനം നടത്തിയ ദിവസം ഹദ്റത്ത് മസീഹ് മൗഊദ് (അ)നുണ്ടായിരുന്ന ആ ഹൃദയാവസ്ഥ നമ്മുടെ ഹൃദയത്തിൽ സംജാതമാകുകയും നാം ആ മഹാത്മാവിന്റെ യഥാർത്ഥ അനുയായികളായിത്തീരുകയുമാണെങ്കിൽ നമ്മുടെ ഹൃദയ താൽപര്യം ഔന്നിത്യത്തിലെത്തുന്നതാണ്. നമ്മുടെ യജമാനർ ഏത് ജോലിയാണോ ചെയ്തിരുന്നത് അത് തന്നെ ചെയ്യുകയാണ് നമ്മുടെ കടമ എന്ന് മനസ്സിലാക്കേണ്ടതാണ്. അദ്ദേഹം ഏകനായിരുന്നു. എന്നാൽ നാം ഇപ്പോൾ തന്നെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലക്ഷക്കണക്കിനാളുകളുണ്ട്. പൂർവ്വ പഞ്ചാബിലുണ്ടായിരുന്നവരുടെ കുറച്ചു സ്വത്തുകൾ നഷ്ടപ്പെട്ടിട്ടുണ്ട്.. എന്നാൽ പശ്ചിമ പഞ്ചാബിലെ സ്വത്തുക്കൾ നഷ്ടപ്പെട്ടിട്ടില്ല.

ത്യാഗത്തിന്റെ യഥാർത്ഥ ആത്മാവ് ഉണ്ടെങ്കിൽ ഞാൻ നേരത്തേ പറഞ്ഞതുപോലെ, ഭാവിയിൽ നിങ്ങളുടെ സമ്പത്ത് നിങ്ങളുടേതല്ല മറിച്ച് അല്ലാഹുവിന്റേതാണ് എന്ന് നിങ്ങൾ മനസ്സിലാക്കേണ്ടതാണ്. നിങ്ങൾ എന്തെല്ലാം സമ്പാദിക്കുന്നുവോ അതെല്ലാം തന്നെ അല്ലാഹുവിന്റെ സമ്പത്തായിരിക്കും. അതിൽ നിന്ന് നിങ്ങൾക്ക് റൊട്ടി മാത്രമേ ലഭിക്കൂ. ഒരു പക്ഷേ അതും ലഭിച്ചില്ലെന്ന് വരാം. അല്ലെങ്കിൽ ഞാൻ പറഞ്ഞതു പോലെ തബ്‌ലീഗ് ചെയ്യുക എന്നത് നിങ്ങളുടെ കടമയാകുന്നു, ഭിക്ഷ യാചിച്ചും കഴിച്ചുകൂട്ടുക. നിങ്ങൾ പതിനഞ്ച് ദിവസങ്ങളോളം തങ്ങളെ തബ്‌ലീഗിനായി സമർപ്പിക്കുക. അല്ലാഹുവിന് വേണ്ടി എപ്പോഴെങ്കിലും നിങ്ങൾക്ക് ഭിക്ഷ യാചിക്കേണ്ടി വന്നാൽ അതിനും നിങ്ങൾ തയ്യാറാവുക. അഥവാ ഇനി നമ്മുടെ പശ്ചിമ പഞ്ചാബിലെ സ്വത്തുക്കളും എപ്പോഴെങ്കിലും പരീക്ഷണത്തിലകപ്പെടുകയാണെങ്കിൽ നമ്മുടെ ഓരോ വ്യക്തിയും മുബല്ലിഗാവുകയും ഭിക്ഷ യാചിച്ച് തബ്‌ലീഗ് ചെയ്യുന്നതിനുള്ള ശീലം ഉണ്ടാക്കേണ്ടതുമാണ്. നമുക്ക് മുന്നിൽ നബിതിരുമേനി(സ) യുടേയും മറ്റ് പ്രവാചകന്മാരുടേയും മാതൃകകളുണ്ട്. മറ്റു പ്രവാചകന്മാരെ സംബന്ധിച്ച് അവർ പൂർവ്വികരാണ് സ്വന്തം കണ്ണുകൊണ്ട് അവരുടെ മാതൃകകൾ കണ്ടിട്ടില്ല എന്നൊക്കെ നമുക്ക് പറയാൻ സാധിക്കും. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അവസ്ഥ നമ്മുടെ കൺമുന്നിലുണ്ട്. ഇനി നിങ്ങൾ അദ്ദേഹത്തെ കണ്ടിട്ടില്ലെങ്കിൽ തന്നെ കുറഞ്ഞപക്ഷം, ആ സംഭവങ്ങൾക്ക് സാക്ഷിയായ പലരുമുണ്ട്. ആ സംഭവങ്ങൾ ശത്രുക്കൾക്ക് പോലും നിഷേധിക്കാൻ കഴിയാത്തത്ര സമീപസ്ഥമാണ്. പിന്നെ നിങ്ങൾക്ക് എന്ത് ബുദ്ധിമുട്ടാണുള്ളത്. മാതൃക നിങ്ങളുടെ മുന്നിലുണ്ട്. ആ മാതൃകയ്ക്കനുഗുണമായി തങ്ങളെ രൂപപ്പെടുത്തുക എന്നതാണ് നിങ്ങളുടെ ജോലി.

നിങ്ങൾ യഥാർത്ഥ അഹ്മദികളാണെങ്കിൽ ഞാൻ സത്യമായും പറയുന്നു, മനുഷ്യൻ എണ്ണുന്ന ആ പന്ത്രണ്ട് മാസങ്ങൾ കഴിയുന്നതിനു മുമ്പേതന്നെ നിങ്ങളുടെ ശക്തിയും പ്രൗഢിയും മുമ്പത്തേക്കാൾ പതിന്മടങ്ങ് വർദ്ധിക്കുന്നതാണ്. മനുഷ്യന് തന്റെയുള്ളിൽ വിശ്വാസം ജനിപ്പിക്കേണ്ട ആവശ്യം മാത്രമേയുള്ളു. നിങ്ങൾക്ക് അല്ലാഹുവിനെ കാണുന്നതിനും ഈ ലോകത്ത് തന്നെ അവൻ നിങ്ങൾക്ക് തന്റെ പ്രതാപം കാണിച്ചുതരുന്നതിനും വേണ്ടി നിങ്ങൾ നിങ്ങളുടെ വിശ്വാസത്തെ അവലോകനം ചെയ്യുക, സത്യത്തിൽ നിലയുറപ്പിക്കുക, സത്യസന്ധതയെ നിങ്ങളുടെ അടയാളമാക്കുക, ദൈവസ്മരണയിൽ മുഴുകിയിരിക്കുക, ദൈവിക ജ്ഞാനം തങ്ങളിൽ ഉണ്ടാക്കിയെടുക്കുക. ഏത് വരെ അല്ലാഹു ദൃശ്യമാകുന്നില്ലയോ ഭൗതിക വിപത്തുകൾ പർവ്വതസമാനമായും അവന്റെ പരീക്ഷണങ്ങൾ അനന്തമായ സമുദ്രസമാനമായും കാണപ്പെടുന്നു. എന്നാൽ അല്ലാഹു ദൃശ്യമാകുമ്പോൾ അയാളുടെ ദൃഷ്ടിയിൽ ഇതെല്ലാം തന്നെ ഒന്നുമല്ലാതായിത്തീരുന്നു. അപ്പോൾ അല്ലാഹുവിന്റെ വചനങ്ങൾ പൂർത്തിയാക്കാൻ ശ്രമിക്കുക എന്നത് മാത്രമേ അയാൾക്കു മുന്നിൽ ഉണ്ടാകുകയുള്ളു. അല്ലാഹുവിന്റെ വചനങ്ങൾക്കു മുന്നിൽ ഭരണകൂടത്തിനും സാമ്രാജ്യത്വത്തിനും യാതൊരു വിലയുമുണ്ടായിരിക്കുകയില്ല. അയാൾ ചിരിച്ചുകൊണ്ട് പോകുകയും തന്റെ ത്യാഗത്തെ സമർപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാവുകയും ചെയ്യുന്നു.


ചുരുക്കത്തിൽ, ഞാൻ നിങ്ങൾക്ക് വീണ്ടും വീണ്ടും മുന്നറിയിപ്പ് നൽകുന്നു. ഈ പ്രവർത്തി കാവ്യസംബന്ധമായ അതിവർണ്ണനയാണെന്ന് നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ അല്ലാഹു എല്ലാം എന്നെ അറിയിച്ചിട്ടുണ്ട്. ഒരു പ്രവാചകന്റെ പ്രസ്ഥാനവും ത്യാഗങ്ങൾ കൂടാതെ അഭിവൃദ്ധിപ്പെടുന്നതല്ല എന്നത് അല്ലാഹുവിന്റെ സുന്നത്താകുന്നു. നിങ്ങളേയും രക്തത്താൽ സ്നാനം ചെയ്യിച്ചിരിക്കുകയാണ്. ഇതു തന്നെയാണ് അവസാന സ്നാനവും. നിങ്ങൾ ജാഗരൂഗരാകുകയും നിങ്ങളിൽ ഒരു സമുദ്ധാരണം നടത്തുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു പുതിയ നിലയിൽ ലോകത്ത് അഹ്മദിയ്യത്തിനെ ശക്തമായി സ്ഥാപിക്കുന്നതാണ്. അതിനാൽ ഉടൻ തന്നെ നിങ്ങളിൽ ഒരു പുതിയ പരിവർത്തനം ഉണ്ടാക്കേണ്ടതാണ്.

(തഹ്‌രീക്ക് ജദീദ് ഒരു ദൈവിക പദ്ധതി,
വാള്യം-2, പേജ്- 873,874,)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

# പതിനഞ്ച് തലമുറകൾ വഖ്ഫ് ചെയ്യണം

ഹദ്റത് മസീഹ് മൗഊദ്(അ) പറഞ്ഞത് മുന്നൂറ് വർഷങ്ങൾക്കകം അഹ്മദിയ്യത്ത് ലോകം മുഴുവൻ പരക്കുമെന്നാണ്. അതായത് നമ്മുടെ പതിനഞ്ച് തലമുറകൾ ഒന്നിനുപിറകേ മറ്റൊന്നായി ദീനീഖിദ്മത്തിന് സമർപ്പണം ചെയ്തെങ്കിൽ മാത്രമേ അല്ലാഹു നമുക്കുമേൽ അർപ്പിച്ചിരിക്കുന്ന കർത്തവ്യം പൂർത്തിയാക്കാൻ കഴിയൂ. (ഖുത്ബ **ഹ. മുസ്‌ലിഹ് മൗഊദ്(റ)** 14.10.1955)




**അൽഹഖ്**
വാർത്താപത്രിക
2011 നവംബർ
പുസ്തകം 19 ലക്കം 9

# ആഗോള വിജയത്തിനൊരു ദൈവിക പദ്ധതി

ഇസ്ലാമിനെ സകല പ്രത്യയ ശാസ്ത്രങ്ങൾക്കും, തത്ത്വസംഹിതകൾക്കു മുകളിലും വിജയിപ്പിക്കാനുള്ള ദൈവിക പദ്ധതി എന്ന നിലക്കാണ് മുസ്ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹ് സാനി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്(റ) 1934ൽ തഹ്രീക് ജദീദ് ആരംഭിച്ചത്.

അഹ്മദിയ്യത്തിനെ ഖാദിയാന്റെ മണ്ണിൽ തന്നെ കുഴിച്ചുമൂടുമെന്ന പ്രഖ്യാപനവുമായി ഖാദിയാനിലെത്തിയ അഹ്റാർ പാർട്ടി ഇന്ന് നാമശേഷമായി കഴിഞ്ഞിരിക്കുന്നു. മറുഭാഗത്ത് അഹ്മദിയ്യത്ത് 200 രാഷ്ട്രങ്ങളിൽ ശക്തമായ സാന്നിധ്യവും പ്രവർത്തനവും കാഴ്ചവെച്ചുകൊണ്ട് ഇസ്ലാമിന്റെ ശാന്തസുന്ദരമായ അധ്യാപനങ്ങൾ പ്രചരിപ്പിക്കുന്നതിൽ വ്യാപൃതമാണ്. വാസ്തവത്തിൽ ഈ പദ്ധതിക്ക് അഹ്റാർ നിമിത്തം മാത്രമായിരുന്നു.

ഹ. മുസ്ലിഹ് മൗഊദ്(റ) പറയുന്നു: എന്റെ മസ്തിഷ്കത്തിൽ ഈ പദ്ധതി ഒരിക്കലും ഇല്ലായിരുന്നു. പെട്ടെന്ന്, അല്ലാഹു എന്റെ ഹൃദയത്തിൽ ഈ പദ്ധതി ഇറക്കിയതാണ്.... അല്ലാഹു താൻതന്നെ തുടങ്ങിയതാണ് തഹ്രീക് ജദീദ് എന്ന് പറയാവുന്നതാണ്. (ഖുത്ബ 27.11.1942)

ദൈവികമായ ഈ ബൃഹത്പദ്ധതി കൊണ്ട് ലോകം മുഴുവൻ ഇസ്ലാമിക പ്രഘോഷണത്തിൽ മുഴുകിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ ബൃഹത്പദ്ധതിയിൽ ചന്ദഃ നൽകുമ്പോൾ അത് ആഗോളതലത്തിലുള്ള ഇസ്ലാമിക പ്രചാരണത്തിന് നൽകുന്ന നമ്മുടെ ചെറിയ ഒരു പങ്ക് മാത്രമേ ആകുന്നുള്ളൂ.

ഈ പദ്ധതിയെ അതിന്റെ എല്ലാ അർഥത്തിലും പ്രാവർത്തികമാക്കിത്തുടങ്ങിയാൽ അത് നവലോകക്രമത്തിന്റെ നിർമാണത്തിൽ ഭാഗഭാക്കാകുകയാണെന്ന് ഹ. മുസ്ലിഹ് മൗഊദ്(റ) വ്യക്തമാക്കിയിട്ടുള്ളതാണ്.

ഹുസൂർ(റ) ഖുദ്ദാമിനെ പ്രത്യേകം സംബോധന ചെയ്തുകൊണ്ട് പറഞ്ഞത്, ഖാദിംകൾ തഹ്രീക് ജദീദിന്റെ വളണ്ടിയർമാരും, സൈനികരുമാണെന്നാണ്.അതേ, ആഗോളതലത്തിലുള്ള ഇസ്ലാമിന്റെ വിജയം പ്രതീക്ഷിച്ചിരിക്കുന്നവർ മനസാവാചാ കർമണാ ഇതിൽ ഭാഗഭാക്കാകേണ്ടത് അനിവാര്യമാണ്. അത് ഖിലാഫത്തിന്റെ സുഭദ്രതക്കും നിർബന്ധമാണ്. ഹദ്റത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹ് തആല) പറയുന്നു.

ലോകം അഹ്മദിയ്യത്തിനെ ഒരു ഭാഗത്ത് നിന്ന് ഇല്ലാതാക്കാൻ നിന്ദ്യമായ ശ്രമം നടത്തുമ്പോൾ ആ സമയത്ത് തഹ്രീക് ജദീദ് മുഖേനയാണ് അല്ലാഹു ജമാഅത്തിനെ സംരക്ഷിച്ചത്. ബുദ്ധിമുട്ടിന്റെ എല്ലാ സന്ദർഭത്തിലും നേരത്തേതിലും അധികം അവന്റെ അനുഗ്രഹങ്ങൾ വർഷിക്കപ്പെട്ടിരിക്കുന്നു. (തഹ്രീക് ജദീദ് ഖിലാഫത്ത് സുവനീർ സന്ദേശത്തിൽ നിന്ന്)

അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഗോളതലത്തിലുള്ള ജൈത്രയാത്രയിൽ നമുക്കും തഹ്രീക് ജദീദിൽ ആത്മാർഥമായി ഭാഗഭാക്കായിക്കൊണ്ട് മുന്നേറാം.

## ധനത്യാഗത്തിനുള്ള സമയം

തങ്ങളെ ബയ്അത്ത് ചെയ്തവരെന്ന് മനസിലാക്കുന്ന ഓരോരുത്തരും തങ്ങളുടെ സമ്പത്ത് കൊണ്ട് ഈ പ്രസ്ഥാനത്തെ സഹായിക്കേണ്ട സമയമാണിത്. ഒരു പൈസ കൊടുക്കാൻ കഴിവുള്ളവർ എല്ലാ മാസവും ഒരു പൈസ കൊടുക്കട്ടെ. ഒരു രൂപ കൊടുക്കാൻ കഴിവുള്ളവർ ഒരു രൂപ നൽകണം. ബയ്അത്ത് ചെയ്ത ഓരോരുത്തരും അവരുടെ കഴിവിനനുസരിച്ച് സഹായിക്കേണ്ടതാണ്. അല്ലാഹുവും അവരെ സഹായിക്കുന്നതാണ്. *(കിശ്തിനൂഹ്)*

## ലുബ്ധൻ

തങ്ങളുടെ കഴിവും സൗഭാഗ്യവുമനുസരിച്ച് ഈ പ്രസ്ഥാനത്തിന് കുറച്ച് പൈസ കൊണ്ട് സഹായം ചെയ്യാൻ തയ്യാറല്ലാത്തവരെക്കുറിച്ച് എന്ത് പ്രതീക്ഷിക്കാനാണ്? ഈ പ്രസ്ഥാനത്തിന് അവരെകൊണ്ട് എന്ത് പ്രയോജനം?.... ലോകത്ത് ഒരു പ്രസ്ഥാനവും ഭൗതികമാണെങ്കിലും ആത്മീയമാണെങ്കിലും സമ്പത്ത് കൂടാതെ ചലിക്കുന്നതല്ല. അല്ലാഹു ലോകത്തുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ഭൗതിക സാഹചര്യങ്ങൾ വെച്ചിട്ടുണ്ട്. ഉത്തമമായ ഉദ്ദേശ്യത്തിന്റെ വിജയത്തിന്‌വേണ്ടി ചെറിയ സാധനങ്ങൾ ഉദാഹരണമായി ഏതാനും പൈസ ചിലവ് ചെയ്യാത്തവർ എത്രമാത്രം പിശുക്കനും ലുബ്ധനുമാണ്. *(മൽഫൂസാത്ത് ഭാഗം : 3)*

## ഉപദേശിക്കുക

നിങ്ങളിൽ ഓരോരുത്തരേയും ഇവിടെ ഉള്ളവരേയും ഇല്ലാത്തവരേയും ഓർമിപ്പിക്കുകയാണ്. തങ്ങളുടെ സഹോദരങ്ങളെ ചന്ദയെക്കുറിച്ച് ബോധവൽക്കരിക്കുക. ദുർബലനായ സഹോദരനേയും ചന്ദയിൽ ഉൾപ്പെടുത്തണം. ഈ അവസരം പിന്നീട് കിട്ടുന്നതല്ല. എത്ര അനുഗൃഹീത ഘട്ടമാണിത്. ആരോടും ജീവൻ ചോദിക്കുന്നില്ല, ജീവൻ കൊടുക്കേണ്ട ഘട്ടവുമല്ല, മറിച്ച് തങ്ങളുടെ കഴിവനുസരിച്ച് സമ്പത്ത് ചെലവഴിക്കേണ്ടകാലമാണ്. *(മൽഫൂസാത്ത് ഭാഗം : 3)*

## ഈമാനും പിശുക്കും

പിശുക്കും ഈമാനും ഒരേ ഹൃദയത്തിൽ ഉണ്ടായിരിക്കുമെന്ന് ഞാൻ കരുതുന്നില്ല. അല്ലാഹുവിൽ സത്യഹൃദയത്തോടെ വിശ്വസിക്കുന്നവൻ പെട്ടികളിൽ ഭദ്രമാക്കിവെച്ച പണത്തെ മാത്രമല്ല തന്റെ സമ്പത്തെന്ന് കരുതുക, മറിച്ച് അല്ലാഹുവിന്റെ എല്ലാ ഖജനാവുകളേയും തന്റെതെന്ന് ഗണിക്കുന്നതാണ്. അങ്ങിനെ പ്രകാശം വരുമ്പോൾ അന്ധകാരം മായുന്നതുപോലെ അയാളിൽ നിന്ന് പിശുക്ക് ദൂരെയകന്നുപോകുന്നതാണ്. *(മജ്മൂഅ ഇശ്തിഹാറാത്ത് ഭാഗം : 3)*

## നന്മ പ്രാപിക്കാൻ

എത്രയും വേഗം നിങ്ങൾ അല്ലാഹുവിലേക്ക് മടക്കപ്പെടുന്നതും ചോദിക്കപ്പെടുന്നതുമാണ്. നിങ്ങളുടെ സമ്പത്തും, സ്വത്തും നിങ്ങളോടൊപ്പം പോകുന്നതല്ല. ആയതിനാൽ ബോധവാന്മാരാവുക. ജാഹിലാകരുത്. തങ്ങളുടെ സമ്പത്തും, ജീവനും കൊണ്ട് ദൈവ മാർഗത്തിൽ പ്രയത്നിക്കുവിൻ. അനുസരണയോടെ എഴുന്നേൽക്കുവിൻ. സ്വാദിഖീംകളുടെ പ്രവർത്തനങ്ങൾ ചെയ്യാതെ അല്ലാഹു ഇഷ്ടപ്പെടുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ പ്രിയപ്പെട്ട ധനം ചെലവ് ചെയ്യാതെ നിങ്ങൾക്ക് ഒരിക്കലും നന്മ പ്രാപിക്കാൻ സാധ്യമല്ല.

*(മജ്മൂഅ ഇശ്തിഹാറാത്ത് ഭാഗം : 3)*

## അല്ലാഹു വർദ്ധിപ്പിക്കുന്നു.

അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്യുന്നവർക്ക് അല്ലാഹു ധനത്തിൽ അനുഗ്രഹം ചൊരിയുന്നതാണ്. ഉദാഹരണമായി. ഒരു വിത്ത് വിതക്കുമ്പോൾ അത് ഒരു വിത്ത് മാത്രമാണ്. പക്ഷേ, അല്ലാഹു അതിൽ ഏഴ് കതിരുകളും ഓരോ കതിരിലും നൂറ് ധാന്യങ്ങളും സൃഷ്ടിക്കുന്നു. അതായത് അധികരിപ്പിക്കുക എന്നത് അല്ലാഹുവിന്റെ കഴിവിൽപ്പെട്ടതാണ്. *(ചശ്മയെ മഅ്രിഫത്ത്)*




# ദൈവിക പരിച

ഒരു ദിവസം രാത്രി നബി(സ) ആടുമേയ്ക്കുന്ന തന്റെ കൂട്ടാളിയോട് പറഞ്ഞു, നീ എന്റെ ആടുകളെ ശ്രദ്ധിക്കണം. ഞാൻ പട്ടണത്തിൽ പോയി ജനങ്ങളുടെ സദസ്സ് കണ്ടിട്ട് വരാം. അക്കാലത്ത് രാത്രി സമയങ്ങളിൽ ജനങ്ങൾ ഏതെങ്കിലും വീട്ടിൽ ഒരുമിച്ച് കൂടി, കഥകൾ പറയുകയും, കവിയരങ്ങ് സംഘടിപ്പിക്കുകയും പതിവായിരുന്നു. പലപ്പോഴും മുഴുവൻ രാത്രിയും ഇങ്ങനെ കഴിച്ച് കൂട്ടിയിരുന്നു.

നബി(സ)ഉം കുട്ടിക്കാലത്തെ ആഗ്രഹത്തിൽ ഇത് കാണാൻ പോകുകയുണ്ടായി. പക്ഷെ അല്ലാഹുവിന്, ഈ നിരർത്ഥകമായ സദസ്സിൽ നബി(സ) പങ്കെടുക്കുന്നത് ഇഷ്ടമായിരുന്നില്ല. നബി(സ) ഒരു സ്ഥലത്തെത്തിയെങ്കിലും വഴിയിൽ തന്നെ ഉറക്കം വരികയും രാവിലെ വരെ ഉറങ്ങുകയും ചെയ്തു. മറ്റൊരു സന്ദർഭത്തിലും പോകാൻ തുനിഞ്ഞെങ്കിലും ദൈവിക ഹസ്തങ്ങൾ തിരുനബിയെ തടയുകയാണുണ്ടായത്. നുബുവ്വത്തിന് ശേഷം നബി(സ) പറയുകയുണ്ടായി. ഞാൻ ജീവിതത്തിൽ രണ്ട് തവണ ഇത്തരം സദസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിച്ചെങ്കിലും ഞാൻ തടയപ്പെടുകയാണുണ്ടായത്.

# ഇരുപതാം വയസ്സിലെ യുദ്ധം

അറബികൾ വളരെയേറെ യുദ്ധം ചെയ്യുന്ന സമൂഹമായിരുന്നു. പോരടിച്ച് മരിക്കുന്നത് അവർ അഭിമാനമായിട്ടാണ് ഗണിച്ചിരുന്നത്. അതുകൊണ്ട് തന്നെ നിസ്സാര പ്രശ്നങ്ങളിൽ പോലും വാളുയർത്തിയിരുന്നു.അത്തരം സന്ദർഭങ്ങളിൽ വലിയൊരു പാത്രത്തിൽ നിറയെ രക്തം കൊണ്ടുവന്ന് അതിൽ വിരൽ മുക്കിക്കൊണ്ട്, മരണം വരെ പോരടിക്കാമെന്ന് ശപഥം ചെയ്തിരുന്നു.

ഗോത്രങ്ങൾക്കിടയിൽ വൈരാഗ്യം നിലനിന്നിരുന്നു. കാരണം ഓരോ ഗോത്രവും തങ്ങളുടെ അന്തസ്സും ആഭിജാത്യവും ഏറെ ശ്രദ്ധിച്ചിരുന്നു. അത് കൊണ്ട് തന്നെ വ്യത്യസ്ഥ ജനങ്ങൾ പങ്കെടുക്കുന്ന മേളകളിലും മറ്റും യുദ്ധത്തിന് കളമൊരുങ്ങുന്നത് ഒരു വലിയ കാര്യമല്ല.

നബി(സ) ന്റെ ചെറുപ്പകാലത്ത്, ഉക്കാസ് മേളയിൽ -ഇത് മക്കയുടെ കിഴക്ക് മൂന്നു ദിവസത്തെ യാത്ര കൊണ്ട് എത്തിപ്പെടാവുന്ന വളരെ മനോഹരമായ താഴ്‌വരയിലാണ് നടത്തിയിരുന്നത്.- ഖൈസ് ഈലാൻ, ബനൂകിനാന എന്നീ ഗോത്രങ്ങൾ തമ്മിൽ ചില കശപിശകൾ ഉണ്ടായി. ഒരു പരിതിവരെ രണ്ട് ഗോത്രങ്ങളിലേയും നേതാക്കന്മാർ യുദ്ധം ഉണ്ടാകുന്നതിൽ നിന്ന് കാത്തെങ്കിലും പതിയെ പതിയെ ബന്ധങ്ങൾ വഷളാവുകയും അത് യുദ്ധത്തിൽ കലാശിക്കുകയും ചെയ്തു. ഇത് ചരിത്രത്തിൽ ഫുജ്ജാർ യുദ്ധം എന്നാണ് അറിയപ്പെടുന്നത്. അതായത് അനാവശ്യ യുദ്ധം. കാരണം, അറബികളുടെ അതി പുരാതന കീഴ് വഴക്കമനുസരിച്ച്, യുദ്ധം ചെയ്യാൻ പാടില്ലാത്ത, ഹറമിൽ ആണ് യുദ്ധം പൊട്ടിപ്പുറപ്പെട്ടത്.

യുദ്ധം വളരെ ശക്തിമത്തായ രീതിയിലായി.ജാഹിലിയ്യാ കാലഘട്ടത്തിലെ വളരെ പേര് കേട്ട യുദ്ധമാണിത്. ഖുറൈശികൾ ഉൾപ്പെടുന്ന ബനൂ കിനാന ഒരു ഭാഗത്തും ഹവാസൻ ഗോത്രം ഉൾപ്പെടുന്ന ഖൈസ് ഈലാൻ മറുഭാഗത്തും.

ഈ യുദ്ധത്തിന്റെ അവസാന പോരാട്ടത്തിൽ നേതാക്കന്മാരുടെ സമരവീര്യം എത്രത്തോളമായിരുന്നുവെന്നാൽ പലരും തങ്ങളെ കല്ലു കൊണ്ട് കെട്ടുകയുണ്ടായി. ഓടി രക്ഷപ്പെടണമെന്ന് ആഗ്രഹിച്ചാൽ പോലും രണാങ്കണം വിടാൻ കഴിയരുതെന്നായിരുന്നു അവർ ഉദ്ദേശിച്ചത്. പകൽ, ആദ്യമൊക്കെ ഖൈസ് ഈലാൻ മുന്നിട്ടു നിന്നെങ്കിലും അവസാനമാകുമ്പോഴേക്ക് ബനൂ കിനാന ആധിപത്യം നേടുകയുണ്ടായി. ഖൈസ് ഈലാന്റെ പരാജയത്തെ തുടർന്ന് രണ്ട് ഗോത്രങ്ങളും സന്ധി ചെയ്തു.

ഈ യുദ്ധത്തിൽ നബി (സ) യും പങ്കെടുത്തിരുന്നു. ചില നിവേദനങ്ങളിൽ നിന്ന് മനസ്സിലാകുന്നത്, നബി (സ) സൈന്യത്തിൽ ഉൾപ്പെട്ടിരുന്നെങ്കിലും ആരെയും വധിച്ചിട്ടില്ല എന്നാണ്. തന്റെ പിതൃവ്യൻമാർക്ക് അമ്പ് എടുത്ത് കൊടുത്തുകൊണ്ടിരുന്നു. അന്ന് നബി(സ)ന് ഏകദേശം ഇരുപത് വയസ്സായിരുന്നു പ്രായം. ഈ യുദ്ധത്തിൽ ചെറു ഗോത്രങ്ങൾക്ക് പ്രത്യേകം പ്രത്യേകം നേതാവുണ്ടായിരുന്നു. ബനൂഹാശിം സുബൈറിബ്നു അബ്ദുൽ മുത്തലിബിന്റെ നേതൃത്വത്തിലാണ് യുദ്ധത്തിൽ പങ്കെടുത്തത്. പക്ഷെ ബനൂ കിനാനയുടെ മൊത്തത്തിലുള്ള നേതാവ് ഇബ്നു ഉമയ്യ ആയിരുന്നു. അദ്ദേഹം അബൂസുഫിയാന്റെ പിതാവും അമീർ മുആവിയയുടെ പിതാമഹനുമായിരുന്നു.

*(സീറത്ത് ഖാത്തമുന്നബിയ്യീൻ)*
*സമ്പാ : എ.എസ്*




# അദ്ദേഹം നിന്റെ എളാപ്പയാണ്

ഹ: മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: ഹ:മസീഹ് മൗഊദ് (അ) തന്റെ റൂമിൽ ഉണ്ടായിരുന്നു. ഉമ്മയും അവിടെ ഉണ്ടായിരുന്നെന്നാണ് തോന്നുന്നത്. ഞാൻ എന്തോ കാര്യം പറഞ്ഞപ്പോൾ നിസാമുദ്ദീൻ എന്ന് മാത്രം പറഞ്ഞു. ഹ:മസീഹ് മൗഊദ് (അ) എന്നോട് പറഞ്ഞു. മോനേ അദ്ദേഹം നിന്റെ എളാപ്പയാണ്. ഇങ്ങനെ പേര് മാത്രം പറയരുത്. മിർസാ നിസാമുദ്ദീൻ,മിർസാ ഇമാമുദ്ദീൻ, മിർസാ കമാലുദ്ദീൻ എന്നിവർ ഹ:മസീഹ് മൗഊദ് (അ)ന്റെ സ്വന്തം പിതൃവ്യനായ മിർസാ ഗുലാം മുഹ്‌യുദ്ദീൻ സാഹിബിന്റെ മക്കളായിരുന്നു. ഇവരുടെ സ്വന്തം സഹോദരിയാണ് ഞങ്ങളുടെ മൂത്തുമ്മ. അതായത് മസീഹ് മൗഊദ് (അ) ന്റെ ജേഷ്ഠൻ മിർസാ ഗുലാം ഖാദിർ സാഹിബിന്റെ ഭാര്യ. ഇത്രയും അടുത്ത ബന്ധമായിരുന്നെങ്കിലും അവർക്കെല്ലാം ഹ:മസീഹ് മൗഊദ് (അ)നോട് കഠിനമായ എതിർപ്പായിരുന്നു. അതിന് പ്രധാന കാരണം ദീനായിരുന്നു. അവരൊക്കെ പൂർണ്ണമായും ഭൗതികതയിൽ കഴിയുന്നവരും ദീനില്ലാത്തവരുമായിരുന്നു. മിർസാ നിസാമുദ്ദീൻ ഇസ്‌ലാമിനെപ്പോലും പരിഹസിച്ചിരുന്നു. അതുകൊണ്ട് തന്നെ അവരുമായി ഒരിക്കലും നല്ലൊരു ബന്ധം ഉണ്ടായിരുന്നില്ല. ഈ അകൽച്ച കാരണമാണ് ഞാൻ നിസാമുദ്ദീൻ എന്ന് മാത്രം പറഞ്ഞത്. പക്ഷെ ഹ:മസീഹ് മൗഊദ്(അ)ന്റെ ഉന്നതമായ സ്വഭാവവൈശിഷ്ട്യം അത് ഇഷ്ടപ്പെടുകയുണ്ടായില്ല.



# വിരോധിയുടെ മകൾ വിശ്വാസത്തിലേക്ക്

ഹ:ഉമ്മുൽ മുഅ്മിനീൻ(റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ മിർസാ ഇമാമുദ്ദീൻ ആരോടോ ഉച്ചത്തിൽ പറയുന്നുണ്ടായിരുന്നു. സഹോദരാ, ചിലർ (അതായത്, ഹ: മസീഹ് മൗഊദ് (അ) നെ ഉദ്ദേശിച്ച്കൊണ്ട്) കച്ചവടം നടത്തി സമ്പാദിക്കുകയാണ്. നമ്മളും കച്ചവടം തുടങ്ങുകയാണ്. അദ്ദേഹം പീറായിക്കൊണ്ട് കച്ചവടം തുടങ്ങുകയും ചെയ്തു.

യഥാർത്ഥത്തിൽ മിർസാ ഇമാമുദ്ദീനായിരുന്നു വലിയ വിരോധി. അദ്ദേഹത്തിന്റെ മരണശേഷം നിസാമുദ്ദീനും മറ്റും പഴയ എതിർപ്പ് ഇല്ലായിരുന്നു. മിർസാ ഇമാമുദ്ദീന്റെ മകൾ, അതായത് മിർസാ സുൽത്താൻ അഹ്മദ് സാഹിബിന്റെ ഭാര്യ കുറച്ച് മുമ്പ് ബൈഅത്ത് ചെയ്ത് അഹ്മദിയായിരുന്നു.

# ഹദ്റത്ത് അബ്ദുർറഹ്മാനിബ്നു ഔഫ് (റ)

ഹദ്റത്ത് അബ്ദുർറഹ്മാനിബ്നു ഔഫ്(റ) തിരുനബി (സ) സ്വർഗ്ഗത്തെക്കുറിച്ച് സുവാർത്തയറിയിച്ച പത്ത് സഹാബാക്കളിൽ ഉൾപ്പെടുന്നു. ആദ്യം അബ്ദു അമർ എന്നായിരുന്നു പേര്. ചില നിവേദനങ്ങളിൽ അബ്ദു കഅബ് എന്ന് കാണുന്നു. മുസ്ലിം ആയപ്പോൾ നബി (സ) ആണ് അബ്ദുർറഹ്മാൻ എന്ന പേര് വെച്ചത്.

ഗജവർഷം 10ലാണ് ജനിച്ചത്. ജാഹിലിയ്യാ കാലഘട്ടത്തിൽ പോലും ഭയഭക്തിയുള്ള ആളായിരുന്നു. ആദ്യം ഇസ്ലാം സ്വീകരിച്ച എട്ട് പേരിൽ ഇദ്ദേഹവും ഉൾപ്പെടുന്നു. ഹദ്റത്ത് അബൂബക്കർ (റ)ന്റെ തബ്ലീഗിലൂടെയാണ് ഇസ്ലാമിനെക്കുറിച്ചറിഞ്ഞത്. ഹബ്ശയിലേക്ക് ഹിജ്റത്ത് പോയിരുന്നു.

### മദീനയിൽ

മദീനയിൽ എത്തിയപ്പോൾ അദ്ദേഹത്തിന് ഹദ്റത്ത് സഅദ്(റ)ബ്നു റബീഉമായി നബി(സ) സാഹോദര്യ ബന്ധം ഉണ്ടാക്കിക്കൊടുത്തു. തന്റെ സ്വത്തിന്റെ പകുതിയും സമ്മാനമായി ഹദ്റത്ത് സഅദ്(റ) ഹദ്റത്ത് അബ്ദുർറഹ്മാനുബ്നു ഔഫിന് മുന്നിൽ സമർപ്പിക്കുകയും തന്റെ ഭാര്യമാരിൽ ഒരാളെ തലാഖ് ചെയ്ത് തരാമെന്ന് പറയുകയും ചെയ്തിരുന്നു. പക്ഷെ ഇസ്ലാം അതിന് അനുവാദം നൽകുന്നുണ്ടായിരുന്നില്ല. ഹദ്റത്ത് അബ്ദുർറഹ്മാനുബ്നു ഔഫ് സഅദിനോട് നന്ദി അറിയിച്ച ശേഷം മാർക്കറ്റിലേക്ക് വഴി ചോദിക്കുകയാണ് ചെയ്തത്. അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി. എനിക്ക് അല്ലാഹു ഒരുപാട് അനുഗ്രഹം നൽകി. എത്രത്തോളമെന്നാൽ ഞാൻ മണ്ണെടുത്താൽ അതിനടിയിൽ സ്വർണ്ണമുണ്ടാകുമെന്ന് എനിക്ക് ഉറപ്പായിരുന്നു. അങ്ങനെ ഏതാനും വർഷം കൊണ്ട് തന്നെ ഉന്നതമായ രീതിയിൽ കച്ചവടത്തിൽ അഭിവൃദ്ധി നേടി .

### വലീമ

ഒരിക്കൽ അദ്ദേഹത്തെ വിവാഹ വസ്ത്രത്തിൽ വിഭൂഷിതനായി കണ്ടപ്പോൾ നബി (സ) ചോദിച്ചു. അബ്ദുർറഹ്മാൻ ഇതെന്താണ്? അദ്ദേഹം പറഞ്ഞു. ഹുസൂർ ഞാൻ വിവാഹം കഴിച്ചിരിക്കുന്നു. നബി(സ) ചോദിച്ചു, എത്രയാണ് മഹർ. അദ്ദേഹം പറഞ്ഞു, ഒരു ഈത്തപ്പഴക്കുലക്ക് തുല്യമായ സ്വർണ്ണമാണ് കൊടുത്തത്. നബി (സ) പറഞ്ഞു. ഒരു ആടിനെ അറുത്തിട്ടെങ്കിലും വലീമ നടത്തണം.

ഹദ്റത്ത് അബ്ദുർറഹ്മാൻ (റ) ന് നബി(സ) മസ്ജിദ് നബവിക്കടുത്ത് ഒരു വീടും അൽപം ഭൂമിയും നൽകിയിരുന്നു. സിറിയ കീഴടക്കപ്പെട്ടാൽ അവിടെ അദ്ദേഹത്തിന് ഭൂമി നൽകാമെന്നും വാഗ്ദാനം ചെയ്തിരുന്നു.

### ഉഹദ് യുദ്ധം

നബി(സ)ന്റെ കൂടെ എല്ലാ യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തിരുന്നു. ഉഹ്ദ് യുദ്ധാവസരത്തിൽ ധൈര്യത്തോടു കൂടി പൊരുതിയ അദ്ദേഹത്തിന്റെ മുന്നിലെ രണ്ട് പല്ലുകൾ ശഹീദാവുകയും ശരീരത്തിൽ 21 പരുക്കുകൾ ഉണ്ടാവുകയും ചെയ്തു. ഈ യുദ്ധത്തിൽ കാലിനേറ്റ പരിക്കു കാരണം അദ്ദേഹം മുടന്തനാവുകയും ചെയ്തു.

നബി(സ) ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ 700 ലേറെ ദൗഹത്തുൽ ജന്തലിലേക്ക് തബ്ലീഗിന് അയച്ചിരുന്നു. ഈയവസരത്തിൽ നബി (സ) അദ്ദേഹത്തിന്റെ തലയിൽ കറുത്ത തലപ്പാവ് അണിയിക്കുകയുണ്ടായി.

### ഇമാമത്ത്

ഒരിക്കൽ യാത്രാവസരത്തിൽ നബി (സ) ഏതോ ഒരാവശ്യത്തിന് പോയതായിരുന്നു. നമസ്ക്കാര സമയമായിട്ടും നബി (സ) നെ കാണാഞ്ഞപ്പോൾ ഹദ്റത്ത് അബ്ദുർ റഹ്മാനിബ്നു ഔഫിന്റെ നേതൃത്വത്തിൽ സഹാബാക്കൾ നമസ്ക്കാരം തുടങ്ങി. ഇതിനിടയിൽ നബി (സ) എത്തുകയും അദ്ദേഹത്തിന്റെ പിന്നിൽ നമസ്ക്കരിക്കുകയും ചെയ്തു. ഇതിനെക്കുറിച്ച് നബി (സ) പറഞ്ഞത്, എല്ലാ നബിയും തന്റെ ഉമ്മത്തിലെ വരിഷ്ഠനായ വ്യക്തിയുടെ പിന്നിൽ തീർച്ചയായും നമസ്ക്കരിച്ചിട്ടുണ്ട് എന്നായിരുന്നു.

### ഫത്വ

നബി (സ) ഫത്വ നൽകാൻ അധികാരം നൽകിയവരിൽ ഒരാൾ ഹദ്റത്ത് അബ്ദുർ റഹ്മാനിബ്നു ഔഫായിരുന്നു.

### പട്ട്വസ്ത്രം

ശരീരത്തിൽ ചൊറിച്ചിലുണ്ടായിരുന്ന കാരണത്താൽ നബി (സ) അദ്ദേഹത്തിന് പട്ട് വസ്ത്രം ധരിക്കാൻ അനുമതി നൽകിയിരുന്നു. രണ്ടാം ഖിലാഫത്ത് കാലത്ത് ഒരിക്കൽ അദ്ദേഹവും മകനും പട്ട് വസ്ത്രം ധരിച്ച് ഹദ്റത്ത് ഉമർ(റ)ന്റെ സവിധത്തിലെത്തിയപ്പോൾ ഉമർ(റ) മകന്റെ വസ്ത്രം കീറുകയുണ്ടായി. അബ്ദുർറഹ്മാൻ (റ) പറഞ്ഞു, നബി (സ) എനിക്ക് ഇത് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഉമർ(റ) പറഞ്ഞു. അനുവാദം നിങ്ങൾക്കാണ് നൽകിയത്. അതാവട്ടെ രോഗം കാരണമാണ് താനും. പക്ഷെ മകന് അനുവാദം നൽകിയിട്ടില്ലല്ലോ.

### ധനത്യാഗം

ഹദ്റത്ത് അബ്ദുർറഹ്മാൻ (റ) ധനത്യാഗത്തിന്റെ കാര്യത്തിൽ എന്നും ഓർക്കപ്പെടുന്നതാണ്. ഒരിക്കൽ മദീനയിൽ പട്ടിണി കാരണം ജനങ്ങൾ വിഷമിക്കുകയായിരുന്നു. അതിനിടെ ഹദ്റത്ത് അബ്ദുർറഹ്മാൻ (റ) 700 ഒട്ടകങ്ങളുടെ പുറത്ത് നിറയെ ഭക്ഷണ സാധനങ്ങളുമായി മദീനയിലെത്തി. ജനങ്ങൾക്കിടയിൽ നിന്ന് ബഹളം കേട്ടപ്പോൾ ഹദ്റത്ത് ആയിശാ(റ) ചോദിച്ചു. എന്തിനാണ് നിങ്ങൾ ബഹളം കൂട്ടുന്നത്. അബ്ദുർ റഹ്മാൻ ബിൻ ഔഫ് 700ഒട്ടകങ്ങളുടെ പുറത്ത് ഭക്ഷണ സാധനങ്ങളുമായി എത്തിയതായി അവരെ അറിയിച്ചു. ഹദ്റത്ത് ആയിശാ(റ) പറഞ്ഞു, അബ്ദുർ റഹ്മാൻ മുട്ടുകുത്തിയാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുകയെന്ന് നബി(സ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. ഈ നിവേദനം കേട്ട അബ്ദുർറഹ്മാൻ ഹദ്റത്ത് ആയിശാ (റ) യുടെ സവിധത്തിലെത്തി പറഞ്ഞു. ഉമ്മാ ഞാൻ അല്ലാഹുവിനെ സാക്ഷി നിർത്തിക്കൊണ്ട് പറയുന്നു. ഈ എല്ലാ സാധനങ്ങളും ഒട്ടകങ്ങളും ഞാൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിക്കുന്നു.

മറ്റൊരിക്കൽ തന്റെ സമ്പത്തിന്റെ 1/4 ഭാഗവും, ഇസ്ലാമിന് വേണ്ടി സമർപ്പിച്ചു. ഒരിക്കൽ നാൽപതിനായിരം ദിർഹമും, വേറൊരിക്കൽ നാൽപതിനായിരം ദീനാറും നൽകി. അതുപോലെ ഒരിക്കൽ 500 ഒട്ടകങ്ങളും, 500 കുതിരകളും ദൈവമാർഗത്തിൽ സമർപ്പിക്കുകയുണ്ടായി.

### ഒരു നോമ്പ് തുറ

ഒരിക്കൽ നോമ്പ് തുറക്കുമ്പോൾ വിവിധതരം ഭക്ഷണങ്ങൾ കണ്ട അബ്ദുർ റഹ്മാൻ (റ) വിതുമ്പിക്കൊണ്ട്, ഭക്ഷണത്തിൽ നിന്ന് കയ്യെടുത്തു. അദ്ദേഹം പറഞ്ഞു, മസ്അബ്(റ) ബിനു ഉമൈർ ശഹീദായപ്പോൾ, അദ്ദേഹത്തിന്റെ ശരീരം പൊതിയാൻ മാത്രം തുണി ഇല്ലായിരുന്നു. തുണി തലയിലിട്ടാൽ കാലും കാൽഭാഗത്തേക്ക് ഇട്ടാൽ തലയും പുറത്താകുമായിരുന്നു. ശഹീദായ ഹംസയും എന്നേക്കാൾ എത്ര മഹോന്നതനാണ്. അല്ലാഹു എനിക്ക് എല്ലാ സൗഭാഗ്യങ്ങളും ഈ ലോകത്ത് തന്നെ തന്നിരിക്കുകയാണോ എന്ന് ഞാൻ ഭയപ്പെടുന്നു!

### ജിബ്രീലിന്റെ സന്ദേശം

ഒരിക്കൽ നബി(സ) അദ്ദേഹത്തോട് പറഞ്ഞു: അബ്ദുർ റഹ്മാൻ, നിങ്ങൾ സ്വർഗത്തിൽ മുട്ടുകളിൽ ഇഴഞ്ഞുകൊണ്ടാണ് പ്രവേശിക്കുക, കാരണം നിങ്ങൾ സമ്പന്നനാണ്. അതുകൊണ്ട് ദൈവമാർഗത്തിൽ ധനം ചെലവഴിക്കുക, അങ്ങിനെയായാൽ നിങ്ങൾക്കും നടന്നുകൊണ്ട് സ്വർഗത്തിൽ പ്രവേശിക്കാം. അബ്ദുർ റഹ്മാൻ(റ) ചോദിച്ചു, മുഴുവൻ സമ്പത്തും ചെലവഴിക്കണമോ? നബി(സ) പറഞ്ഞു: അതേ.

കുറച്ചു സമയത്തിനകം നബി(സ), അദ്ദേഹത്തെ തിരിച്ചു വിളിച്ചുകൊണ്ട് പറഞ്ഞു, ഹ. ജിബ്രീൽ (അ) എന്നോട് പറഞ്ഞു, അബ്ദുർ റഹ്മാനോട് പറയുക, അതിഥികളെ സൽക്കരിക്കുകയും, ദരിദ്രരെ ഊട്ടുകയും ആവശ്യക്കാർക്ക് നൽകുകയും, അന്യരേക്കാൾ അടുത്ത ബന്ധുക്കളിൽ ചിലവഴിക്കുകയും ചെയ്താൽ സമ്പത്ത് പരിശുദ്ധമാകുന്നതാണ്.

### ഖിലാഫത്ത് കമ്മിറ്റി

ഹ. ഉമർ(റ) ഒരു ദുർഭഗന്റെ കുത്തേറ്റ് ശഹീദാവുകയുണ്ടായി.തന്റെ മരണത്തിന് അൽപം മുമ്പ്, അടുത്ത ഖിലാഫത്ത് സ്ഥാനത്തേക്ക് ആറ്പേരെ നിർദേശിച്ചതിൽ ഒന്ന് ഹ. അബ്ദുർ റഹ്മാൻ (റ) ആയിരുന്നു. മാത്രമല്ല ഖിലാഫത്ത് സ്ഥാനത്തേക്ക് അദ്ദേഹത്തിന്റെ പേര് വന്നെങ്കിലും അദ്ദേഹം സ്വയം പിൻമാറുകയും, ഉസ്മാൻ (റ)നെ നിർദ്ദേശിക്കുകയുമാണുണ്ടായത്.

### വഫാത്ത്

ഹിജ്രി 32 ൽ അബ്ദുർ റഹ്മാൻ(റ)ബിനു ഔഫ് 75-ാ മത്തെ വയസിൽ വഫാത്തായി.

(അവ: റോഷൻ സിത്താരെ, by ഗുലാം ബാരിസൈഫ്, റബ്വ
ആശയാനുവാദം: എ. നാസിർ)

വനിതാരംഗം
അബൂഅത്തിയ

# അവരാണ് യഥാർത്ഥ അഹ്മദി സ്ത്രീകൾ

## തഹ്രീക് ജദീദ്
## അഹ്മദിസ്ത്രീകളുടെ ത്യാഗം

ദീനിന്റെ പുരോഗതിക്ക് വേണ്ടി അവരും സർവ സ്വവും ബലിയർപ്പിക്കാൻ തയ്യാറായി. തഹ്രീക് ജദീദ് വിളംബരപ്പെടുത്തിയപ്പോൾ ഖാദിയാനിലെ ലജ്ന ഇമാഇല്ലാഹ് പാസാക്കിയ റസലൂഷൻ അവതരിപ്പിച്ചത് സദ്ർ ലജ്ന ഖാദിയാൻ (ഹദ്റത്ത് ഹാഫിസ് റോശൻ അലി സാഹിബ് (റ)ന്റെ സഹധർമ്മിണി) ആയിരുന്നു.

"ഞങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആഹ്വാനത്തിന് ലബ്ബയ്ക്ക് പറഞ്ഞുകൊണ്ട് ശപഥം ചെയ്യുന്നു, ഞങ്ങൾ ഹുസൂറിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ മൂന്ന് വർഷം തികച്ചും ലളിതമായ ജീവിതം നയിക്കുന്നതാണ്. കഴിയുന്നിടത്തോളം, വസ്ത്രത്തിലും, ഭക്ഷണത്തിലും മിതവ്യയം ശീലമാക്കുന്നതാണ്. അതുപോലെ തന്നെ ഇൻശാഅല്ലാഹ്, ദീനി ഖിദ്മത്തിന് ഞങ്ങൾ എപ്പോഴും തയ്യാറായിരിക്കും. ഞങ്ങളുടെ ജീവനും സമ്പത്തും എല്ലാം (സത്യദീനിന്) സമർപ്പിക്കുകയാണ്. ഞങ്ങളുടെ സന്തോഷവും, സുഖവും, സൗന്ദര്യവും, അലങ്കാരവും, സമാധാനവും, വിശ്വാസവും, സംതൃപ്തിയും എല്ലാം സത്യദീനിന്റെ പുരോഗതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ 'ദീനിനെ ദുൻയാവിനേക്കാൾ പരിഗണിക്കും' എന്ന് ഞങ്ങൾ ഇമാമുൽ മുത്തഖീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയുമായി ചെയ്തിട്ടുള്ള ശപഥം അതേപടി നടപ്പിൽ വരുത്തേണ്ട സമയം സമാഗതമായിരിക്കുന്നു. ഈ ശപഥത്തിൽ, ധനികരും, ദരിദ്രരും, ഇടത്തരക്കാരുമായ എല്ലാ സഹോദരിമാരും ഭാഗഭാക്കാണ്.

ഹ. ഖലീഫത്തുൽ മസീഹ് സാനി (റ) പറയുന്നു: "ഞാൻ ഇതു സംബന്ധിച്ച് ഖുതുബയിൽ പത്ത് രൂപയിൽ കൂടുതൽ ആരിൽ നിന്നും വാങ്ങരുതെന്ന് ആഹ്വാനം ചെയ്തിരുന്നു. എന്നിട്ടും ഒരു സ്ത്രീ ഇരുനൂറ് രൂപയോളം വരുന്ന തന്റെ വളകൾ ഇതിലേക്ക് നൽകി. അവരുടെ പൈസ നിർബന്ധപൂർവ്വം തിരിച്ചുകൊടുത്തുകൊണ്ട് ഞാൻ പറഞ്ഞു, നിങ്ങൾ ഇതിൽ പത്ത് രൂപ മാത്രമേ നൽകാവൂ."

## സ്വർഗത്തിലെ ഭവനം

സ്ത്രീകളുടെ സാമ്പത്തിക ത്യാഗത്തെക്കുറിച്ച് ഹ. മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: 'ഖാദിയാനിലെ ദരിദ്രരും, നിസ്സഹായരുമായ സ്ത്രീകൾ ചെയ്ത ത്യാഗങ്ങൾക്ക് തത്തുല്യമായത് മറ്റൊരു സംഘടനയിലും നിങ്ങൾക്ക് കാണാൻ കഴിയില്ല. ഇത് ഖിലാഫത്തിന്റെ അനുഗ്രഹമാണ്. ഇന്നും ഞാൻ അത്ഭുതപ്പെട്ടുപോയി. ഒരു ദരിദ്രയായ സ്ത്രീ, കച്ചവടം ചെയ്യുന്ന അവരുടെ ആകെ മൂലധനം നൂറോ നൂറ്റമ്പതോ രൂപയായിരിക്കും. അവർ ഹിന്ദു മതത്തിൽ നിന്ന് മുസ്‌ലിമായവരാണ്. രാവിലെ എന്റെ അടുക്കൽ വന്ന് പത്ത് രൂപയുടെ അഞ്ച് നോട്ടുകൾ തന്ന്കൊണ്ട് പറഞ്ഞു. ഇത് മസ്ജിദ് വികസനത്തിനുള്ള എന്റെ സംഭാവനയാണ്.

ആ സമയത്ത് ഞാൻ മനസ്സിൽ പറഞ്ഞു, ഈ സ്ത്രീ തന്ന തുക അവരുടെ സ്വത്തിന്റെ പകുതിയോ മൂന്നിൽ ഒന്നോ ആയിരിക്കും. ദൈവിക ഭവനം നിർമ്മിക്കാൻ അവർ അവരുടെ സമ്പത്തിന്റെ പകുതിയോ മൂന്നിലൊന്നോ സമർപ്പിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ അല്ലാഹു തന്റെ ആ സാധുവായ ദാസിക്കു സ്വർഗത്തിൽ ഭവനം നൽകുമെന്നും തന്റെ അനുഗ്രഹത്തിന്റെ ഭാഗഭാക്കാക്കുമെന്നും ഉറപ്പായും വിശ്വസിക്കുന്നു. (അൽഫസൽ 14.3.1944.)

## അനുപമമായ ത്യാഗം

*അൽഹക്കം പത്രാധിപർ ഹദ്റത് മൗലാനാ ശേഖ് മഹ്മൂദ് അഹ്മദ് സാഹിബ് ഇർഫാനി എഴുതുന്നു.*


എന്റെ രണ്ടാമത്തെ സഹോദരി ഹമീദ ഖാത്തൂൻ ഇർഫാനി സാഹിബ, ഹ.മൗലാനാ മുതിഉർറഹ്മാൻ സാഹിബ് ബംഗാളി (മുബല്ലിഗ് അമേരിക്ക) യുടെ ഭാര്യയായിരുന്നു. അവർ രോഗാതുരയായി കിടപ്പിലായി. രോഗവും കഠിനമായ വേദനയും കാരണം അവരുടെ കരച്ചിൽ പുറത്തേക്ക് കേൾക്കാമായിരുന്നു. ഇതിനിടയിലാണ് മൗലവി സാഹിബിന് അമേരിക്കയിൽ പോകാൻ കൽപന ലഭിക്കുന്നത്. ഭാര്യയുടെ ഗുരുതരാവസ്ഥ കണ്ട് കൊണ്ട് മൗലവി സാഹിബ് അവരോട് പറഞ്ഞു. "ഹമീദാ, നീ പറഞ്ഞാൽ ഞാൻ ഹുസൂറിനോട് എന്റെ യാത്ര ഒഴിവാക്കാൻ ആവശ്യപ്പെടാം."

പക്ഷേ മരണശയ്യയിൽ കിടക്കുന്ന ഹമീദ ഖാത്തൂൻ പറഞ്ഞു,"പാടില്ല, താങ്കൾ, എന്നെ അല്ലാഹുവിൽ ഏൽപിച്ച് പൊയ്ക്കൊള്ളുക. ദീനീസേവനത്തിനുള്ള ഈ അവസരം പാഴാക്കരുത്." അങ്ങനെ അദ്ദേഹം അമേരിക്കയിലേക്കുള്ള യാത്രയിൽ ലണ്ടനിൽ ഏത്തിയതേ ഉള്ളൂ, ഹമീദ ഖാത്തൂൻ ഇഹലോക വാസം വെടിഞ്ഞു.

---

ശതാബ്ദം
1911-നവംബർ
എസ്.

# ഹ.ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ മറുപടി



*മൗലവി അബ്ദുൽ ഹഖ് സാഹിബ്, ജോർജ് അഞ്ചാമൻ രാ ജാവിന് ആശംസകളുമായി പണ്ഡിതന്മാരുടെ ഒരു സംഘത്തെ അയക്കുന്നതിൽ സർക്കാറിന് സന്തോഷമാണെന്നും അതിന് തന്നെയാണ് അവർ തിരഞ്ഞെടുത്തിയിരിക്കുന്നതെന്നും എന്നാൽ ഞാൻ താങ്കളെ ഇക്കാര്യത്തിന് വേണ്ടി തിരഞ്ഞെടുക്കുകയാണെന്നും, താങ്കൾ വരുകയാണെങ്കിൽ അത് വലിയൊരു ഔദാര്യമായിരിക്കുമെന്നും പറഞ്ഞുകൊണ്ട്, ഹ. ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന് കത്തയക്കുകയുണ്ടായി.*

ഹുസൂർ(റ) അതിനുള്ള മറുപടിയിൽ എഴുതി:-

ബഹുമാന്യരേ, അസ്സലാമു അലയ്ക്കും വറഹ്മ ത്തുല്ലാഹി വബറക്കാത്തുഹു! ഞാൻ ദുർബലനും, വൃദ്ധനും കൂടാതെ രോഗിയുമാണ്. കുതിരപ്പുറത്ത് നിന്ന് വീണ മുറിവ് ഇപ്പോഴുമുണ്ട്. പിന്നെ മൗലാനാ സാഹിബ്, ഞങ്ങൾ പണ്ഡിതന്മാരോ, തത്വചിന്തകരോ, ഭിഷഗ്വരന്മാരോ അല്ല. എന്നിരിക്കെ രാജാവിന്റെ സവിധത്തിൽ പോകുന്നത് എങ്ങിനെ? ഏതായിരുന്നാലും താങ്കൾ എല്ലാ നിലക്കും അതിന് തിരഞ്ഞെടുക്കപ്പെട്ട ആളും അത്തരം കാര്യങ്ങൾക്ക് യോഗ്യനുമാണ്. ദുഃആയെക്കുറിച്ച് ജനങ്ങൾ എന്ത് കരുതിയാലും ശരി, ഞാൻ ദുഃആയുടെ വക്താവാണ്. ദുഃആ ചെയ്യുന്നതുമാണ്.

മൗലാനാ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ താങ്കൾ പണ്ഡിതനാണ്. പണ്ഡിതന്മാർ സ്വയം പരിഷ്കരിച്ചാൽ അവർക്ക് ലഭിക്കാൻ സാധ്യതയില്ലാത്ത എന്ത് അന്തസാണുള്ളത്? പക്ഷേ ഇപ്പോൾ സംഭവിച്ചു കൊണ്ടിരിക്കുന്നതൊക്കെ *മാ അസ്വാബക്കും മിൻ മുസീബത്തിൻ ഫബിമാ കസബത്ത് അയ്ദീക്കും*



(നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതുകൊണ്ടുള്ള ബുദ്ധിമുട്ടുകളാണ് നിങ്ങൾ അനുഭവിക്കുന്നത്) എന്നതിന്റെ സാക്ഷ്യമാണ്. രാജാവിന് എന്ത് ചെയ്യാൻ കഴിയും?

ഈ പണ്ഡിതന്മാർ ലഭ്യമായ അന്തസ്സിൽ തൃപ്തരല്ല. അല്ലേ? അത് ആരുടെ കുറ്റമാണ്. ഞാൻ 1910 നവംബർ 18 മുതൽ രോഗിയാണ്. യാത്ര ചെയ്യാൻ കഴിയില്ല.

11.11.11

വസ്സലാം
നൂറുദ്ദീൻ

പ്രത്യേക അഭിമുഖം 9.2.2008

സമ്പാ: കെ.വി.ഹസ്സൻകോയ

# ഖിലാഫത്ത് പദവിയിലേക്ക്

**പ്രതിനിധി: ഹുസൂർ അങ്ങയുടെ ഖിലാഫത്തിനെ കുറിച്ച് ചോദിക്കാം. ഈ പദവിയിലേക്ക് തിരഞ്ഞെടുക്കപ്പെടുമ്പോൾ ആ സമയത്ത് അങ്ങയുടെ ചിന്തകൾ എന്തായിരുന്നു. അങ്ങയുടെ പേര് പ്രഖ്യാപിക്കപ്പെട്ടപ്പോൾ ആ സമയത്ത് അങ്ങയ്ക്ക് എന്തുതോന്നി?**



ഹുസൂർ: എന്റെ പേര് പ്രഖ്യാപിക്കപ്പെട്ടപ്പോഴും അവിടെ കൂടി നിന്നവരാരും തന്നെ എന്റെ പേരിൽ വോട്ടുചെയ്യരുതേ എന്നായിരുന്നു എന്റെ പ്രാർത്ഥനയും അഭിപ്രായവും. ആദ്യത്തിൽ വോട്ടെണ്ണിയപ്പോൾ പിശകുണ്ടായിരുന്നു. ആ സമയത്ത് ഞാൻ നോക്കിയപ്പോൾ വളരെ കുറഞ്ഞ കൈകൾ മാത്രമേ കാണാൻ സാധിച്ചിരുന്നുള്ളു. അപ്പോൾ എനിക്ക് ആശ്വാസമായി. രണ്ടാമത്തെ തവണ ഞാൻ നോക്കിയപ്പോൾ മറ്റാർക്കെങ്കിലും കൂടുതൽ വോട്ടുകൾ ഉണ്ടാകും എന്ന് ഞാൻ വിചാരിച്ചു. പക്ഷേ, ഫലപ്രഖ്യാപനം നടന്നപ്പോൾ ഞാൻ ആകെ വിറച്ചു പോയി. ആ മജ്ലിസിന്റെ നിയമപ്രകാരം യാതൊരു ഒഴികഴിവും ഇല്ലാത്തതിനാലാണ്, അല്ലെങ്കിൽ ഞാൻ ഒഴിയുമായിരുന്നു എന്ന് ഞാൻ തന്നെ പറഞ്ഞു. രണ്ടാമതായി, എനിക്ക് ആ സമയത്ത് എന്ത് തോന്നി എന്നതുകൊണ്ട് താങ്കൾ ഉദ്ദേശിക്കുന്നത് ഞാൻ അതിനാഗ്രഹിച്ചുവെന്നാണോ?

**പ്രതിനിധി: ഇല്ല, ഇല്ല ഹുസൂർ. അതല്ല, തിരഞ്ഞെടുപ്പിൽ താങ്കളുടെ പേര് നിർദ്ദേശിച്ചപ്പോൾ ആ സമയത്ത് എന്ത് തോന്നി എന്നാണ്.**

ഹുസൂർ: മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യയിൽ എന്റെ പേര് രണ്ടുതവണ നിർദ്ദേശിക്കപ്പെട്ടപ്പോഴും ഞാൻ തിരഞ്ഞെടുക്കപ്പെടരുതേ എന്ന് ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

**പ്രതിനിധി: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഇ(റഹ്)ന്റെ വഫാത്തിന് ശേഷം പെട്ടെന്ന് നാസിർ ആലാ എന്ന നിലയിൽ താങ്കളുടെ മുൻഗണനകൾ എന്തിനായിരുന്നു?**

ഹുസൂർ: മിക്കവാറും ജോലിയും ഉത്തരവാദിത്വങ്ങളും ഭരണപരമായിരുന്നു. ജമാഅത്ത് കാര്യങ്ങൾ കനത്ത ഭാരമായിരുന്നു. ജമാഅത്ത് കാര്യങ്ങൾ എങ്ങനെയാണ് നടത്തേണ്ടതെന്നതിന്റെ നയോപായവൈദഗ്ദ്യം രൂപീകരിക്കാൻ ജമാഅത്തംഗങ്ങളുടെ നിരവധി യോഗങ്ങൾ വിളിക്കേണ്ടിയിരുന്നു. ഖലീഫത്തുൽ മസീഹ് റാബിഇ(റഹ്)ന്റെ കബറടക്കത്തിന്റെ പ്രശ്നമുണ്ടായിരുന്നു. അതെപ്പോഴായിരിക്കും? എവിടെയാണ് മൃതദേഹം സൂക്ഷിക്കേണ്ടത്? ജനാസ നടത്തേണ്ടതെപ്പോഴാണ്? ഇതെല്ലാം തന്നെ വേർതിരിക്കേണ്ടതുണ്ടായിരുന്നു. ഹുസൂറിന്റെ വഫാത്തിനെ സംബന്ധിച്ച വിവരം എനിക്ക് ലഭിച്ചത് പാക്കിസ്താൻ സമയം ഉച്ചക്ക് 2 മണിക്കായിരുന്നു. ഭാഗ്യവശാൽ അന്ന് രാത്രി തന്നെ പിറ്റേന്നുള്ള യാത്രക്കുള്ള സീറ്റ് കിട്ടി. പിറ്റേന്ന് ഉച്ചക്ക് ശേഷം ഞാൻ ലണ്ടനിൽ എത്തി.

**പ്രതിനിധി: ഹുസൂർ പ്രായോഗികമായ നിലയിൽ ഖലീഫയായതിന്ശേഷം അങ്ങയുടെ ജീവിതം എങ്ങനെയാണ് മാറിയത്?**

ഹുസൂർ: എന്റെ ജീവിതരീതി ആകെ വ്യത്യസ്തമായിരുന്നു. ഞാൻ തികച്ചും പ്രായോഗികരീതിയിലുള്ള ഒരു വ്യക്തിയായിക്കഴിഞ്ഞിരുന്നു. എനിക്ക് ആഫീസിൽ പോലും 2 മണിക്കൂറിലധികം ഇരിക്കാൻ സാധിച്ചിരുന്നില്ല. 2 മണിക്കൂറിനു ശേഷം ഞാൻ പുറത്ത് ഓഫീസുകളിൽ ചുറ്റി നടന്ന് തിരിച്ചുവന്ന് സീറ്റിൽ ഇരിക്കും. നാസിർ ആലാ പദവി നൽകപ്പെട്ടപ്പോൾ പോലും അത് ഭരണപരമായ പദവിയായിരുന്നു. 6–7 മണിക്കൂറുകളോളം ചെലവഴിച്ചശേഷം ഞാനെന്റെ കൃഷിയിടങ്ങളിലേക്ക് പോകും. അവിടെ സമയം ചെലവിടും. പിന്നെ മറ്റു ജോലികൾ ചെയ്യും. അതിന് മാനസിക പിരിമുറുക്കമുണ്ടാവില്ല. കൈകൾ കൊണ്ടുള്ള കഠിനാദ്ധ്വാനമായിരിക്കും.

അത് തികച്ചും ഒരു പ്രത്യേക രീതിയിലാണെന്ന് എനിക്ക് പറയാൻ സാധിക്കും. ഞാനതെങ്ങനെയാണ് ചെയ്തതെന്ന് എനിക്കറിയില്ല. ഇത് എല്ലാ സമയത്തും അല്ലാഹുവാണ് ചെയ്തിരുന്നത്. ആദ്യരാത്രിതന്നെ ഞാൻ പരിപൂർണ്ണമായി മാറിപ്പോയി. രാവിലെ മുതൽ വൈകുന്നേരം വരെയും വൈകുന്നേരം മുതൽ രാത്രിവരെയും ഞാൻ ഓഫീസിൽ ഇരുന്നു.

എനിക്ക് പ്രസംഗിക്കാനുള്ള കഴിവുണ്ടായിരുന്നില്ല. എന്നാൽ അല്ലാഹു എനിക്ക് മാർഗ്ഗനിർദ്ദേശം നൽകി.

**പ്രതിനിധി: ഹുസൂർ അങ്ങയുടെ മാതൃക പരമായ ജീവിതം രാവിലെ മുതൽ വൈകുന്നേരം വരെ എങ്ങനെയെല്ലാമാണ്?**

ഹുസൂർ : ഞാൻ ഉണരുന്ന കൃത്യസമയം എനിക്കറിയില്ല. ഞാൻ വളരെ നേരത്തെ ഉണരുന്നു. നഫ്ൽ നമസ്ക്കരിച്ചതിനുശേഷം ഏതാനും റുക്കൂഅ് വിശുദ്ധഖുർആൻ പാരായണം ചെയ്യും. പിന്നെ ഫജ്ർ നമസ്ക്കാരത്തിന് തയ്യാറെടുക്കും. ഇയ്യിടെയായി ഞാൻ എന്താണ് ചെയ്യുന്നതെന്ന് പറയാം. ഫജറിനുശേഷം ഞാൻ നടക്കാൻ പോകുന്നു. മടങ്ങിവന്നശേഷം കുളിച്ചശേഷം പ്രാതൽ കഴിക്കുന്നു. പിന്നെ വീണ്ടും ഞാൻ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നു. അല്ലെങ്കിൽ ഖുർആനിക വചനങ്ങളെക്കുറിച്ചു ചിന്തിക്കും.പിന്നെ കുറച്ചുനേരം ഞാൻ ഉറങ്ങും. ഉറക്കം എന്ന് ഞാൻ പറഞ്ഞത് ഒരു ചെറിയ മയക്കമാണ്, കുറഞ്ഞ മിനിട്ടുകൾ മാത്രം. പിന്നെ ഞാൻ ഓഫീസിൽ വരുന്നു. അവിടെ എന്റെ ജോലി തുടങ്ങുന്നു. പകൽ സമയത്ത് ഔദ്യോഗിക യോഗങ്ങൾ നടത്തുന്നു. മറ്റു ഓഫീസ് ഭാരവാഹികളുമായും യോഗം നടത്തുന്നു. പിന്നെ ളുഹർ നമസ്ക്കാരം. അതിന് ശേഷം ഞാൻ ഉച്ചഭക്ഷണം കഴിക്കുന്നു. പിന്നെ കുറച്ചു മിനുട്ടുകൾ മയങ്ങുന്നു.അതിനെ ഞാൻ ഉറക്കമെന്നു പറയട്ടെ. ഏകദേശം 25–30 മിനുട്ടുകളുടെ ഉറക്കം. പിന്നെ ഞാൻ വീണ്ടും ഓഫീസിൽ വരുന്നു.

ഇന്ന് നിങ്ങൾ എന്റെ മുമ്പിൽ ഇരിക്കുന്നു. പിന്നെ മഗ്രിബിന് മുമ്പ് ഒരു കപ്പ് ചായ കഴിക്കാൻ ഞാൻ മുകളിലേക്ക് പോകുന്നു. ഉടനെ തന്നെ ഞാൻ മഗ്രിബ് നമസ്ക്കരിക്കുന്നു. പിന്നെ സുന്നത്ത് നമസ്ക്കരിക്കാൻ ഞാൻ



ഓഫീസിലേക്ക് വരുന്നു. പിന്നെ ഇവിടെയുള്ള മേശയിൽ ഇരിക്കുന്നു. പല രാജ്യങ്ങളിൽനിന്നും വരുന്ന കത്തുകൾ വായിക്കുന്നു. വിവിധ അമീർമാരിൽ നിന്നുള്ള ഔദ്യോഗികകത്തുകളും സദർ അഞ്ചുമൻ അഹ്മദിയ്യയും, പാകിസ്താൻ, തഹ്രീക് ജദീദ് പാകിസ്താൻ, ഖാദിയാൻ

17

# നൂറുക്കണക്കിന് അബ്ദുൽ ലത്തീഫ് വേണം!

**ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)**

തഹ്‌രീക് ജദീദ് കൊണ്ടുള്ള എന്റെ ഉദ്ദേശ്യം ജമാഅത്തിൽ ലളിത ജീവിതത്തിന് ശീലമുണ്ടാക്കുക എന്നത് മാത്രമല്ല, മറിച്ച് അവരെ ത്യാഗങ്ങളുടെ വലിയ തീച്ചൂളയുടെ അടുത്ത് നിറുത്തുകയാണ്. അങ്ങിനെ അവരുടെ മുമ്പിൽ ചിലർ തീയിലേക്ക് ചാടുന്നതുകാണുമ്പോൾ, അവരുടെ ഹൃദയത്തിലും അതിലേക്ക് ചാടാൻ ആവേശം ജനിക്കുന്നു. അവർ ആവേശത്തോടെ പ്രവർത്തിച്ചുകൊണ്ട് തീയിൽ ചാടുകയും, തങ്ങളുടെ ജീവനെ ഇസ്‌ലാമിനും അഹ്മദിയ്യത്തിനു വേണ്ടി ത്യജിക്കുകയും വേണം.

നാം നമ്മുടെ ജമാഅത്തിൽ ഉള്ളവരെ, ആരാമങ്ങളിൽ സ്വസ്ഥമായി ഇരിക്കാൻ അനുവദിച്ചാൽ, അവർ ചൂടുള്ള കാലാവസ്ഥയിൽ പ്രവർത്തിക്കാൻ തയ്യാറാവില്ല. ഭീരുക്കളെപ്പോലെ പിന്നോട്ട് വലിയുന്നതാണ്. ഇപ്പോൾ ജമാഅത്തിലെ എല്ലാവരേയും ത്യാഗങ്ങളുടെ തീച്ചൂളയുടെ അടുത്ത് നിറുത്തിയിരിക്കുകയാണ്. അവരോട് ത്യാഗത്തിന് ആവശ്യപ്പെട്ടാൽ, തങ്ങളുടെ ജീവൻ ത്യജിച്ചുകൊണ്ട് തീയിൽ ചാടണം.

ത്യാഗത്തിന്റെ ഘട്ടം വരുമ്പോൾ ഏത് മുബല്ലിഗ് എപ്പോൾ തിരിച്ചുവരുമെന്ന പ്രശ്നം തന്നെ ഉദിക്കുന്നതല്ല. അത്തരം സന്ദർഭങ്ങളിൽ തിരിച്ചുവരവിനെപ്പറ്റിയുള്ള ചോദ്യം തന്നെ വ്യർഥമാണ്. നോക്കുക ക്രിസ്ത്യാനികൾ, പ്രചാരണം നടത്തിയത് അങ്ങനെയായിരുന്നു. ചരിത്രപഠനത്തിൽ നിന്ന് മനസിലാകുന്നത്, ഏതെങ്കിലും മിഷണറിയോ മറ്റോ പ്രചാരണത്തിന് പോയാൽ പിന്നെ തിരിച്ചുവരാറില്ലെന്നാണ്. മറിച്ച് ചരിത്രത്തിൽ കാണുന്നത്, ഈ മിഷണറിയെ ഇന്ന സ്ഥലത്ത് തൂക്കിലേറ്റി, ഇന്ന സ്ഥലത്ത് ജയിലിലടച്ചു എന്നൊക്കെയാണ്. സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ്, ജമാഅത്തിന് വേണ്ടി ശഹീദായെന്ന് കേൾക്കുമ്പോൾ നമ്മുടെ സഹോദരങ്ങൾ സന്തോഷിക്കാറുണ്ട്. എന്നാൽ ഒരു അബ്ദുൽ ലത്തീഫ് പോരാ, ജമാഅത്തിനെ ജീവിപ്പിക്കാൻ നൂറുക്കണക്കിന് അബ്ദുൽ ലത്തീഫ് ആവശ്യമുണ്ട്. ആയതുകൊണ്ട് വ്യത്യസ്ത നാടുകളിൽപോയി, ഇസ്‌ലാം അഹ്മദിയ്യത്തിന് വേണ്ടി തങ്ങളുടെ ജീവൻ ത്യജിക്കുവിൻ. എല്ലാ രാജ്യങ്ങളും, പ്രദേശങ്ങളും അബ്ദുൽ ലത്തീഫ് ഉയിർകൊള്ളാതെ അഹ്മദിയ്യത്തിന്റെ ഗാംഭീര്യം ഉണ്ടാവുകയില്ല. ജനങ്ങളെ വീടുകളിൽ നിന്ന്, പുറത്തിറക്കി ഒരു മൈ



താനത്ത് ത്യാഗത്തിന്റെ തീച്ചൂളയുടെ അടുത്ത് നിറുത്തേണ്ടതാണ്. അങ്ങിനെ ആദ്യമുള്ളവർ ത്യാഗം ചെയ്യുന്നത് മറ്റുള്ളവർ സ്വന്തം കണ്ണുകൊണ്ട് കാണുകയും അങ്ങിനെ സ്വയം ആ തീയിൽ ചാടാൻ തുടങ്ങുകയുംവേണം. ഈ ഒരു അന്തരീക്ഷമുണ്ടാക്കാനാണ് ഞാൻ തഹ്‌രീക് ജദീദ് തുടങ്ങിയത്.

*(അൽഫദ്ൽ 2.12.1942)*

---



**ദഅ്‌വത്തെ ഇലല്ലാഹ്**

സഗീർ എച്ച്.എസ്

അങ്ങനെ പോകുന്നു. വളരെയധികം ഇല്ലെങ്കിൽ ഞാൻ ഒരു മണിക്കൂർകൊണ്ട് അത് പൂർത്തിയാക്കുന്നു. വ്യത്യസ്ത വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകുന്നു.

പിന്നെ ഒരു മണിക്കൂർ നേരം കൂടിക്കാഴ്ച്ച നടത്തുന്നു. പിന്നെ ഡിന്നർ കഴിക്കാൻ മുകളിലേക്ക് പോകുന്നു. പിന്നെ ഇശാ നമസ്ക്കാരം. പിന്നെ കുറച്ചുമിനിട്ടുകൾ എന്നെ കാണാൻ ആരെങ്കിലുമുണ്ടെങ്കിൽ മുകളിലേക്ക് വരുന്നു. പിന്നെ താഴെ ഓഫീസിലേക്ക് വരുന്നു. വിവിധ ഓഫീസുകളിൽ നിന്ന് വരുന്ന കത്തുകൾ, ഫാക്സുകൾ, ഇ-മെയിലുകൾ എന്നിവ വായിക്കുന്നു. ജമാഅത്തുകളിൽ നിന്നും അംഗങ്ങളിൽ നിന്നും, രാത്രി 11 മണിവരെ. പിന്നെ ഞാൻ എന്തെങ്കിലും വായിക്കും. വർത്തമാനപത്രങ്ങളോ, ജമാഅത്ത് പത്രങ്ങളോ മറ്റുവല്ല പുസ്തകങ്ങളോ വായിക്കും. പിന്നെ ഞാൻ കുറച്ചു മണിക്കൂർ ഉറങ്ങാൻ പോകും.

**പ്രതിനിധി: വീണ്ടും തുടങ്ങുന്നു.**

ഹുസൂർ: അതെ, രാവിലെ വളരെ നേരത്തെ തന്നെ തുടങ്ങുന്നു.

**പ്രതിനിധി: ഹുസൂർ അങ്ങയുടെ ഔദ്യോഗിക സന്ദർശനങ്ങളിൽ ഏതായിരുന്നു ഇഷ്ടപ്പെട്ട സ്ഥലം ? എന്തുകൊണ്ട്?**

ഹുസൂർ: എനിക്കിഷ്ടപ്പെട്ട സ്ഥലം ഏതാണെന്ന് ചിന്തിക്കാൻ എനിക്കൊരിക്കലും സമയം കിട്ടിയില്ല. ഞാൻ എവിടെപോയാലും എനിക്ക് ചുറ്റും അഹ്മദികളുണ്ടാവും. ഏതാണെനിക്കിഷ്ടപ്പെട്ട സ്ഥലം. പക്ഷേ, ആഫ്രിക്കയെ വളരെയധികം ഇഷ്ടപ്പെടുന്നു. പ്രത്യേകിച്ചും ഘാനയെ, അവിടെയാണല്ലോ ഞാൻ കുറച്ചുകാലം കഴിഞ്ഞു കൂടിയത്. എന്റെ ആദ്യകാല ഔദ്യോഗിക ജീവിതം ആരംഭിച്ചത് അവിടെയാണല്ലോ. ഞാനിതുവരെ സിറാലിയോണിൽപ്പോവാത്തതിന്റെ കാരണങ്ങളിൽ ഒന്നതാണ്. താങ്കൾ സിറാലിയോണിൽ നിന്നല്ലേ?

**പ്രതിനിധി: അതെ, ഞാൻ സിറാലിയോണിൽ നിന്നാണ്.**

ഹുസൂർ: ഞാൻ ഇതുവരെ സന്ദർശിച്ച ആഫ്രിക്കൻ രാജ്യങ്ങളിൽ വെച്ച് ഏറ്റവും നാഗരികതയുള്ളത് ഘാനയിലാണ് എന്ന് ഞാൻ കരുതുന്നു. അടുത്ത വർഷം ഞാൻ സിറാലിയോൺ സന്ദർശിക്കുമ്പോൾ, അപ്പോൾ നോക്കാം.

**പ്രതിനിധി: ഹുസൂർ ഞങ്ങളവിടെ താങ്കൾക്ക് നല്ല സ്വീകരണം നൽകും.**

ഹുസൂർ: സ്വീകരണം മാത്രമല്ല, ജനങ്ങളുടെ മനസ്ഥിതി.

**പ്രതിനിധി: ഖാദിയാൻ സന്ദർശനത്തിന് ശേഷം അങ്ങയുടെ വികാരങ്ങൾ പ്രകടിപ്പിക്കാൻ പ്രയാസമാണെന്ന് പറഞ്ഞിരുന്നുവല്ലോ. പ്രത്യേകിച്ചും പറയാവുന്ന എന്തെങ്കിലും സംഭവം ഉണ്ടായോ?**

ഹുസൂർ: താങ്കൾ ബിഹിശ്തി മഖ്ബറയിൽ വാഗ്ദത്തമസീഹി(അ)നെ കബറടക്കം ചെയ്ത സ്ഥലത്തിനടുത്തുള്ള മതിലിന്റെ അതിർത്തിയിലെത്തുമ്പോൾ വികാരതീവ്രത പ്രകടിപ്പിക്കാൻ സാധിക്കുകയില്ല. എന്നെങ്കിലും പോലെ പൊട്ടിത്തെറിച്ചുപോകും. നിങ്ങൾ കൈകൾ ഉയർത്തുമ്പോൾ നിങ്ങൾ തികച്ചും നിയന്ത്രണാതീതനായിപ്പോകും. അതുപോലെ തെരുവുകളിൽ നടക്കുമ്പോൾ, വാഗ്ദത്ത മസീഹ് (അ) നടന്ന സ്ഥലങ്ങളല്ലേ ഇതെല്ലാം, എന്ന് കാണുമ്പോൾ, വിചാരിക്കുമ്പോൾ, ചിന്തിക്കുമ്പോൾ, ഖാദിയാനിലുള്ള എല്ലാവർക്കും ഇതു തന്നെയാണവസ്ഥ. നിങ്ങൾ മക്കയിലോ മദീനയിലോ പോകുകയാണെങ്കിൽ നിങ്ങൾക്കുള്ള വികാരങ്ങൾ ഇതിലും കൂടുതലായിരിക്കും.

**അടുത്ത ലക്കത്തിൽ**

**യു.കെ.യിലെ താമസം**

---




കുറേനാളുകളായി എഴുതണമെന്ന് കരുതുന്നു. നീണ്ടു നീണ്ടു പോയി. ഈ ലക്കം അൽഹഖ് കണ്ടതോടെ എഴു താതെ വയ്യ എന്നായി.

കൊള്ളാം നല്ല ലേ ഔട്ട്, നല്ല എഡിറ്റിംഗ്, സാധാരണ പ്രസിദ്ധീകരണങ്ങൾക്ക് അനുഭവപ്പെടുന്ന വിരസത തീരെ ഇല്ല. നന്നായി ശ്രമിക്കുന്നുണ്ടെന്നു തോന്നി. അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം
എം. അബ്ദുർറഹ്മാൻ, കണ്ണൂർ
(വൈസ് ചെയർമാൻ, സീനിയർ ജേർണലിസ്റ്റ് ഫോറം, കേരള)

---

In my opinion, the matters in Alhaq is very simple and easy to digest... It helps to increase our reading habit.. it helps me a lot. so i express my sincere thanks to all members behind this venture..
May Allah pour his blessings on you for your hard work..

Jazakallah..
Thahir Ahammad
Airapuram

## പുണ്യാത്മാക്കൾ

# ഹദ്റത് മൗലാനാ അബ്ദുർറഹീം സാഹിബ് നയ്യർ (റ)

ജനനം: 1883 ഡിസംബർ ബയ്അത്ത്: 1901, വസിയ്യത്ത്: 20.01.1908 വഫാത്ത് 17.09.1948., പിതാവ്: ഹാഫിസ് മുഹമ്മദ് സുലയ്മാൻ സാഹിബ്. മൂന്നാം ക്ലാസിൽ പഠിക്കുമ്പോൾ പിതാവും, 8-ാം ക്ലാസിൽ പഠിക്കുമ്പോൾ മാതാവും മരണപ്പെട്ടു.

**വിദ്യാഭ്യാസം:** പ്രാരംഭ വിദ്യാഭ്യാസം ഭഗ്പാധ, ഭോംഗ എന്നി വടങ്ങളിലായിരുന്നു.ഉത്തർപ്രദേശിലെ ഒരു സ്കൂളിൽ നിന്ന് 1902-ൽ മെട്രിക് പാസായി.1908-ൽ സെൻട്രൽ ട്രൈനിംഗ് കോളേജിൽ (ലാഹോർ) പഠിച്ചു.

**ബയ്അത്ത്:** ഹദ്റത് മുൻശീ ഹാജി ഹബീബുറഹ്മാൻ സാഹിബ് കപൂർത്തലവി മുഖേനയാണ് ജമാഅത്തിനെ കുറിച്ച് അറിഞ്ഞത്. 1901-ൽ ഖാദിയാനിലെത്തി ഹ.മസീഹ് മൗഊദ് (അ) ന് നേരിട്ട് ബയ്അത്ത് ചെയ്യാൻ സൗഭാഗ്യം ലഭിച്ചു. ഖാദിയാനിൽ മസ്ജിദ് മുബാറക്കിൽ ഹുസൂർ (അ)മുണ്ടായിരുന്നു. ബയ്അത്തിന് അപേക്ഷിച്ചപ്പോൾ കുറച്ചുകൂടി കാത്തിരിക്കാനാണ് നിർദ്ദേശിച്ചത്. അങ്ങിനെ മൂന്ന് ദിവസത്തിനു ശേഷമാണ് ബയ്അത്ത് ചെയ്തത്.

**ഖാദിയാനിൽ:** ഹുസൂർ (അ) ന്റെ അനുമതിയോടുകൂടി നയ്യർ സാഹിബ് ഖാദിയാനിൽ താമസമാക്കി. 1907-ൽ അദ്ദേഹം രോഗാതുരനാവുകയും ഡോക്ടർമാർ കയ്യൊഴിയുകയും ചെയ്തിരുന്നു. ഹ.മസീഹ് മൗഊദ് (അ) ന്റെ സവിധത്തിൽ ദുഃആക്കപേക്ഷിച്ചു. ഏതായാലും ഹുസൂർ (അ) ന്റെ ദുഃആ ഫലമായി അത്ഭുതകരമായി രക്ഷപ്പെടുകയുണ്ടായി.

**ദീനീസേവനങ്ങൾ:** 1905-ൽ അദ്ധ്യാപന ജോലി രാജി വെച്ചാണ് ഖാദിയാനിലെത്തിയത്. തുടർന്ന് ഹ.മസീഹ് മൗഊദ് (അ) തഅ്ലിമുൽ ഇസ്ലാം ഹൈസ്കൂളിൽ അദ്ധ്യാപകനായി നിയമിച്ചു.1909 മാർച്ച് 26ന് മദ്റസ അഹ്മദിയ്യയിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. കൂടാതെ ബോർഡിംഗിൽ ട്യൂട്ടറുമായിരുന്നു. 1912-ൽ ഹ.മുസ്ലിഹ് മൗഊദ് (റ), ഹജ്ജിന് പോകുമ്പോൾ സംഘടിപ്പിച്ച യാത്രയയപ്പ് യോഗത്തിൽ മൗലാനാ സാഹിബ് പ്രസംഗിച്ചിരുന്നു. ഹ:ഖലീഫ (അവ്വൽ)(റ) ദുഃആക്ക് നേതൃത്വം നൽകി.

1913 ജൂൺ 18ന് അൽഫദൽ പത്രം മൗലാനാ സാഹിബിനേയും അതിന്റെ പത്രാധിപസമിതിയിൽ അംഗമാക്കി.1917 ഏപ്രിലിൽ ഹ.ഖലീഫ സാനി(റ)യുടെ പ്രൈവറ്റ് സെക്രട്ടറിയായി നിയമിക്കപ്പെട്ടു. രണ്ട് പ്രാവശ്യം (1936) ഈ പദവിയിൽ നിയോഗിക്കപ്പെട്ടിട്ടുണ്ട്. ഖാദിയാൻ ലോക്കൽ അഞ്ചുമൻ ജില്ലാ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1917-ൽ ഹജ്ജ് ചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചു.

**ഇംഗ്ലണ്ടിൽ:** രണ്ടാം ഖിലാഫത്ത് കാലത്ത് മൗലാനാ നയ്യർ സാഹിബ് ഇംഗ്ലണ്ടിൽ മുബല്ലിഗ് ആയി നിയോഗിക്കപ്പെട്ടു. 1919 ജൂലൈ 15ന് അദ്ദേഹം ഹദ്റത്ത് ചൗധരി ഫത്ഹ് മുഹമ്മദ് സിയാൻ സാഹിബിനോടൊപ്പം ഇംഗ്ലണ്ടിലേക്ക് പുറപ്പെട്ടു. ഇംഗ്ലണ്ടിലെ ഹൈഡ്പാർക്കിൽ നിരവധി തവണ പ്രഭാഷണങ്ങളും സംവാദങ്ങളും നടത്താൻ അവസരം ലഭിച്ചിട്ടുണ്ടായിരുന്നു. 1919ൽ ബ്രിട്ടീഷ് പ്രധാനമന്ത്രി ലോയ്ഡ് ജോർജ്, ആദ്യത്തെ വനിതാ എം.പി. മിസ്.ലെസ്റ്റർ, ഇറാൻ രാജാവ്, കൂടാതെ ഇംഗ്ലണ്ടിലെ എം.പി.മാർക്കും സന്ദേശമെത്തിക്കാൻ കഴിഞ്ഞു.

രണ്ട് ആഴ്ചക്കുള്ളിൽ 14 ഇംഗ്ലീഷ്കാർക്ക് ബയ്അത്ത് ചെയ്യാൻ സൗഭാഗ്യം ലഭിക്കുകയുണ്ടായി.ലണ്ടൻ മിഷന് വേണ്ടിയുള്ള സ്ഥലം നയ്യർ സാഹിബിന്റെ കാലത്താണ് വാങ്ങിയത്. 1921 ഫെബ്രുവരി മാസം മൂന്ന് വർഷത്തെ വിജയകരമായ തബ്ലീഗ് ദൗത്യത്തിന് ശേഷം മൗലാനാ നയ്യർ സാഹിബ് പശ്ചിമാഫ്രിക്കയിൽ നിയോഗിക്കപ്പെട്ടു. പല അസുഖങ്ങൾ കാരണം വീണ്ടും ലണ്ടനിലെത്തുകയുണ്ടായി. 1924ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ഇംഗ്ലണ്ട് സന്ദർശിച്ചപ്പോൾ മൗലാനാ സാഹിബും കൂടെ തന്നെയായിരുന്നു.

**ആഫ്രിക്കയിൽ:** 1912 മുതൽ തന്നെ റിവ്യൂ ഓഫ് റിലീജിയൻസ് മുഖേന ആഫ്രിക്കയിൽ ജമാഅത്തിന്റെ ശബ്ദം എത്തിയിരുന്നു. 1920 ൽ മൗലാനാ സാഹിബ് ആദ്യമായി ആഫ്രിക്കയിലെത്തി.

ആദ്യം സിറാലിയോണിലാണ് മൗലാനാ സാഹിബ് എത്തിയത്. ഫെബ്രുവരി 21ന് മൗലാനാ സാഹിബ് ഘാനയിൽ തബ്ലീഗ് ആവശ്യാർത്ഥം എത്തി. ഇവിടെ ആദ്യം ജമാഅത്തിൽ പ്രവേശിച്ചത് Fanti ഗോത്രക്കാരാണ്. ഇവർ പേരിന് മാത്രം മുസ്ലിംകളായിരുന്നു. മൗലാനാ സാഹിബ് ഒരു വലിയ സമ്മേളനം സംഘടിപ്പിക്കുകയും അവരോട് മുഖത്ത് 'കുരിശിന്റെ' ചിഹ്നം പച്ചകുത്തുന്നതും, വിവസ്ത്രരായി നടക്കുന്നതും ഒഴിവാക്കി ചന്ദ കൊടുക്കാനാവശ്യപ്പെട്ടു. അടുത്ത ദിവസം തന്നെ അവരുടെ നേതാവ് ചീഫ് മഹ്ദി ആപ്പ, എല്ലാ നിബന്ധനകളും അംഗീകരിച്ചുകൊണ്ട് ബയ്അത്ത് ചെയ്യുകയുണ്ടായി. 4000 പേരാണ് അന്ന് ബയ്അത്ത് ചെയ്തത്.

അക്ര (Accra) യിലേക്കുള്ള യാത്രാമദ്ധ്യേ ഒരു ക്രിസ്ത്യൻ ലേഡി ഡോക്ടർ, മൗലാനാ സാഹിബിനോട് ചോദിച്ചു.

Do you think you will be able to convert Christians to Muhammadanism?

മൗലാനാ സാഹിബ് പറഞ്ഞു: yes, madam, I will, I am sure convert all thinking Christians.

തുടർന്ന് നൈജീരിയയിലെ തബ്ലീഗ് പ്രവർത്തനങ്ങൾക്ക് വേണ്ടി എത്തിയ മൗലാനാ സാഹിബിന് അവിടെയും ജമാഅത്തുകൾ സ്ഥാപിക്കാൻ അവസരം ലഭിക്കുകയുണ്ടായി. പതിനായിരം പേരുടെ ബയ്അത്ത് അയച്ചുകൊണ്ട് മൗലാനാ സാഹിബ് ഹുസൂറിന് അയച്ച കമ്പി സന്ദേശം ഇങ്ങനെയായിരുന്നു.

""Khalifathul Masih, Qudian- Batala. Recovered Accept ten thousand Baiaths Pray- Nayyar"

**ഇന്ത്യയിൽ:** ഇന്ത്യയിൽ തിരിച്ചെത്തിയ ഉടനെ ഹ. ഖലീഫ സാനി (റ) നാഇബ് നാസിർ ദഅ്വത്തെ തബ്ലീഗ് ആയി നിയമിച്ചു. 1925- മുതൽ 1929 വരെ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും തബ്ലീഗ് പര്യടനം നടത്തുകയുണ്ടായി. 1930ൽ ഹൈദരാബാദിൽ മുബല്ലിഗ് ഇൻചാർജ്ജ് ആയി നിയമിക്കപ്പെട്ടു. 1936-37 കാലത്ത് തഹ്രീക് ജദീദ് മുബല്ലിഗ്മാരുടെ ചിലവ് സംബന്ധിച്ചിട്ടുള്ള കണക്കുകൾ സമർപ്പിക്കാൻ ഹുസൂർ (റ), നയ്യർ സാഹിബിനെയാണ് ചുമതലപ്പെടുത്തിയത്.



1936-37ൽ നശ്റോ ഇശാഅത്തിന്റെ ഇൻ ചാർജ്ജ് ആയി നിയമിക്കപ്പെട്ടു.1944 ജനുവരി 28ന് ആദ്യമായി 'മുസ്ലിഹ് മൗഊദ്' ദിനയോഗം സംഘടിപ്പിക്കുകയുണ്ടായി. അതിൽ മൗലാനാ സാഹിബും പ്രഭാഷകനായിരുന്നു. കൂടാതെ ഹോഷിയാർപൂരിലെ 'മുസ്ലിഹ് മൗഊദ്' വിളംബരയോഗത്തിലും പ്രസംഗിക്കുകയുണ്ടായി. 1924 മുതൽ 1945വരെ 15 വർഷം ജൽസാസാലനയിൽ മൗലാനാ സാഹിബ് വിവിധ വിഷയങ്ങളെ പുരസ്കരിച്ച് പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി.

**വഫാത്ത്:** ഇന്ത്യാവിഭജനത്തെ തുടർന്ന് പാക്കിസ്ഥാനിൽ എത്തിയ മൗലാനാ സാഹിബ് 'ഇജാൻവാല' യിലാണ് ആദ്യം താമസമാക്കിയത്. രോഗാതുരനായിരുന്നെങ്കിലും ലാഹോറിൽ ഹ.ഖലീഫ സാനി(റ)യുടെ പിന്നിൽ കൂടെ നമസ്കരിക്കുന്നതിന് വേണ്ടി എത്തുമായിരുന്നു.ആദ്യം 1/10 വസിയ്യത്ത് ചെയ്തിരുന്നു.പിന്നീട് അത് 1/9 ആക്കുകയുണ്ടായി. 1948 സെപ്തംബർ 17ന് 65-ാം മത്തെ വയസ്സിൽ വഫാത്തായി. ആദ്യം 'അമാനത്ത്' ആയി ഗുണ്ടറൻപാലയിൽ ഖബറടക്കി. പിന്നീട് റബ്വയിൽ ബഹിശ്തി മഖ്ബറ സ്ഥാപച്ചപ്പോൾ അവിടേക്ക് മാറ്റുകയുണ്ടായി.

ആഫ്രിക്കയിൽ അദ്ദേഹം മുഖേന നിരവധി രാജാക്കന്മാർക്ക് ബയ്അത്ത് ചെയ്യാൻ അവസരം ലഭിച്ചിരുന്നു. അങ്ങിനെ 'രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടും' എന്ന ഹ. മസീഹ് മൗഊദ് (അ) നുണ്ടായ ഇൽഹാം പൂർത്തീകരിക്കപ്പെടുകയുണ്ടായി.

**രൂപം:** ഇടത്തരം ഉയരം ഭംഗിയുള്ള മഞ്ഞ കലർന്ന ചുവപ്പ് നിറമായിരുന്നു. നിറഞ്ഞ താടി. തലയിൽ പച്ച തലപ്പാവ്.

## " A World and two girls"

ഹദ്റത്ത് അൽഹാജ് മൗലാനാ അബ്ദുർറഹീം സാഹിബ് നയ്യർ(റ)ന്റെ കാലത്ത് ഇംഗ്ലണ്ടിൽ ബയ്അത്ത് ചെയ്ത മുഹമ്മദ് സൽമാൻ ഫൈത് സാഹിബും കുടുംബവും നേരത്തെ ക്രിസ്ത്യാനികളായിരുന്നു. ഭാര്യയും ഭർത്താവും ഒരു ആൺ കുട്ടിയും രണ്ട് പെൺമക്കളുമാണ് കുടുംബത്തിൽ ഉണ്ടായിരുന്നത്. ഈ കുട്ടികളെ നയ്യർ സാഹിബ് 'A world and two girls' (ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഇൽഹാം) എന്നാണ് പറഞ്ഞിരുന്നത്.

വീട്ടിൽ തികച്ചും ദീനിപരമായി ഒരു ചുറ്റുപാടാണ് ഈ നവമുസ്ലിം കുടുംബം ഉണ്ടാക്കിയെടുത്തത്. വീട്ടിൽ ജമാഅത്തിനെക്കുറിച്ചുള്ള ചർച്ചകളും സജീവമായിരുന്നു.

ഒരിക്കൽ അവരുടെ ചെറിയ മകൾ 'റബീക്കാറൈക്ക് സഈദ' തന്റെ ടീച്ചറോട് തികച്ചും കൗതുകത്തോടെ ചോദിച്ചു: "ടീച്ചർ എന്താ യേശുവിനെ പറ്റി മാത്രം പറയുന്നത്. എന്തുകൊണ്ട് മുഹമ്മദ്(സ)നേയും അഹ്മദ്(അ)നേയും പറ്റി ഒന്നും പറയുന്നില്ല".

ടീച്ചർ അത്ഭുതത്തോടെ കുട്ടിയോട് ചോദിച്ചു: റസീക്ക, നീ എന്താ പറഞ്ഞത്, എനിക്ക് മനസ്സിലായില്ല."

പക്ഷേ ആ കുഞ്ഞ് കുട്ടി എന്ത് മനസ്സിലാക്കികൊടുക്കും.


നവ മുസ്ലിംകളായിരുന്നിട്ടുകൂടി ആ കുടുംബത്തിൽ ഉണ്ടായിരുന്ന ശിക്ഷണം ആഴത്തിലായിരുന്നുവെന്ന കാര്യം ഈ സംഭവത്തിൽ നിന്ന് വ്യക്തമാണ്.

*(നയ്യരെ അഹ്മദിയ്യത്ത്)*




# ശയ്ത്വാന്റെ ഓടക്കുഴൽ

**ഹ. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)**



ഒരു ഫ്രഞ്ച് കഥയുണ്ട്. സംഭവം ഇങ്ങിനെയാണ്.

........ ഫ്രാൻസിലെ ഒരു പ്രദേശത്ത് ഒരിക്കൽ എലികൾ പെരുകി. അവിടെയുള്ള ജനങ്ങൾക്ക് ജീവിതം ദുസ്സഹമായിത്തീർന്നു. എലികൾ അവരുടെ എല്ലാ ഭക്ഷണങ്ങളും തിന്നുതീർക്കാൻ തുടങ്ങി. രോഗങ്ങളും പരക്കുന്നുണ്ടായിരുന്നു. അതിനെ ഇല്ലാതാക്കാനുള്ള എല്ലാ ശ്രമങ്ങളും പരാജയമായി. മാത്രമല്ല എലികൾ എല്ലാ ദിവസവും പെരുകുകയാണ്.... അങ്ങിനെയിരിക്കെ ഒരു ദിവസം അവിടെ ഒരു പരദേശി എത്തി. അയാൾ പറഞ്ഞു, എനിക്ക് ഓടക്കുഴൽ വായിക്കാനറിയാം. ഞാൻ അതിൽ ഒരു പ്രത്യേക ശബ്ദം ഉണ്ടാക്കിയാൽ എല്ലാ എലികളും എന്റെ പിന്നാലെ വരും. ഞാനുമായി കരാറാവുകയും എനിക്കുള്ള വേതനം നൽകുകയും ചെയ്താൽ ഞാൻ പട്ടണത്തെ പൂർണമായും എലിവിമുക്തമാക്കാം.

അന്നാട്ടുകാർ എലികളെക്കൊണ്ട് പൊറുതിമുട്ടിയിരുന്നു. അതുകൊണ്ട് തന്നെ അയാൾ ആവശ്യപ്പെടുന്ന പ്രതിഫലം നൽകാമെന്ന് അവർ



വാഗ്ദാനം ചെയ്തു. അങ്ങിനെ അയാൾ ഓടക്കുഴൽ വായിക്കാൻ തുടങ്ങി. അയാളുടെ രാഗത്തിനനുസരിച്ച് എലികൾ ചാടിമറിഞ്ഞ്, പരസ്പരം മൽസരിച്ച് അയാളുടെ അടുത്തെത്തി. മാളങ്ങളിൽ നിന്നും, മേൽക്കൂരകളിൽ നിന്നും, കാടുകളിൽ നിന്നും ഒക്കെയായി എല്ലാ എലികളും അയാളുടെ പിന്നാലെ കൂടി. അയാൾ അവയുടെ മുന്നിൽ ഓടക്കുഴൽ വായിച്ചു നടന്നു നീങ്ങി. എലികൾ പിന്നാലെയും. അങ്ങിനെ അയാൾ ഒരു നദിയിലേക്കിറങ്ങി, പിന്നാലെ എലികളും. അവിടെ നദിയിൽ അവയെല്ലാം മുങ്ങിച്ചത്തു.

അയാൾ തിരിച്ചുവന്ന് നാട്ടുകാരോട് തന്റെ പ്രതിഫലം ആവശ്യപ്പെട്ടപ്പോൾ അവർ പറഞ്ഞു, മര്യാദക്ക് പോകുന്നതാണ് നല്ലത്. കഴിയുമെങ്കിൽ നീ എലികളെ തിരിച്ചുകൊണ്ടുവന്നോ എന്നായിരുന്നു. പക്ഷേ ചത്ത എലികൾക്ക് ഇനി ഓടക്കുഴലിന്റെ ശബ്ദം എങ്ങിനെ കേൾക്കാൻ കഴിയും. അയാൾ പറഞ്ഞു, ശരി, നിങ്ങൾ വാഗ്ദാനം പാലിക്കില്ല അല്ലേ, എനിക്ക് വേറെയും നാദങ്ങൾ അറിയാം. അങ്ങനെ അടുത്ത ദിവസം അയാൾ ഓടക്കുഴലിൽ മറ്റൊരു നാദം കേൾപ്പിക്കാൻ തുടങ്ങി. അതുകേട്ടതും, ആ നാട്ടുകാരുടെ ചെറിയ ചെറിയ കുട്ടികൾ അയാളോടുള്ള സ്നേഹം കൊണ്ട് അയാളുടെ പിന്നാലെ കൂടി. ഉമ്മമാരുടെ മടിയിൽ നിന്നും, വീടുകളിൽ നിന്നുമൊക്കെ കുട്ടികൾ ആവേശത്തോടെ ഓടിച്ചാടി അയാളുടെ അടുത്തെത്തി. വീട്ടുകാർ തടയാൻ ശ്രമിച്ചെങ്കിലും കുട്ടികൾ അതൊന്നും വകവെക്കാതെ എത്തിക്കൊണ്ടിരുന്നു. ആ നാട്ടിലെ എല്ലാ കുട്ടികളും അയാളുടെ പിന്നിൽ അണിനിരന്നു. അങ്ങനെ അയാൾ ആ കുട്ടികളേയും കൂട്ടി ഒരു മലയുടെ മുകളിൽ കയറുന്നത് ജനങ്ങൾ കണ്ടതാണ്. പിന്നെ അവർക്കെന്തുപറ്റിയെന്ന് അറിയില്ല. എല്ലാവരും അല്ലെങ്കിൽ കുട്ടികൾ മാത്രം അവിടെ നിന്ന് താഴേക്കു വീണിരിക്കാം.

ഇതൊരു കഥയാണ്. യഥാർഥത്തിൽ ഇന്ന് യൂറോപ്പിലും അമേരിക്കയിലും പാശ്ചാത്യ നാടുകളിലും അവരുടെ പ്രഭാവത്തിൽ കഴിയുന്ന പ്രദേശങ്ങളിലും പാശ്ചാത്യരുടെ രാഗമാണ് ശയ്ത്വാൻ ആലപിക്കുന്നത്. ദൈവദാസന്മാർ, വഞ്ചനയിൽപെട്ടു, അറിവില്ലാത്തതുകാരണം, ഈ ഓടക്കുഴലിന്റെ നാദത്തിൽ ഉന്മത്തരായി നാശത്തിലേക്ക് അതിവേഗം ഓടിക്കൊണ്ടിരിക്കുകയാണ്. ഓരോ നാട്ടിലും ആ നാദമുതിർക്കുന്നവരുണ്ട്. അത് സമുദായങ്ങളെ നാശത്തിൽ അകപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അത് തന്റെ നാദത്തിൽ അവരെ ഉന്മത്തരാക്കിക്കൊണ്ട് മലകളിലേക്ക് കയറ്റുകയാണ്. പിന്നെ നശിപ്പിച്ച ശേഷം മാത്രമേ തിരിച്ചുകൊണ്ടുവരുകയുള്ളൂ. തുടർന്ന് പിന്നീടുള്ള തലമുറകളേയും ഇങ്ങനെ നശിപ്പിക്കുന്നു.... ഇതിൽ നിന്ന് രക്ഷപ്പെടാൻ, അല്ലാഹു പറഞ്ഞത്, ഞാൻ ഇക്കാലഘട്ടത്തിലെ ഇമാമിന് ഒരു രാഗം നൽകിയിട്ടുണ്ടെന്നും, അതിലൂടെ മുഴുവൻ ലോകത്തേയും അതിജയിക്കാമെന്നും, ഈ രാഗത്തിന് മുന്നിൽ ശയ്ത്വാന്റെ രാഗം പരാജയപ്പെടുമെന്നുമാണ്.

....... ശയ്ത്വാന്റെ രാഗത്തിന്റെ ദിനങ്ങൾ എണ്ണപ്പെട്ടുവെന്ന ഉറപ്പോടുകൂടി ഉണർന്നെഴുന്നേൽക്കുവിൻ, അതൊക്കെ പഴങ്കഥകളാവാനുള്ളവയാണ്. അത് അല്ലാഹുവിന്റേതല്ല....

*(മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പാക്കിസ്ഥാൻ ഇജ്തിമായിലെ സമാപന പ്രഭാഷണം. 23-10-1983)*

*(സമ്പാ: ഇബ്നു.എസ്.ഹമീദ്)*

---

ചരിത്രം
ഇഷ്

# ജാലിയൻ വാലാബാഗ് സംഭവം

*ഹ.ഖലീഫത്തുൽ മസീഹ് സാനിയുടെ നിർദ്ദേശം*

1918 -ൽ ബ്രിട്ടീഷ് സർക്കാർ റൗലത്ത് ആക്ട് എന്നപേരിൽ ഒരു കിരാത നിയമം നടപ്പാക്കി. അതേ തുടർന്ന് രാജ്യം മുഴുവൻ പ്രതിഷേധ പ്രകടനങ്ങളുണ്ടായി. അങ്ങിനെ അമൃതസർ നിവാസികൾ 1919 ഏപ്രിൽ 13 ന് ജാലിയൻ വാലാബാഗിൽ സമ്മേളിച്ചു.



അന്ന് അമൃതസറിൽ ഉണ്ടായിരുന്ന പട്ടാള മേധാവി ജനറൽ ഡയർ അവിടേക്കുള്ള ഒറ്റവഴിയിൽ നിന്ന് നിർദ്ദോഷികളായ ജനങ്ങൾക്ക് മേൽ നിറയൊഴിച്ചു. ചിലർ ഓടുന്നതിനിടയിൽ വെടിയേറ്റ് മരിച്ചു. ചിലരാകട്ടെ ജീവൻ രക്ഷപ്പെടുത്താൻ അവിടെയുള്ള കിണറിലേക്ക് ചാടുകയാണുണ്ടായത്. ഏതായാലും നിരവധിപേർക്ക് അവിടെ ജീവൻ ത്യജിക്കേണ്ടി വന്നു.

ഇതേകുറിച്ച് അറിഞ്ഞപ്പോൾ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ), തികച്ചും ഭീതിജനകവും, പട്ടാള നിയമവും നിലനിൽക്കുന്ന വേളയിൽ ജനറൽ ഡയറിനെ കുറ്റവാളിയായി പ്രഖ്യാപിച്ചുകൊണ്ട് പറഞ്ഞു: ജാലിയൻ വാലാബാഗ് സംഭവത്തിൽ കാണിച്ച കാഠിന്യം തീർച്ചയായും ഏറെ ദുഃഖകരമാണ്. രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ സ്വാധീനമുണ്ടാക്കാനും, അരാജകത്വം തണുപ്പിക്കാനുമാണ് താൻ വെടിവെച്ചതെന്ന ജനറൽ ഡയറിന്റെ പ്രസ്താവന മാത്രം മതി അയാളെ കുറ്റവാളിയായി മനസിലാക്കാൻ, മറ്റ് യാതൊരു തെളിവിന്റെയും ആവശ്യമില്ല.



ജനറൽ ഡയറിനെ സഹായിക്കാൻ ചില ഇംഗ്ലീഷുകാർ പൈസ സ്വരൂപിക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ ഹുസൂർ(റ) പറഞ്ഞു: അസഹിഷ്ണുക്കളായ ചില ഇംഗ്ലീഷുകാർ, ജനറലിനെ സഹായിക്കാൻ പൈസ സ്വരൂപിക്കുകയാണ്... അയാളെ സഹായിക്കുന്നവരും... അയാൾക്ക് വേണ്ടി പൈസ സ്വരൂപിക്കുന്നവരും അക്രമത്തിനെ അനുകൂലിക്കുന്നവരാണ്.

*(തർകെ മവാലാത്ത് ഔർ അഹ്കാം)*

നമുക്ക് താരതമ്യം ചെയ്യാം
ആഫ്താബ്

إِنَّ الْمُنَافِقِينَ يُخَادِعُونَ اللَّهَ وَهُوَ خَادِعُهُمْ (4:143)

# അല്ലാഹു വഞ്ചിക്കുന്നുവെന്നോ?

## സൗഊദി അറേബ്യ

തീർച്ചയായും കപട വിശ്വാസികൾ അല്ലാഹുവെ വഞ്ചിക്കാൻ നോക്കുകയാണ്. യഥാർഥത്തിൽ അല്ലാഹു അവരെയാണ് വഞ്ചിക്കുന്നത്.
*(വിശുദ്ധ ഖുർആൻ സമ്പൂർണ മലയാളപരിഭാഷ by ചെറിയമുണ്ടം അബ്ദുൽ ഹമീദ്, കുഞ്ഞിമുഹമ്മദ് പരപ്പൂർ. പ്രസാ: മലിക് ഫഹദ് ഖുർആൻ പ്രിന്റിംഗ്പ്രസ്)*

## കേരള നദുവത്തുൽ മുജാഹിദീൻ

നിശ്ചയമായും കപടവിശ്വാസികൾ അല്ലാഹുവിനോട് വഞ്ചന പ്രവർത്തിക്കുകയാണ്. അവനാകട്ടെ അവരെ വഞ്ചിക്കുന്നവനുമാകുന്നു.
*(വിശുദ്ധ ഖുർആൻ വിവരണം ഭാഗം:1, by അമാനി മൗലവി, പ്രസാ: കെ. എൻ.എം, നാലാംപതിപ്പ്, AD 2000)*

## ജമാഅത്തെ ഇസ്‌ലാമി

ഈ കപടവിശ്വാസികൾ അല്ലാഹുവിനെ വഞ്ചിച്ചുകൊണ്ടിരിക്കുന്നു.സത്യത്തിലോ, അല്ലാഹു അവരെ സ്വയം വഞ്ചിതരാക്കിയിരിക്കുകയാകുന്നു.
*(ഖുർആൻ ഭാഷ്യം, by മൗ. മൗദൂദി, പ്രസാ: ഐ.പി.എച്ച്, ഫെബ്രു 2010)*
*നോട്ട്: മൂലഗ്രന്ഥത്തിൽ* : ഹാലാൻകെ ദർഹഖീഖത്ത് അല്ലാഹ് ഹീ നെ ഉനേം ധോക്കമെം ഡാൽ രക്കാഹെ(യഥാർഥത്തിൽ അല്ലാഹു തന്നെ അവരെ വഞ്ചനയിൽ ആക്കിയിരിക്കുകയാണ്) *എന്നാണുള്ളത്* .

## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

തീർച്ചയായും കപടവിശ്വാസികൾ അല്ലാഹുവിനെ വഞ്ചിക്കുവാൻ ഉദ്ദേശിക്കുന്നു. അല്ലാഹു അവരുടെ വഞ്ചനക്കുള്ള ശിക്ഷ നൽകുന്നതാണ്. *(വിശുദ്ധ ഖുർആൻ മലയാള പരിഭാഷ)*

**നുറുങ്ങുകൾ**
എസ്.ഡി

## 50 വർഷമായി യൂറോപ്പിലും തഹജ്ജുദ്

ഒരിക്കൽ ഒരു യുവാവ് ഹ. ചൗധരി സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബിനോട്, യൂറോപ്പിൽ സുബഹി നമസ്കാരം അനുഷ്ഠിക്കാൻ പ്രയാസപ്പെടുന്നതിനെക്കുറിച്ച് പറഞ്ഞപ്പോൾ ചൗധരി സാഹിബ് പറഞ്ഞു:



എനിക്ക് എന്റെ തന്നെ കാര്യം ഉദാഹരണമായി പറയുന്നതിൽ മടിയുണ്ട്. എങ്കിലും നിങ്ങളുടെ തർബിയ്യത്തിനുവേണ്ടി പറയുകയാണ്. ഞാൻ അരനൂറ്റാണ്ടിലധികം യൂറോപ്പിൽ കഴിച്ചുകൂട്ടിയെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഫജ്ർ മാത്രമല്ല, ഒരിക്കലും തഹജ്ജുദും എനിക്ക് നഷ്ടപ്പെട്ടിട്ടില്ല. ഇത് തന്നെയാണ് മറ്റ് നമസ്കാരങ്ങളുടെയും അവസ്ഥ.
*(അവ : അൽഫദ്ൽ റബ്‌വ 20.3.2002)*



## വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )

## തബ്‌ലീഗ് ചെയ്യുന്നതിനുമുമ്പ് കർമ്മങ്ങളെ ശരിയാക്കേണ്ടത് അനിവാര്യമല്ലേ?

അല്ലാഹു വിശുദ്ധ ഖുർആനിൽ തബ്‌ലീഗിനെ ആദ്യവും അഅ്മാലെ സ്വാലിഹയെ പിന്നീടുമാണ് പറഞ്ഞിരിക്കുന്നത്.
അല്ലാഹു പറയുന്നു:- തബ്‌ലീഗ് ചെയ്യുകയും സത്കർമ്മം അനുഷ്ടിക്കുകയും ചെയ്യുന്നവനേക്കാൾ ഉത്തമൻ ആരാണ്?
വിശുദ്ധഖുർആൻ ഈ ക്രമം വെച്ചിരിക്കെ അതിനെ ആർക്ക് മാറ്റാൻ കഴിയും. തബ്‌ലീഗ് ചെയ്യുന്നവർക്ക് അല്ലാഹു സൽക്കർമ്മത്തിന്റെ നിബന്ധന വെച്ചിരിക്കുന്നു. എന്നാൽ നിങ്ങളിൽ ഇന്ന ഇന്ന കുറവുകളുണ്ട്. അത് മാറ്റിയിട്ട് തബ്‌ലീഗ് ചെയ്യുക എന്നുപറയുന്നത് തെറ്റാണ്. എന്തെന്നാൽ അല്ലാഹുവിങ്കലേക്ക് വിളിക്കുന്ന സൽകർമ്മകാരികളിലും ന്യൂനതകൾ ഉണ്ടാകാം. കാരണം എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധൻ അല്ലാഹു മാത്രമാണ്. ആരുടെ ന്യൂനതകളെ പൊറുക്കണമെന്നും ആരെ പിടികൂടണമെന്നും അല്ലാഹു തന്നെയാണ് തീരുമാനിക്കുക. അതുകൊണ്ട് നമുക്ക്, കൂടിയാൽ ദാഊഇലല്ലാഹ്, സത്കർമ്മം ചെയ്യണമെന്ന് പറയാം. ചിലരുടെ കർമ്മങ്ങൾ കൂടുതൽ നന്നായിയിരിക്കും. ചിലരുടേത് ആപേക്ഷികമായി കുറവും. എന്നാൽ എന്റെ കർമ്മമാണ് കൂടുതൽ നല്ലത്, അന്യൂനം എന്നെല്ലാം പറയുന്നവൻ അഹങ്കാരിയാണ്. അയാളുടെ പ്രഖ്യാപനം ശൈത്താന്റെ വാക്കുകൾ പോലെ തള്ളപ്പെടേണ്ടതാണ്. നബി(സ) തിരുമേനിയേക്കാളും സൽക്കർമ്മം അനുഷ്ടിക്കുകയും തഖ്‌വയുടെ ഉന്നതിയിലെത്തിയ ആളും വേറെ ആരുണ്ട്? തിരുമേനി പോലും പറഞ്ഞത് എന്നോട് പൊറുമ കാണിക്കുന്നതും എന്റെ കർമ്മങ്ങൾ കൊണ്ടല്ല മറിച്ച് അല്ലാഹുവിന്റെ കാരുണ്യം കൊണ്ട് മാത്രമാണെന്നാണ്. വിശുദ്ധ ഖുർആൻ നൽകിയ അധ്യാപനമാണ് ശരി.
ദഅ്‌വത്തെ ഇലല്ലാഹ് ഓരോ അഹ്മദികൾക്കും ഫർള് ആണ്. എല്ലാ മുസ്‌ലിംകൾക്കുമുള്ള ആജ്ഞയാണ്. എന്നാൽ അതോടൊപ്പം തന്നെ നിങ്ങളുടെ കർമ്മങ്ങൾ ശരിയായെങ്കിൽ മാത്രമേ ദഅ്‌വത്ത് ഫലപ്രദമാകൂ എന്ന് ഓർമ്മിപ്പിക്കുകയും ചെയ്തിരിക്കുന്നു.
എത്രമാത്രം ഒരാളുടെ കർമ്മങ്ങൾ ശരിയാക്കുന്നുവോ അതനുസരിച്ച് അയാൾ വിശുദ്ധ ഖുർആന്റെ ഈ ആയത്തനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഈ പരിശ്രമത്തിൽ ചിലർ ചെറിയ സ്ഥാനത്തും ചിലർ വലിയ സ്ഥാനത്തും ആയിരിക്കും.
അല്ലാഹു കർമ്മങ്ങൾ അനിവാര്യമാണെന്ന് പറയുന്നു. പക്ഷേ, ആർക്കും തന്റെ കർമ്മങ്ങൾ വെച്ചുനോക്കി തന്റെ കർമ്മമാണ് നല്ലതെന്നു കരുതി അത് വിളിച്ച് പറയാൻ അനുവാദം നൽകുന്നില്ല. എന്തെന്നാൽ അന്യൂനമായ കർമ്മങ്ങൾ ആർക്കും ലഭ്യമല്ല. ദൈവകാരുണ്യം കൂടാതെ ആർക്കും ഈ സ്ഥാനത്തെത്താനും സാധ്യമല്ല. (ബദ്ർ 26-2-1987)
*സമ്പാ : അബൂസ്വബാഹ്.*

# പത്രപാരായണം

ഹദ്റത് മസീഹ് മൗഊദ്(അ) രാത്രിയിലും പകലും ജോലി ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. പത്രവും സ്ഥിരമായി പാരായണം ചെയ്യുമായിരുന്നു. ഈ പദ്ധതിയുടെ സമയത്ത് (തഹ്‌രീക് ജദീദിന്റെ) ഞാൻ 12 മണിക്ക് മുമ്പേ ഉറങ്ങിയിരുന്നില്ല. പത്രപാരായണം ഒഴിവാക്കിയിരുന്നുമില്ല. *(ഖുത്‌ബ **ഹ.മുസ്‌ലിഹ് മൗഊദ്(റ)** 01.01.1935)*

വീക്ഷണവിശേഷം
ഒബ്സർവർ

# മുസ്‌ലിം രാഷ്ട്രങ്ങളുടെ ദീനരോദനം പരിഹാരമെന്ത്?

ലിബിയൻ പ്രസിഡന്റായിരുന്ന കേണൽ ഗദ്ദാഫിയുടെ ദാരുണമായ അന്ത്യമായിരുന്നു ഒക്ടോബറിലെ പ്രധാനവാർത്ത. സുരക്ഷയുടെ അതിനൂതന മാർഗങ്ങളും കിലോമീറ്ററുകളോളം വ്യാപിച്ചുകിടക്കുന്ന അത്യാധുനിക അണ്ടർഗ്രൗണ്ടും ഒക്കെ ഒരുക്കി തികച്ചും നിർഭയനായി കഴിയുമ്പോഴാണ് മുസ്‌ലിം രാഷ്ട്രങ്ങളിൽ ഒരുവേള പാശ്ചാത്യ നാടുളിലും അതിന്റെ അനുരണനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ തന്നെയും അതിശക്തമായ ജനകീയ പ്രക്ഷോഭങ്ങൾ ആഞ്ഞടിച്ചത്. അതേതുടർന്ന് രാഷ്ട്രതലവന്മാരും ഭരണചക്രങ്ങളും ഒക്കെ വഴിയാധാരമായി. തലേന്ന് വരെ സഹകരിച്ചിരുന്ന യാങ്കിപ്പടയും, പാശ്ചാത്യ



ശക്തികളും കലാപങ്ങൾക്ക് ഊർജ്ജം പകർന്നുകൊണ്ടിരുന്നു. ജാസ്മിൻ റവല്യൂഷൻ (മുല്ലപ്പൂ വിപ്ലവം) എന്ന അരുമപ്പേരിൽ സിറിയയിൽ തുടങ്ങിയ അശാന്തി ഇപ്പോഴും കെട്ടടങ്ങിയിട്ടില്ല.

എന്താണ് യഥാർഥ കാരണം. എന്തുകൊണ്ടാണ് ജനങ്ങൾ തെരുവുകളെ ചെഞ്ചോരയണിയിക്കാൻ ഉത്സുകരായത്. ഭരണവിരുദ്ധ വികാരമെന്നാണ് പത്രമാധ്യമങ്ങൾ കൊട്ടിഘോഷിച്ചത്.

ഇസ്‌ലാമിക നാടുകളെന്ന് അവകാശപ്പെടുന്ന അമ്പതിലധികം രാഷ്ട്രങ്ങൾ ഇന്ന് നിലവിലുണ്ട്. വ്യത്യസ്ഥ രീതിയിലുള്ള ഭരണങ്ങളാണ് അവിടങ്ങളിലൊക്കെയും. അഫ്ഘാൻ, ഇന്തോനേഷ്യ, തുടങ്ങിയവയിൽ പ്രസിഡൻഷ്യൽ റിപ്പബ്ലിക്കും പാക്കിസ്ഥാൻ തുടങ്ങിയവയിൽ പാർലമെന്ററി ഡെമോക്രസിയും, ഈജിപ്ത്, മാലി തുടങ്ങിയവയിൽ സെമി പ്രസിഡൻഷ്യൽ റിപ്പബ്ലിക്കും ,സൗഊദി അറേബ്യ പോലുള്ളയവയിൽ പൂർണമായ രാജാധിപത്യവും. ചിലതിൽ ഏകാധിപത്യമാണ്. ഇനിയും ചിലതിൽ നാമമാത്രമായ ജനാധിപത്യവും.

ഇസ്‌ലാം രാജവാഴ്ചയെ നിഷേധിക്കുന്നില്ല. ജനാധിപത്യ പ്രകൃതിയിൽ ഭരണാധിപന്മാർ നല്ലതോ ചീത്തയോ ആകാറുള്ളതുപോലെ രാജാക്കന്മാരിലും ഈ വൈജാത്യം കാണപ്പെടാറുണ്ട്. രാജവാഴ്ചയിൽ ദൈവികരായ രാജാക്കന്മാരെപ്പറ്റിയും വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്നുണ്ട്. അത്തരത്തിലുള്ള രാജാക്കന്മാരായിരുന്നു ഹദ്റത്ത് ദാവൂദ് (അ), ഹദ്റത്ത് സുലൈമാൻ (അ) എന്നിവർ. മാത്രമല്ല. ഇതുപോലുള്ള മറ്റൊരു സംവിധാനത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നത് ഉലുൽ അംറിനെ അനുസരിക്കണമെന്നാണ്. വിശാലമായ അർഥങ്ങൾ ഉൾക്കൊള്ളുന്ന ഈ പദവും ഭരണാധിപന്മാരെയാണ് കുറിക്കുന്നത്. ഇത് ഒരുപക്ഷെ ജനഹിതത്തിനനുസൃതമെല്ലെങ്കിലും അവരുടെ നന്മകൾക്കെതിരാണെന്ന് പറയപ്പെടാൻ സാധ്യമല്ല. പലപ്പോഴും ജനാധിപത്യത്തിൽ ഭൂരിപക്ഷത്തിന് മാത്രമാണ് മേൽക്കൈ. അത്തരം ഭരണാധിപന്മാർ ജനഹിതത്തിനനുസൃതരാണെങ്കിലും അവർ ജനോപകാരികൾ ആയിക്കൊള്ളണമെന്നില്ലല്ലോ.

ദൈവികരായ രാജാക്കന്മാരും, ഭരണകർത്താക്കളും, തീർച്ചയായും ഉണ്ടായിട്ടുണ്ട്. എന്നാൽ എല്ലാ രാജാക്കന്മാരും ഭരണകർത്താക്കളും ദൈവികരാണെന്ന് പറയപ്പെടാൻ സാധ്യമല്ല. മധ്യകാലഘട്ടത്തിൽ രാജാക്കന്മാരും ഭരണകർത്താക്കളും ദൈവദത്തമായ അവകാശങ്ങളോടുകൂടിയവരാണെന്ന ചിന്താഗതി ക്രിസ്ത്യാനികൾ പ്രകടിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ വിശുദ്ധ ഖുർആൻ ഒരിക്കലും ഇത് അംഗീകരിക്കുന്നില്ല.

ജനാധിപത്യ വ്യവസ്ഥയുടെ നിർവചനമായി അംഗീകരിക്കപ്പെടുന്നത് എബ്രഹാം ലിങ്കന്റെ Democracy of the people, by the people, for the people (ജനാധിപത്യമെന്നാൽ ജനങ്ങളുടെ ജനങ്ങളാൽ ജനങ്ങൾക്ക് വേണ്ടി) എന്ന വാചകമാണല്ലോ. ഇതിൽ ജനങ്ങൾക്ക് വേണ്ടി എന്ന ഭാഗം മാത്രം സാർഥകമാണ്. ഭൂരിപക്ഷ ജനാധിപത്യ പ്രകൃതിയിൽ അതിന് എത്രമാത്രം സാധൂകരണവും നീതീകരണവുമുണ്ട്. മാത്രമല്ല ഭൂരിപക്ഷ വോട്ടുകളുടെ അടിസ്ഥാനത്തിൽ ഭരണാധിപന്മാരെ നിശ്ചയിക്കുമ്പോൾ പലപ്പോഴും അത് നേരിയ ഭൂരിപക്ഷത്തിന്റെ മാത്രം വിധിയാകാറില്ലെ. ഭരിക്കുന്നവരുടെ മാനസികാവസ്ഥക്ക് അനുസൃതമായി ഭരണങ്ങൾ പോലും മാറുമ്പോൾ ഭൂരിപക്ഷാഭിപ്രായവും അവിടെ ചോദ്യം ചെയ്യപ്പെടുകയാണ്. ജനങ്ങളുടെ താൽപര്യം പലപ്പോഴും മാറിമറിഞ്ഞ് വരുന്നു. സ്ഥായിയായ ലാഭത്തേക്കാളുപരി താൽക്കാലികമായ ലാഭമാണ് പ്രതീക്ഷിക്കപ്പെടുന്നത്.

ഇന്നലെ ചെയ്തരോബദ്ധം നാളത്തെ..............
അതിന് സമ്മതം മൂളായ്ക രാജൻ.

എന്നതല്ലെ അവസ്ഥ. പലപ്പോഴും തിരഞ്ഞെടുപ്പ് വേളയിൽ ജനങ്ങൾക്ക് നിർഭയമായി വോട്ടുചെയ്യാൻ പോലും കഴിയാറില്ല.

വിശുദ്ധ ഖുർആന്റെ വീക്ഷണമനുസരിച്ച് ജനങ്ങൾക്ക് അനുയോജ്യമായ ഏത് ഭരണക്രമവും സ്വീകരിക്കാവുന്നതാണ്. ജനാധിപത്യം, രാജാധിപത്യം,ഗോത്രങ്ങളുടെ ഭരണം, പിന്തുടർച്ചാവകാശം എന്നിത്യാദി വ്യവസ്ഥകളിൽ ഏതും ജനങ്ങൾക്ക് തിരഞ്ഞെടുക്കാം. എങ്കിലും ഇസ്‌ലാം ജനാധിപത്യ വ്യവസ്ഥക്കാണ് പ്രാമുഖ്യം നൽകുന്നത്. മാത്രമല്ല ജനാധിപത്യ സമ്പ്രദായത്തെ സ്വീകരിക്കാൻ ആഹ്വാനവും ചെയ്യുന്നു.

ഇസ്‌ലാം വിഭാവനം ചെയ്യുന്ന ജനാധിപത്യത്തിന് രണ്ട് അടിസ്ഥാനങ്ങളുണ്ട്.

1.തെരഞ്ഞെടുപ്പ് വിശ്വസ്തമായിരിക്കണം. ഖുർആൻ പറഞ്ഞത് തുഅദ്ദുൽ അമാനാത്തി ഇലാ അഹ്ലിഹാ എന്നാണ്. വോട്ട് ചെയ്യുമ്പോൾ അത് അർഹതപ്പെട്ട വ്യക്തിക്ക് തന്നെയായിരിക്കണമെന്ന്. വോട്ട് ചെയ്യുമ്പോൾ കാണിക്കുന്ന സത്യസന്ധതയും വിശ്വസ്ഥതയും എല്ലാം കാണുന്നവനായ ദൈവം ശ്രദ്ധിക്കുന്നുണ്ടെന്ന് ഇസ്‌ലാം പറയുന്നു. മാത്രമല്ല വോട്ടവകാശമുള്ള എല്ലാവരും വോട്ട് ചെയ്യണമെന്നും ഇസ്‌ലാം ആവശ്യപ്പെടുന്നു.

2.ഭരണാധിപന്മാരോട് പറഞ്ഞത് പൂർണമായും നീതിയുക്തമായ ഭരണം കാഴ്ചവെക്കണമെന്നാണ്. തീരുമാനങ്ങൾ നീതിനിഷ്ഠമായിരിക്കണം. അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചക്കും തയ്യാറാകരുത്. കക്ഷി താൽപര്യങ്ങൾ തീരുമാനങ്ങളെ സ്വാധീനിച്ചുകൂടാ.



ജനാധിപത്യത്തിന് ഊന്നൽ നൽകുമ്പോഴും രാജാധിപത്യത്തെ ഇസ്‌ലാം പൂർണമായി വിലക്കുന്നില്ല. മാത്രമല്ല ഇസ്‌ലാമിക സമൂഹ ക്രമത്തിൽ അംറുഹും ശൂറാ ബൈനഹും പരസ്പരം കൂടിയാലോചിക്കുക എന്ന് നിർദ്ദേശിക്കുന്നു. കൂടിയാലോചനകളിലെ തീരുമാനങ്ങൾ മാനിക്കുമ്പോൾ അത് ജനങ്ങളുടെ തീരുമാനമായി മാറുന്നതാണ്. കൂടാതെ എല്ലാതരം ഭരണാധിപന്മാരോടും ഇസ്‌ലാം നിർദ്ദേശിക്കുന്നത് തഹ്കുമൂ ബിൽ അദിൽ നീതിയുക്തമായി ഭരിക്കണമെന്നാണ്.

ഇസ്‌ലാം വിഭാവനം ചെയ്യുന്ന ജനായത്ത പ്രക്രിയയിൽ ഭരണീയൻ തന്റെ വോട്ട് അമാനത്താണെന്ന് മനസ്സിലാക്കിക്കൊണ്ട് വിനിയോഗിക്കണം. അല്ലാതെ തന്നിഷ്ടപ്രകാരം അത് വിനിയോഗിക്കാൻ പാടില്ല. മാത്രമല്ല വോട്ട് ചെയ്യാതിരിക്കാൻ ഇസ്‌ലാം അനുവാദം പോലും നൽകുന്നില്ല. ഇസ്‌ലാമിക ഭരണക്രമത്തിൽ ആത്യന്തികമായി എല്ലാ അധികാരങ്ങളുടേയും ഉടമസ്ഥൻ അല്ലാഹുവാണ്. അതുകൊണ്ട് തന്നെ ഭരിക്കാനുള്ള മാർഗനിർദേശങ്ങളും അവൻ തന്നെ നൽകിയിരിക്കുന്നു. ഇതിനോട് വിയോജിക്കുന്ന ഭരണക്രമം ഉണ്ടാകാൻ പാടില്ല. വർത്തമാന കാലത്ത് സുഖലോലുപതയിൽ അഭിരമിക്കാനുള്ള ഒരു ഉപാധിയായി ഭരണത്തെ അധികാരികൾ കണ്ടുതുടങ്ങിയിരിക്കുന്നു. ഭരണത്തിൽ മുല്ലായിസത്തിന്റെ കടിഞ്ഞാൺ ഉണ്ടാകുന്നതിന്റെ ദുരന്തഫലങ്ങളും ജനങ്ങൾ അനുഭവിക്കുകയാണ്. ഇത്തരം കാരണങ്ങളാണ് ഭരണാധിപന്മാരെ തുരത്താൻ ജനങ്ങളെ പ്രേരിപ്പിക്കുന്നത്. അറേബ്യൻ രാജ്യങ്ങളിലും പാക്കിസ്ഥാൻ പോലുള്ള രാജ്യങ്ങളിലുമൊക്കെ അതിന്റെ തിക്ത ഫലങ്ങൾ ഭരണകൂടങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. രാഷ്ട്രങ്ങൾ ദീർഘനാൾ അരാജകത്വത്തിന്റെ കൈപിടിയിൽ അമരുകയും ചെയ്യുന്നു. അതിനുള്ള പരിഹാരമാണ് നീതിനിഷ്ഠമായ, ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കിക്കൊണ്ടുള്ള ഭരണം. അതിന് മാത്രമെ അശാന്തി ഇല്ലാതാക്കാൻ കഴിയൂ.


## ഗുട്ടൻസ്

മൗദൂദി വിഭാവനം ചെയ്ത ഹുകൂമത്തെ ഇലാഹിയുടെ താഡനമല്ല ഇസ്‌ലാം വിഭാവനം ചെയ്യുന്നതെന്നും അത് 1948 ൽ പോളിസി മാറ്റത്തിലൂടെ പ്രഖ്യാപിച്ചിരുന്നെന്നും മൗദൂദിയൻ പത്രമാധ്യമങ്ങളിൽ വിശദീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. (പ്രബോധനം 2011 ഒക്ടോബർ 29)

***തിരിച്ചറിവ് എല്ലാവർക്കും നല്ലതുതന്നെ.***

# ലോകത്തെ അതിജയിക്കാം

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)**



ബൗദ്ധിക വളർച്ചയെ പരമോന്നതിയിൽ എത്തിക്കുക. ഒരു കുട്ടി എത്ര തന്നെ ബുദ്ധിമാനാണെങ്കിലും അലസത ഉണ്ടെങ്കിൽ പഠനത്തിൽ മികവ് കാണിക്കാനാവുകയില്ല. മാത്രമല്ല ശരിയായ ഭൗതിക വളർച്ചയും ഉണ്ടാവുകയില്ല. തിന്മയോ മറ്റ് ദുസ്വഭാവങ്ങളോ ഇല്ലാത്ത കുട്ടികളുണ്ട്. പക്ഷെ അവരിൽ അലസതയുണ്ടാകും. സമയം പാഴാക്കുക, അനാവശ്യമായ സംസാരം, കൂട്ടുകാരെ കിട്ടിയാൽ കളി തമാശ മാത്രം പറഞ്ഞിരിക്കുക. പഠനത്തിൽ ശ്രദ്ധിക്കാതിരിക്കുക ഇത്തരത്തിലുള്ള അലസതയെ കുറിച്ചാണ് ഇപ്പോൾ ഞാൻ പറയുന്നത്. അലസതയിൽ നിന്ന് വിട്ടു നിൽക്കുകയും പഠനത്തിൽ ശ്രദ്ധിക്കുന്ന ശീലമുണ്ടാക്കുകയും പരിശ്രമത്തിലൂടെ ബുദ്ധിവികാസത്തിനായി പടിപടിയായി മാനസിക വ്യായാമങ്ങൾ ചെയ്യുകയും ബൗദ്ധിക വളർച്ചക്ക് അനിവാര്യമാണ്. പ്രായവും ശക്തിയും വർദ്ധിക്കുന്നതിനനുസരിച്ച് കൂടുതൽ പഠിക്കുന്നവരാകണം. ഞാൻ പഠിച്ചിരുന്ന OXFORDലെ Balliol കോളേജിലെ കഠിനാധ്വാനം ചെയ്യുന്ന ബുദ്ധിമാൻമാരായ കുട്ടികൾ ക്ലാസിനു പുറത്ത് ഞായറാഴ്ചയടക്കം ഏഴ് ദിവസവും 12-13 മണിക്കൂർ പഠിക്കുമായിരുന്നു. ഇത്തരം യുവാക്കളുടെ തലമുറയോടാണ് നാം മത്സരിക്കുന്നതെങ്കിൽ കുറഞ്ഞ പക്ഷം അത്രയും സമയമെങ്കിലും നമുക്കും പഠിക്കേണ്ടതായി വരും. അതോടൊപ്പം ദുആ ചെയ്യുകയുമാണെങ്കിൽ അവരെ അതിജയിക്കാൻകഴിയും. പക്ഷെ അല്ലാഹുവിന് നന്ദി കാണിക്കാതിരിക്കുകയും അവരേക്കാൾ കുറച്ച് സമയം മാത്രം പഠിക്കുകയും ദുആ ചെയ്യുന്നുമില്ലെങ്കിൽ അവരുമായി മത്സരിക്കാൻതന്നെ സാധ്യമല്ല. .......

മറ്റൊന്ന് ജാഗ്രതയും ഉണർന്നിരിക്കുന്ന ശീലവും വളർത്തിയെടുക്കുക എന്നുള്ളതാണ്. ഒരേ വഴിയിലൂടെ രണ്ട് പേർ പോകുന്നുവെങ്കിൽ അതിൽ ജാഗ്രത പുലർത്തുകയും ഉണർന്നിരിക്കുകയും ചെയ്യുന്ന ആൾ നൂറുകണക്കിന് കാര്യങ്ങളിൽ ശ്രദ്ധിക്കുന്നു. എന്നാൽ രണ്ടാമനോട് ചോദിച്ചാൽ ഒന്നോ രണ്ടോ കാര്യങ്ങളിൽ കൂടുതൽ പറയാൻ സാധിക്കുകയില്ല. കാരണം അവന് ശരിയാംവിധം വീക്ഷിക്കുന്ന ശീലമില്ല. ഞാൻ യൂറോപ്പിൽ യാത്രചെയ്യുമ്പോൾ കാഴ്ചയിലൂടെയാണ് എനിക്ക് പകുതി അനുഭവവും ലഭിക്കുന്നത്. ഉദാ: അവിടുത്തെ മരങ്ങൾ അതിന്റെ പ്രായം, അതിന്റെ ദൂരം എന്നിവയെകുറിച്ച് എനിക്ക് ആരോടും ചോദിക്കേണ്ടി വരാറില്ല. വാഹനങ്ങൾ ഓടി മറയുമ്പോൾ അത്തരം കാര്യങ്ങൾ ഞാൻ അനുഭവിച്ചറിയുന്നു. ഇത് എനിക്ക് മാത്രം തുറന്നിട്ട വാതിലല്ല. മറിച്ച് നാം ഓരോരുത്തർക്കും അല്ലാഹു അവന്റെ കാര്യത്തിൽ ജാഗരൂകരാവാനും ഉണർവോടെ ജീവതകാലം കഴിച്ചുകൂട്ടാനുള്ള വാതിൽ തുറന്നിട്ടിരിക്കുന്നു. അടുത്തത് തീവ്രവീക്ഷണമാണ്. ഒരു വ്യക്തി 10 സെക്കന്റ് കൊണ്ട് ഗ്രഹിക്കുന്ന കാര്യങ്ങൾ അതിന്റെ 1/20 സമയം കൊണ്ട് അതായത് 1/2 സെക്കന്റെ കൊണ്ട് അവന്റെ ബുദ്ധിയിൽ വരണം. ഇതിന്നർത്ഥം കാണാനുള്ള കഴിവിനെ വളർത്തിയെടുക്കുകയും അതിനെ പരിപൂർണ്ണതയിലെത്തിക്കുകയും ചെയ്യുക എന്നതാണ്.

ബൗദ്ധിക വളർച്ചക്കാവശ്യമായ കാര്യങ്ങളാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. മറ്റൊന്ന് ഈ ലോകത്ത് അല്ലാഹുവിന്റെ ഗുണവിശേഷങ്ങളുടെ പ്രഭാവം അനന്തമായി പരന്നു കിടക്കുന്നു. അതിനാൽ അല്ലാഹുവിന്റെ ഈ ഗുണവിശേഷങ്ങളുടെ പ്രഭാവത്തെ സ്നേഹിക്കുകയും അതിന്റെ പഠനത്തിലൂടെ പ്രകൃതിദത്തവും ബൗദ്ധികവുമായ ആനന്ദം അനുഭവിച്ചറിയുകയും അതൊരു ശീലമാക്കുകയും ചെയ്യേണ്ടതാണ്. ഉദാ: മഴ പെയ്യുമ്പോൾ കാലാവസ്ഥ മാറുന്നത്. ഞാനും മൻസൂറ ബേഗവും ജനലിനടുത്തിരുന്നുകൊണ്ട് പ്രാതൽ കഴിക്കുമ്പോൾ കാണാറുണ്ട് പുറത്തുള്ള വൃക്ഷങ്ങളുടെ രൂപംതന്നെ മാറിയിരിക്കുന്നു. അതിൽ പച്ചപ്പും സൗന്ദര്യവും യൗവ്വനവുമുണ്ട്. അവയൊക്കെ പ്രത്യേകമായ ആനന്ദത്തിലാണെന്ന് തോന്നിപ്പോകുന്നു. അപ്പോൾ അല്ലാഹുവിന്റെ ഗുണവിശേഷങ്ങളെ സ്നേഹിക്കേണ്ടതും ബൗദ്ധിക വളർച്ചക്ക് വളരെ അനിവാര്യമാണ്. അതിന്റെ പഠനത്തിലൂടെ പ്രകൃതിദത്തവും ബൗദ്ധികവുമായ ആനന്ദം അനുഭവിച്ചറിയേണ്ടതാണ്.

അല്ലാഹുവിന്റെ ഗുണവിശേഷങ്ങളുടെ പ്രഭാവം അടിസ്ഥാനപരമായി രണ്ട് വിധത്തിലാണ് വിഭജിക്കപ്പെട്ടിരിക്കുന്നത്.

1.അത്തരം പ്രഭാവത്തിന്റെ ഫലമായി മുഴുലോകത്തും ജ്ഞാനവിജ്ഞാനങ്ങൾ ഉടലെടുക്കുന്നു.

2.എല്ലാ മനുഷ്യരുടെയും നേർമാർഗ്ഗത്തിന്റെ ഉൽഭവസ്ഥാനമാണ് വിശുദ്ധ ഖുർആൻ. അത് നമ്മുടെ ജീവതത്തിലെ എല്ലാ മേഖലകളിലും മാർഗ്ഗദർശനം നൽകുന്നു.

അല്ലാഹു നമുക്ക് ശക്തിയും കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള കഴിവും നൽകിയിരിക്കുന്നു. മാത്രമല്ല സുവാർത്തകളും നൽകിയിട്ടുണ്ട്. അതെ കുറിച്ച് (ഹ) മസീഹ് മൗഊദ് (അ) പറയുന്നു.

അല്ലയോ ജനങ്ങളേ! ഇത് ആകാശഭൂമികൾ സൃഷ്ടിച്ചവന്റെ പ്രവചനമാണ്. അവൻ തന്റെ ഈ ജമാഅത്തിനെ എല്ലാ രാജ്യങ്ങളിലും പരത്തുന്നതാണ്. തെളിവുകളുടെ രംഗത്ത് എല്ലാവർക്കുമേലും അവൻ വിജയം നൽകുന്നതുമാണ്.

(തദ്കിറത്തുശ്ശഹാദത്തെയ്ൻ പേജ്- 64)

തുടർന്ന് പറയുന്നു:-എന്റെ ഫിർക്കയിൽ പെട്ട ആളുകൾ അറിവിലും അഭൗമികജ്ഞാനത്തിലും പരിപൂർണ്ണത കൈവരിക്കുന്നവരായിരിക്കും. തങ്ങളുടെ സത്യത്തിന്റെ പ്രകാശംകൊണ്ട്, തെളിവുകളുടെയും അടയാളങ്ങളുടെയും മൈതാനത്തിൽ എല്ലാവരുടെയും വായ അടപ്പിക്കുന്നതുമാണ്. (തജല്ലിയാത്തെ ഇലാഹിയ്യ).

സംസ്കാര സമ്പന്നമായ സമുദായങ്ങളെ അറിവിന്റെ മൈതാനത്ത് പരാജയപ്പെടുന്നത് വരെ ഇസ്‌ലാമിനെ നമുക്ക് വിജയിപ്പിക്കാൻ സാധ്യമല്ല എന്ന് നാം ഓർക്കേണ്ടിയിരിക്കുന്നു.

(മശ്അലെ റാഹ് - ഭാഗം രണ്ട്: പേജ്- 565, 566, 567)

വിവർത്തനം:- എ. നസീം അഹ്മദ്, ചേലക്കര

## ദഫ്തർ തഹ്‌രീക് ജദീദ്

ദഫ്തർ എന്ന പദത്തിന്റെ അർഥം ലഡ്ജർ എന്നാണ്. തഹ്‌രീക് ജദീദ് ലഡ്ജറുകളെ 19 വർഷത്തേക്ക് നിജപ്പെടുത്തിയിരിക്കുന്നു.

| | | |
|---|---|---|
| **ദഫ്തർ അവ്വൽ** | **1934 നവം - 1944 ഒക്ടോ വരെയുള്ള കാലയളവിൽ തഹ്‌രീക് ജദീദിൽ ചന്ദ: കൊടുത്ത് തുടങ്ങിയവർ** | |
| **ദഫ്തർ ദോം** | **1944 നവം - 1965 ഒക്ടോ** | " " |
| **ദഫ്തർ സോം** | **1965 നവം - 1985 ഒക്ടോ** | " " |
| **ദഫ്തർ ചഹാറാം** | **1985 നവം - 2004 ഒക്ടോ** | " " |
| **ദഫ്തർ പഞ്ചം** | **2004 നവം മുതൽ** | " " |

ആദ്യത്തിൽ ഹ ഖലീഫത്തുൽ മസീഹ് സാനി (റ), ലഡ്ജർ എത്രവർഷത്തേക്കാണെന്ന് നിജപ്പെടുത്തിയിരുന്നില്ല. എന്നാൽ രണ്ടാമത്തെ ലഡ്ജറിന്റെ സമയത്താണ് കാലം നിജപ്പെടുത്തിയത്.



# തഹ്‌രീക് ജദീദ്

## നവലോകക്രമത്തിനൊരു കർമപദ്ധതി

**ഹ. മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:-**
എന്താണ് തഹ്‌രീക് ജദീദ്? അത് അല്ലാഹുവിന്റെ മുന്നിൽ വിശ്വാസത്തിന്റെ കാണിക്കയാണ്. അതായത് അല്ലാഹുവേ, വസിയ്യത്ത് മുഖേന നീ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വ്യവസ്ഥിതിക്ക് ഇനിയും സമയമുണ്ട്. ആയതിനാൽ നിന്റെ സവിധത്തിൽ ആ വ്യവസ്ഥിതിയുടെ ഒരു ചെറിയ രൂപം ഞങ്ങൾ തഹ്‌രീക് ജദീദിലൂടെ സമർപ്പിക്കുകയാണ്... തഹ്‌രീക് ജദീദ്, വസിയ്യത്തിന് ശേഷമാണ് വന്നതെങ്കിലും മുമ്പേ വന്ന തരത്തിലാണുള്ളത്. അതായത് ഈ പദ്ധതി, മസീഹിന് ഇൽയാസ് നബിയുടെ അവസ്ഥയിലാണുള്ളത്. അതിന്റെ ആവിർഭാവം, ഹ. മസീഹ് മൗഊദ് (അ) മുഖേനയുള്ള വിജയത്തിന്റെ മുന്നൊരുക്കുകാരനെപ്പോലെയാണ്.

തഹ്‌രീക് ജദീദിൽ ഭാഗഭാക്കാകുന്ന ഓരോരുത്തരും വസിയ്യത്ത് പദ്ധതിയെ വിശാലമാക്കുന്നതിന് സഹായിക്കുന്നവരാണ്. വസിയ്യത്ത് വ്യവസ്ഥിതിയെ വിശാലമാക്കുന്നവർ നവലോകക്രമത്തിന്റെ നിർമാണത്തിന് സഹായിക്കുന്നവരാണ്.(ഖുത്ബ 24.11.1939)

**തഹ്‌രീക് ജദീദ് വി. ഖുർആനിൽ**
ജമാഅത്തിനെ പുതിയൊരു സരണിയിൽ നടത്താനാണ് ഞാൻ പദ്ധതി തുടങ്ങിയത്. അതാണ് തഹ്‌രീക് ജദീദ്. ഇത് ഇപ്പോഴാണ് തുടങ്ങിയതെങ്കിലും അതേപ്പറ്റി വിശുദ്ധഖുർആനിൽ ഉള്ളതാണ്. (ഖുത്ബ 15.11.1937)

# നുസ്റത്ത് ജഹാൻ ആഗെ ബഡോ സ്കീം






1970ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) ആഫ്രിക്കയിൽ പര്യാടനം നടത്തുമ്പോഴാണ് നുസ്റത്ത് ജഹാൻ സ്കീമിനെകുറിച്ച് ദൈവികമായ ബോധനം കിട്ടുന്നത്.

* ആഫ്രിക്കയിലെ അശരണരും ആലംബഹീനരും ദുഃഖിതരുമായ മനുഷ്യകുലത്തിന് വൈദ്യസഹായവും വിദ്യാഭ്യാസസൗകര്യവും മറ്റു അടിസ്ഥാന ആവശ്യങ്ങളും നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

Ghana Education Service

* ഇതിന് കീഴിൽ ഘാനയിലെ **KOKOFU** എന്ന സ്ഥലത്ത് ആദ്യത്തെ അഹ്മദിയ്യാ ആശുപത്രി 1971ൽ തുറന്നു.
* ഡോ. ബ്രിഗേഡിയർ (റിട്ട) ഗുലാം അഹ്മദ് സാഹിബായിരുന്നു ഇതിന് ചുക്കാൻ പിടിച്ചത്.
* ആദ്യ രണ്ട് വർഷങ്ങളിലായി 12 ആശുപത്രികൾ ആരംഭിച്ചു.
* ഇപ്പോൾ 50ൽ അധികം ആതുരാലയങ്ങൾ പ്രവർത്തിക്കുന്നു.
* പശ്ചിമാഫ്രിക്കയിൽ ഇപ്പോൾ 12 രാഷ്ട്രങ്ങളിലായി 50ഓളം ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്.




* ഇതിൽ 50 വഖ്ഫ് ചെയ്ത ഡോക്ടർമാർ (ലേഡീ ഡോക്ടർമാരടക്കം) പ്രവർത്തിക്കുന്നു. 20 പേർ ജീവിതം വഖ്ഫ് ചെയ്തവരും മറ്റുള്ളവർ താൽക്കാലിക വഖ്ഫ് ചെയ്തവരുമാണ്.
* 1991-ൽ ഹോമിയോ ക്ലിനിക് ആരംഭിച്ചു.
* 1995ൽ താഹിർ ഹോമിയോ കോംപ്ലക്സ് തുടങ്ങി. ഇതിന് കീഴിൽ ഹോമിയോ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നു.
* 2007 ജനുവരിയിൽ ഇന്ത്യയിൽ നിന്ന് വഖ്ഫ് ചെയ്ത് ആഫ്രിക്കയിൽ എത്തിയ ഒരു ഡോക്ടർ മുഖേന Herbal Clinic ഉം തുടങ്ങിയിരിക്കുന്നു.
* ഇപ്പോൾ 250-ൽ അധികം വഖ്ഫ് ചെയ്ത ഡോക്ടർമാർ നുസ്റത്ത് ജഹാൻ സ്കീമിനു കീഴിൽ പ്രവർത്തിക്കുന്നു.
* ഹദ്റത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) ആഫ്രിക്കയിൽ ശുദ്ധജലവും വൈദ്യുതിയും എത്തിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അത് ത്വരിതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.



# തഹ്‌രിക് ജദീദും സാമ്പത്തിക ത്യാഗവും

ഹ. മുസ്‌ലിഹ് മൗഊദ്(റ):

നിങ്ങൾ ആരുടെ കൈകളിലാണോ, തങ്ങളുടെ കൈകൾ കൊടുത്തുകൊണ്ട്, ജീവനും, സമ്പത്തും, അന്തസും, മാന്യതകളും അദ്ദേഹത്തിന് വേണ്ടി ത്യജിക്കുമെന്ന് പ്രതിജ്ഞ ചെയ്തിരിക്കുന്നത്. ആൾ നിങ്ങളോട് ത്യാഗങ്ങൾ ആവശ്യപ്പെടുകയാണ്. നിങ്ങളുടെ സമ്പത്ത് നിങ്ങളോട് ചോദിക്കുന്നു. മുന്നോട്ട് ഗമിക്കുകയും തങ്ങളുടെ ശപഥം പൂർത്തിയാക്കുകയും ചെയ്യേണ്ടത് നിങ്ങളുടെ നിർബന്ധ കടമയാണ്.(ഉന്നീസ് സാല കിത്താബ്, പേ:7

## പ്രയാസത്തോടുകൂടിയ ത്യാഗം

ആരെങ്കിലും തന്റെ മാസവരുമാനത്തിന്റെ പകുതി അതായത് -100രൂപ മാസവരുമാനമാണെങ്കിൽ അമ്പതുരൂപ വാഗ്ദാനം ചെയ്താൽ അയാൾ നല്ല ത്യാഗമാണ് ചെയ്തതെന്ന് മനസിലാക്കാം. എന്നാൽ ഒരു മാസത്തെ മുഴുവൻ വരുമാനവും - അതായത് മാസവരുമാനമായ 100രൂപ മുഴുവനുമായും വാഗ്ദാനം ചെയ് താൽ അയാൾ പ്രയാസപ്പെട്ട് ത്യാഗം ചെയ്തുവെന്ന് ഗണിക്കപ്പെടുന്നതാണ്.

(ഖുത്ബ 4.12.1953)

## അനുഗൃഹീതർ


ഈ ആഹ്വാനത്തിൽ ആവേശത്തോടുകൂടി ഭാഗഭാക്കാകുന്നവർ അനുഗൃഹീതർ. അവരുടെ നാമം ആദരവോടും ബഹുമാനത്തോടും കൂടി ചരിത്രത്തിൽ എപ്പോഴും നിലനിൽക്കുന്നതാണ്.(ഉന്നീസ് സാല കിത്താബ്,പേ: 14)

## ഓർക്കുക!

തഹ്‌രീക് ജദീദിൽ ഉൾപ്പെടുന്നത് സ്വന്തം ഇഷ്ടപ്രകാരമാണ്. പക്ഷേ ഭാഗഭാക്കാവാൻ കഴിവുണ്ടായിട്ടും, അതിൽ പങ്കെടുക്കുന്നത് സ്വന്തം തീരുമാനിക്കാൻ ഖലീഫ അനുവാദം നൽകിയെന്ന് കരുതി ഭാഗഭാക്കാകുന്നില്ലെങ്കിൽ അയാൾ മരണത്തിന് മുമ്പോ, അല്ലെങ്കിൽ മരണശേഷം പരലോകത്ത് പിടിക്കപ്പെടുന്നതാണ്. (ഖുത്ബ 9.11.1934)

## സദ്ഖ ജാരിയ

ഓർക്കുക, തഹ്‌രീകെ ജദീദ് അല്ലാഹുവിൽ നിന്നുള്ളതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, തഹ്‌രീക് ജദീദിന്റെ പ്രതിഫലം അതായത്, ആത്മാർഥമായും, ദൈവമാർഗത്തിൽ ത്യാഗം ചെയ്താൽ, തുടർച്ചയായി ചെയ്തുകൊണ്ടിരുന്നാൽ, അല്ലാഹു അവരുടെ മരണത്തിന് ആയിരം വർഷം കഴിഞ്ഞാലും പ്രതിഫലം നൽകുന്നതാണ്. (കിത്താബ് പാഞ്ച്ഹസാർ മുജാഹിദീൻ)



## ഇതാണ് സമയം

ഇസ്‌ലാമിന് സൈന്യത്തിന്റെ ആവശ്യമുള്ള സമയത്ത് കഴിവും പ്രാപ്തിയും ഉണ്ടായിട്ടും മുന്നോട്ടുവരാത്തവർ പാപം ചെയ്യുന്നവരാണെന്ന് ഓർക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് തങ്ങളെ സമർപ്പിക്കാൻ കഴിയുന്ന ഈ ഉത്തരവാദിത്വം ഏൽപ്പിക്കാൻ കഴിവുള്ള യുവാക്കൾ അതിന് തയ്യാറാവണം. അത്തരം യുവാക്കൾക്ക് ദീനീ ഖിദ്മത്തിനും, പ്രതിഫലം കരസ്ഥമാകുന്നതിനുമുള്ള സുവർണാവസരമാണിത്. ഇത്തരം സന്ദർഭം പിന്നീട് കിട്ടുന്നതല്ല. പ്രവാചകന്മാരുടെ കാലത്തിനടുത്തുള്ള സമയത്താണ് ഇത്തരം സന്ദർഭം ലഭിക്കുക. പിന്നീട് പുരോഗതികൾ നേടുന്ന കാലമെത്തിയാൽ ഇത്തരം അവസരങ്ങൾ കിട്ടാൻ സാധ്യമല്ല. (ഖുത്ബ 1.10.1943)

## ആഗോള സാന്നിധ്യവും ആദരവും

ഇപ്പോൾ നിങ്ങൾക്ക് ലഭിക്കുന്ന അഭിമാനം നേരത്തെ കിട്ടിയിരുന്നില്ല. അതേപറ്റി നിങ്ങളുടെ കഠിന എതിരാളികൾക്ക് പോലും എതിരഭിപ്രായമില്ല. തങ്ങളുടെ ഈ അഭിമാനത്തെ നിലനിർത്തുക മാത്രമല്ല, തഹ്‌രീക് ജദീദിൽ ആവേശപൂർവ്വം ഭാഗഭാക്കായിക്കൊണ്ട് വർദ്ധിപ്പിക്കുകയും വേണം.

(അൽ മുസ്‌ലിഹ്, കറാച്ചി 13.1.1954)

## രാജാധിപത്യത്തിന്റെ സുവാർത്ത

നിങ്ങൾ തഹ്‌രിക് ജദീദ് അനുസരിച്ച് പ്രവർത്തനം തുടങ്ങിയാൽ ഇന്ന് അല്ലെങ്കിൽ നാളെ, അതുമല്ലെങ്കിൽ മറ്റന്നാൾ അല്ലാഹു ഇച്ഛിക്കുമ്പോൾ നിങ്ങളുടെ സമുദായത്തിനും രാജാധിപത്യം ലഭിക്കുന്നതാണ്.

(ഖുത്ബ 4.12.1936)

## തഹ്‌രീക് ജദീദ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ


1. ഐഹികമായി ത്യാഗങ്ങൾ ചെയ്യാനുള്ള ആത്മാവ് ഉണ്ടാക്കുക.
2. ധനികനും ദരിദ്രനും തമ്മിലുള്ള അന്തരം ഇല്ലാതാക്കുക.
3. പാശ്ചാത്യ പ്രഭാവത്തെ നിർവീര്യമാക്കുക.
4. മേലിൽ ഉണ്ടാകുന്ന ഫിത്നകളിൽ നിന്ന് ജമാഅത്തിനെ ജാഗ്രതപ്പെടുത്തുക.
5. നമ്മുടെ തബ്‌ലീഗ് പ്രോഗ്രാമുകളെ എത്രയും വേഗം ദൂരദേശങ്ങളിൽ എത്തിക്കുക.
6. ജമാഅത്ത് അംഗങ്ങൾക്ക് ഒരു വ്യവസ്ഥിതിക്ക് കീഴിൽ പ്രവർത്തിക്കുന്ന സ്വഭാവം ഉണ്ടാക്കുക.
7. ജമാഅത്ത് അംഗങ്ങൾക്ക് വ്യക്തിഗതമായും ശിക്ഷണം നൽകുക.
8. ജമാഅത്തിന്റെ കേന്ദ്രമായ ഖാദിയാനെ ശക്തമാക്കുക.
9. നിശ്ചിതപദ്ധതിക്ക് കീഴിൽ തബ്‌ലീഗിന് വേണ്ടി പ്രത്യേക സംവിധാനം ആവിഷ്കരിക്കുക.
10. തബ്‌ലീഗിനു സ്ഥിരം ശുഅ്ബ (Department)യും ഫണ്ടും ഉണ്ടാക്കുക.

*ഹ. മുസ്‌ലിഹ് മൗഊദ്(റ)ന്റെ നിർദ്ദേശം*

# പോഷകഘടകങ്ങൾ ശ്രദ്ധിക്കുക

ഖാദിയാനിലും, പുറത്തുള്ള ജമാഅത്തുകളിലും എല്ലായിടത്തും മീറ്റിംഗുകൾ നടത്തണം. ലജ്ന ജമാഇല്ലായും അൻസാറുല്ലായും, ഖുദ്ദാമുൽ അഹ്മദിയ്യയും വെവ്വേറെ യോഗങ്ങൾ നടത്തി തഹ്‌രീക് ജദീദിന്റെ മുത്വാലിബാത്ത് (ആവശ്യങ്ങൾ)നേയും, അതിന്റെ അടിസ്ഥാനകാര്യങ്ങളേയും പുതുമയുള്ളതാക്കി നിർത്തുകയും, വീണ്ടും തഹ്‌രീക് ജദീദിനെ ജീവിപ്പിക്കാൻ അതിന്റെ ആവശ്യങ്ങളുടെ പ്രാധാന്യം പറഞ്ഞു കൊടുത്ത് ജനങ്ങൾക്കുള്ളിൽ കൂടുതൽ കൂടുതൽ ത്യാഗത്തിനുള്ള അവസ്ഥ സംജാതമാക്കേണ്ടതുമാണ്. (മുത്വാലിബാത്ത്)

# വഖ്ഫെ നൗ






1987ൽ ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അഹ്മദിയ്യത്തിന്റെ പുതിയ നൂറ്റാണ്ടിൽ സന്നദ്ധ സേവകരായി വഖ്ഫ് ചെയ്ത ആളുകൾ വേണമെന്നും അവരുടെ ജനനത്തിന് മുമ്പേ അവരെ വഖ്ഫ് ചെയ്ത ഈ അതിബൃഹത്തായ പദ്ധതിയിൽ ഭാഗഭാക്കാകണമെന്നും ആവശ്യപ്പെട്ടിരുന്നു.

ഈ പദ്ധതിയിൽ ഇപ്പോഴും മാതാപിതാക്കൾ മക്കളെ വഖ്ഫ് ചെയ്യുന്നു. അവർക്ക് വേണ്ടി പ്രത്യേകം ശിക്ഷണ കോഴ്സുകളും ജമാഅത്ത് പ്രഖ്യാപിച്ചിട്ടുണ്ട്.

താഴെ ചേർക്കുന്ന 30 വിഭാഗങ്ങളിലാണ് ഇവരെ ഉപയോഗപ്പെടുത്തുക.

● Murabbis ● Moalemeen ● Specialists in comparative Religion ● Teachers For Jamia ● Interpreters ● Doctors/Lady Doctors ● Dentists ● Pharmacists ● Physiotherapist ● Para-Medical Staff ● Civil Engineers/Sub Engineers ● Electric Engineers ● Electronic Engineers ● Architects ● Public Health Engineers ● Master in film making and production ● Mass Communication ● Computer Specialists ● Computer Network Engineers ● M.Sc (Agriculture) ● Master in Human Resource management ● Accountants ● M.B.A ● Administrator ● M.Sc Library Science ● Archaeologists,Egyptologists ● Teachers M.A/M.Sc with degree education ● Bachelors and Masters in Education ● Lawyers ● Journalists

ഇപ്പോൾ ആൺകുട്ടികളും പെൺകുട്ടികളും ഈ പരിശുദ്ധ പദ്ധതിയിൽ അംഗങ്ങളാണ്. വഖ്ഫെ നൗ വിഭാഗം തഹ്‌രീക് ജദീദിന് കീഴിലാണ് ആഗോളതലത്തിൽ പ്രവർത്തിക്കുന്നത്.

## തഹ്‌രീക് ജദീദിന്റെ അനുഗൃഹീത പദ്ധതി

ഹ. ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹുല്ലാഹ്) പറയുന്നു:

**അല്ലാഹു, മുസ്‌ലിഹ് മൗഊദിന്റെ കരങ്ങളാൽ ഇസ്‌ലാം ദീനിനേയും, തന്റെ മഹ്ദിയുടെ സന്ദേശത്തെയും ലോകത്തിന്റെ**




**കോണുകളോളം എത്തിക്കാൻ തഹ്‌രീക് ജദീദിന്റെ രൂപത്തിൽ അതിമഹത്തായ പദ്ധതി ആരംഭിച്ചിരുന്നു. അതിന്റെ ആകർഷകമായ അനുഗ്രഹമാണ് എം.ടി.എയുടെ രൂപത്തിൽ ലഭിച്ചിരിക്കുന്നത്. അല്ലാഹു ഈ അനുഗ്രഹം തന്നുകൊണ്ട് കാലത്തിന്റെ ഖലീഫയുടെ ശബ്ദം ലോകത്ത് മുഴുവനും എത്തിക്കുകയാണ്.**

*(സന്ദേശം, തഹ്‌രീക് ജദീദ് ഖിലാഫത്ത് ജൂബിലി സുവനീർ റബ്‌വ)*

# തഹ്‌രീക് ജദീദ് പുരോഗതിയുടെ മുക്കാൽ നൂറ്റാണ്ട്

■ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ കാലത്ത് 46 രാഷ്ട്രങ്ങളിൽ ജമാഅത്ത് സ്ഥാപിതമായിരുന്നു.



■ തഹ്‌രീക് ജദീദിന്റെ പ്രവർത്തന ഫലമായി ഏറ്റവും ആദ്യം നിലവിൽ വന്ന മിഷൻ സിംഗപ്പൂരാണ്.

■ മൂന്നാം ഖിലാഫത്ത് കാലത്ത് 80 രാഷ്ട്രങ്ങളിൽ ജമാഅത്ത് വേരൂന്നിക്കഴിഞ്ഞിരുന്നു.

■ 2003-ൽ ഹ. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) വഫാത്താകുമ്പോൾ 175 രാഷ്ട്രങ്ങളിൽ അഹ്മദിയ്യത്ത് സ്ഥാപിതമായിട്ടുണ്ടായിരുന്നു.

■ 2011 വരെയുള്ള കണക്ക് പ്രകാരം 200 രാജ്യങ്ങളിൽ ജമാഅത്ത് പ്രവർത്തിച്ചു വരുന്നു.




# ദേശീയ വാർഷിക ഇജ്തിമാഅ് വിജയകരമായി സമാപിച്ചു

**ഖാദിയാൻ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യാ ദേശീയ ഇജ്ത്തിമ ദാറുൽ അമാൻ ഖാദിയാനിൽ വിജയകരമായി സമാപിച്ചു. നാസിർ ആലാ മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് മജ്‌ലിസ്



ഖുദ്ദാമുൽ അഹ്മദിയ്യായുടെ പതാകയുയർത്തിക്കൊണ്ട് ഇജ്ത്തിമാഅ് ഉദ്ഘാടനം ചെയ്തു. സദർ സദർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ ഹക്കീം മുഹമ്മദുദ്ദീൻ സാഹിബ് ഖിലാഫത്ത് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് മഖ്ദൂം ശരീഫ് സാഹിബ് ഉൽബോധന പ്രഭാഷണം നടത്തി. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ മുൻ സദർമാരും സ്റ്റേജിൽ ഉപവിഷ്ടരായിരുന്നു.


ഉദ്ഘാടന സെഷന് ശേഷം നടന്ന വിവിധ വൈജ്ഞാനിക - കായിക മത്സരങ്ങളിൽ ഖാദിംകൾ ആവേശപൂർവ്വമാണ് പങ്കെടുത്തത്. കായിക മത്സരങ്ങളിൽ ഫുട്ബോൾ, വോളിബോൾ,കബഡി,വടംവലി എന്നീ ടീമിനങ്ങളിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വന്ന ടീമുകൾ ഒന്നിനോടൊന്ന് മെച്ചപ്പെട്ട പ്രകടനമാണ് കാഴ്ചവെച്ചത്. കായിക മത്സരങ്ങളോടനുബന്ധിച്ച് നടന്ന മാർച്ച് പാസ്റ്റ് പ്രത്യേകം ശ്രദ്ധേയമായിരുന്നു.

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഈ പ്രവർത്തനവർഷത്തിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവെച്ച മജ്‌ലിസുകളിൽ ഖാദിയാൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി. മറ്റ് സ്ഥാനങ്ങൾ കരസ്ഥമാക്കിയ മജ്‌ലിസുകൾ ഇപ്രകാരമാണ്. **2.ഹൈദരാബാദ് 3.മാത്തോട്ടം 3.യാദ്ഗീർ 4.കർടാപള്ളി 5.ഋശീനഗർ 6.ഡൽഹി 7.ബദർവ്വ 8.ഹുസൈൻപൂർ 9.മേലപ്പാളയം 10.ട്ടട്ടോലി (ഹരിയാന)**

പ്രാദേശിക മജ്‌ലിസുകളോടൊപ്പം സോണൽ മജ്‌ലിസുകളുടെ പ്രവർത്തനങ്ങളും വിലയിരുത്തപ്പെടുകയും ട്രോഫികൾ വിതരണം ചെയ്യപ്പെടുകയും ചെയ്തു. ആദ്യ അഞ്ച് സ്ഥാനങ്ങൾ കരസ്ഥമാക്കിയ സോണുകൾ ഇപ്രകാരമാണ്.



**1.സൗത്ത് സോൺ,കേരള 2.നോർത്ത് സോൺ, കർണ്ണാടക & സൗത്ത് സോൺ,കർണ്ണാടക 3.ഭാഗൽപൂർ സോൺ, ബീഹാർ & ഹൈദരാബാദ് സോൺ, ആന്ത്രപ്രദേശ് 4.നോർത്ത് സോൺ,കേരള 5.ബദ്രക്ക് സോൺ, ഒറിസ്സ**



മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ വൈജ്ഞാനിക- കായിക മത്സരങ്ങൾ ആരംഭിച്ചത് രണ്ടാം ദിവസം മുതലായിരുന്നു.

മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ ഈ വർഷത്തെ പ്രവർത്തനങ്ങളിൽ ആദ്യപത്ത് സ്ഥാനങ്ങൾ കരസ്ഥമാക്കിയ മജ്‌ലിസുകൾ **1.ഖാദിയാൻ 2.ഹൈദരാബാദ് 3.ബദർവ്വ 4.ബുഡ്ഢാനോ 5.യാദ്ഗീർ 6.ഗോൾഗിര 7.മഡർപൂർ 8.സൂംഖ് 9.ഗോഡാ ഇസ്‌ലാംപൂർ & തേഡ്‌ലം 10.ദേഗ്രീ** എന്നിവയാണ്.

മൂന്ന് ദിവസങ്ങളിലായി നടന്ന ദേശീയ ഇജ്ത്തിമാഅ് ഗസ്റ്റ്ഹൗസിന് പിന്നിലുള്ള ഗ്രൗണ്ടിൽ പ്രത്യേകം സജ്ജമാക്കിയ പന്തലി







# മഖ്ദൂം ശരീഫ് സാഹിബും ഖാരി നവാബ് സാഹിബും വീണ്ടും സദ്ർമാർ

**ഖാദിയാൻ:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ സദ്ർ ആയി ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബിന് അംഗീകാരവും പ്രവർത്തനാനുമതിയും നൽകികൊണ്ട് ഹുസൂർ തിരുമനസ് ഉത്തരവായി. 2010-2012 കാലത്തേക്കാണ് അംഗീകാരം. കർണാടക സ്വദേശിയായ മഖ്ദൂം ശരീഫ് സാഹിബ് കുറച്ചുകാലം ജാമിഅ അഹ്മദിയ്യയിൽ അധ്യാപകനായിരുന്നു. ഇപ്പോൾ നശ്റോ ഇശാഅത്ത് (പ്രസിദ്ധീകരണ വിഭാഗം) നാസിർ കൂടിയാണ്.



ഖാരി നവാബ് അഹ്മദ് സാഹിബും രണ്ടാം തവണയും സദ്ർ മജ്ലിസ് അൻസാറില്ലാഹ് ഭാരത് ആയി ഹുസൂർ തിരുമനസ് അംഗീകാരവും പ്രവർത്തനാനുമതിയും നൽകികൊണ്ട് ഉത്തരവായിരിക്കുന്നു. ഖാരി സാഹിബ് യു.പി സ്വദേശിയാണ്. ദീർഘകാലം ജാമിഅയിൽ ഹിഫ്ള് ക്ലാസ് അധ്യാപകനായിരുന്നു. ഏതാനും വർഷം മുമ്പാണ് നാഇബ് നാസിർ ബയ്തുൽമാൽ (ആമദ്) ആയി നിയോഗിക്കപ്പെട്ടത്. 2010-2012 കാലത്തേക്കാണ് പുതിയ അംഗീകാരം.



മൗലവി ബാസിത് റസൂൽ സാഹിബിനെ നാഇബ് സഫ്ഫെദോം ആയും അംഗീകാരം നൽകി. ബാസിത് സാഹിബ് നേരത്തെ മുംബെയിൽ മുബല്ലിഗ് ആയിരുന്നു. തുടർന്ന് ഫലസ്തീനിൽ നിയോഗിക്കപ്പെട്ടു. ഇപ്പോൾ ജാമിഅ അഹ്മദിയ്യാ അധ്യാപകനാണ്.



## ശമീം അഖ്തർ സാഹിബ ലജ്ന ഇമാഇല്ലാഹ് അഖിലേന്ത്യാ സദ്ർ

**ഖാദിയാൻ :** ലജ്ന ഇമാഇല്ലാഹ് അഖിലേന്ത്യാ സദ്ർ ആയി ശമീം അഖ്തർ ഗ്യാനി സാഹിബക്ക് അംഗീകാരവും പ്രവർത്തനാനുമതിയും നൽകികൊണ്ട് ഹുസൂർ തിരുമനസ് ഉത്തരവായി.

ശമീം അഖ്തർ സാഹിബ, മൗലവി സയ്യിദ് സബാഹുദ്ദീൻ സാഹിബ് (നാഇബ് വക്കീലുൽമാൽ തഹ്രീക് ജദീദ്)ന്റെ സഹധർമിണിയും, ദർവേശ് മർഹൂം ഗ്യാനി അബ്ദുൽ ലത്തീഫ് സാഹിബിന്റെ മകളുമാണ്.

## മജ്ലിസ് അൻസാറുല്ലാ ദേശീയ ഇജ്ത്തിമ

**ഖാദിയാൻ :** മജ്ലിസ് അൻസാറുല്ലായുടെ 43ാം ദേശീയ ഇജ്ത്തിമ പരിശുദ്ധ ഖാദിയാനിൽ നടന്നു. നാസിർ സാഹിബ് അഅ്ലാ മൗലാനാ മുഹമ്മദ് ഇനാം ഗോരി സാഹിബ് പതാക ഉയർത്തി ഇജ്ത്തിമ ഉദ്ഘാടനം ചെയ്തു. മജ്ലിസ് അൻസാറുല്ലാ അഖിലേന്ത്യാ സദർ ഖാരി നവാബ് അഹ്മദ് സാഹിബ് സത്യവാചകം ചൊല്ലിക്കൊടുത്തു. ഇജ്ത്തിമക്ക് ഹുസൂർ തിരുമനസ്സ് പ്രത്യേക സന്ദേശം നൽകിയിരുന്നു. ശേഷം വൈജ്ഞാനിക ക്ലാസ്സുകളും വൈജ്ഞാനിക-കായിക മത്സരങ്ങളും നടക്കുകയുണ്ടായി. 24 ന് വൈകിട്ട് നടന്ന സമാപന യോഗത്തിൽ ഈ വർഷത്തെ ഏറ്റവും നല്ല പ്രവർത്തനങ്ങൾ കാഴ്ചവെച്ച മജ്ലിസുകൾക്കുള്ള ട്രോഫികൾ വിതരണം ചെയ്തു. **നഗര മജ്ലിസുകളിൽ ഖാദിയാൻ ഒന്നാം സ്ഥാനവും, പാലക്കാട് രണ്ടാം സ്ഥാനവും, ഹൈദരാബാദ് മൂന്നാം സ്ഥാനവും, മാത്തോട്ടം ആറാം സ്ഥാനവും കരസ്ഥമാക്കി. ഗ്രാമീണ മജ്ലിസുകളിൽ ചേലക്കര ഒന്നാം സ്ഥാനവും, ഐരാപുരം രണ്ടാം സ്ഥാനവും, മാത്ര മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മേഖലാ അടിസ്ഥാനത്തിൽ എറണാകുളം മേഖലയ്ക്കാണ് ട്രോഫി ലഭിച്ചത്.** ഇന്ത്യയിലെ വിവിധ മജ്ലിസുകളിൽ നിന്നായി ആയിരത്തിൽപരം അംഗങ്ങൾ പങ്കെടുത്തു.

# സമാധാന സമ്മേളനം

**എറണാകുളം :** ഇസ്‌ലാം പ്രചരിച്ചത് മനുഷ്യ ഹൃദയങ്ങളെ കീഴടക്കിക്കൊണ്ടാണെന്നും മതം നിർബന്ധമായി അടിച്ചേൽപ്പിക്കേണ്ട ഒന്നല്ല എന്നാണ് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതെന്നും അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത് അഖിലേന്ത്യാ പൊതുകാര്യ വകുപ്പ് സെക്രട്ടറി അഡ്വ. സയ്യിദ് തൻവീർ അഹ്‌മദ് സാഹിബ് പറഞ്ഞു. എറണാകുളത്തെ ഹോട്ടൽ അബാദ് പ്ലാസയിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യ സംഘടിപ്പിച്ച സമാധാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജീവിതത്തിന്റെ എല്ലാ മേഖലകളിലും സമാധാനം കാത്തുസൂക്ഷിക്കാൻ ഇസ്‌ലാം കൽപിക്കുന്നു. വ്യക്തികൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും ഐക്യത്തോടെ വർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു. എല്ലാ മതങ്ങളുടെയും ആശയം സമാധാനമാണെന്നാണ് ഖുർആൻ പഠിപ്പിക്കുന്നതെന്നും ഖുർആൻ ഒരു ജീവിതചര്യയാണെന്നും എറണാകുളം എം.എൽ.എ ഹൈബി ഈഡൻ അഭിപ്രായപ്പെട്ടു. എല്ലാ മതങ്ങളുടെയും മൂല്യങ്ങൾ ഒന്ന് തന്നെയാണെന്നും മൂല്യച്യുതിയാണ് ദുരന്തങ്ങൾക്ക് വഴിയൊരുക്കുന്നതെന്നും ഹൈക്കോടതി മുൻ ജഡ്ജി പി. കെ. ശംസുദ്ദീൻ അഭിപ്രായപ്പെട്ടു. വിവിധ കക്ഷികൾ നിസ്സാര കാരണങ്ങൾ പറഞ്ഞ് തമ്മിലടിക്കുകയാണെന്നും ഇവരെ തിരുത്താൻ സമുദായത്തിനകത്ത് നിന്ന് തന്നെ ശ്രമങ്ങളുണ്ടാകണമെന്നും പ്രമുഖ ടെലിവിഷൻ അവതാരകൻ അഡ്വ. എ. ജയശങ്കർ പറഞ്ഞു. നബി (സ) തിരുമേനിയുടെ അദ്ധ്യാപനങ്ങൾ ശരിയായ രീതിയിൽ ഉൾക്കൊണ്ടാൽ മാത്രമേ സമാധാനം കൈവരിക്കാനാവൂ എന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച എറണാകുളം സോണൽ അമീർ ബി.ബി. അഹ്‌മദ് കബീർ സാഹിബ് ഓർമ്മപ്പെടുത്തി. സൗത്ത് ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ്, സത്യദൂതൻ എഡിറ്റർ എ.എം.മുഹമ്മദ് സലീം സാഹിബ്, പ്രൊഫസർ മഹ്‌മൂദ് അഹ്‌മദ് സാഹിബ് തുടങ്ങിയവരും സംസാരിച്ചു. അഖിലേന്ത്യ നാഇബ് സദർ സി. ശമീം സാഹിബ് നന്ദി പറഞ്ഞു. പ്രമുഖ പത്രമാധ്യമ പ്രവർത്തകരും ക്ഷണിക്കപ്പെട്ട അതിഥികളും സമ്മേളനത്തിനെത്തിയിരുന്നു.




മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ എറണാകുളത്ത് സംഘടിപ്പിച്ച സമാധാന സമ്മേളനം അഡ്വ:സയ്യിദ് തൻവീർ അഹ്‌മദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. അഡ്വ:എ.ജയശങ്കർ, ഹൈബി ഈഡൻ എം എൽ എ,ബി.ബി.അഹ്‌മദ് കബീർ സാഹിബ്, എ.എം.മുഹമ്മദ് സലീം സാഹിബ്, ജസ്റ്റിസ് പി.കെ.ശംസുദ്ദീൻ, പ്രൊഫ.മഹ്‌മൂദ് അഹ്‌മദ് സാഹിബ് എന്നിവർ സമീപം.

# തഖ്‌രീബെ ആമീൻ

**പാലക്കാട് :** ഖുർആൻ വാരത്തോടനുബന്ധിച്ച് ആമീൻ പരിപാടി സംഘടിപ്പിച്ചു. 8 വയസിനുള്ളിൽ ഖുർആൻ ഓതി പൂർത്തിയാക്കിയ സഫീറുദ്ദീൻ (S/o മൗലവി. എസ്. എം. ബശീറുദ്ദീൻ & ഫായിസ) ജമാഅത്ത് വക ഉപഹാരം നൽകുകയുണ്ടായി. ജമാഅത്ത് പ്രസിഡണ്ട് കെ.എസ്. അബ്ദുൽ ഹമീദ് സാഹിബ് അധ്യക്ഷത വഹിച്ചു.



**തിരുവിഴാംകുന്ന്:** ഖുർആൻ വാരത്തിന്റെ സമാപന ദിവസം നടത്തിയ ആമീൻ പരിപാടിയിൽ ഖുർആൻ ഓതി പൂർത്തിയാക്കിയ നാസിറുദ്ദീൻ ശംസി (S/o മൗ. എച്ച്. ശംസുദ്ദീൻ & ബുശ്റ)ന് ജമാഅത്ത് വക ഉപഹാരങ്ങൾ പ്രസിഡണ്ട് കെ. ഉണ്ണീൻ സാഹിബ് സമ്മാനിച്ചു.



# ലജ്‌നാ ഇമാഇല്ലാഹ്

## കോഴിക്കോട്,എറണാകുളം ഒന്നാം സ്ഥാനത്ത്

**ഖാദിയാൻ:** ദാറുൽ അമാനിൽ വെച്ച് നടന്ന ലജ്‌നാ ഇമാഇല്ലായുടെ ദേശീയ ഇജ്തിമയിൽ ഈ പ്രവർത്തന വർഷത്തിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവെച്ച മജ്‌ലിസുകളിൽ കേരളത്തിലെ വിവിധ മജ്‌ലിസുകൾ മികച്ച പ്രവർത്തനങ്ങൾക്കുള്ള ട്രോഫികൾ കരസ്ഥമാക്കി.

**സംസ്ഥാനാടിസ്ഥാനത്തിൽ**

1.കേരളം 2.ബംഗാൾ 3.ഒറിസ്സ, ആന്ദ്രപ്രദേശ്, കർണ്ണാടക സോൺ 2

**300ന് മുകളിൽ അംഗ സംഖ്യയുള്ള മജ്‌ലിസുകളിൽ**

1. ഖാദിയാൻ 2.ഹൈദരാബാദ് 3.യാദ്ഗീർ 4.കേരംഗ്

**300നും 100 നും ഇടയിൽ അംഗസംഖ്യയുള്ള മജ്‌ലിസുകളിൽ**

1.കോഴിക്കോട് 2.മാത്തോട്ടം 3.കൊൽക്കത്ത 4.പഴയങ്ങാടി 5.കൂടാളി 6.ഷിമോഗ 7.കണ്ണൂർ സിറ്റി 8.സെക്കന്തരാബാദ് 9.കരുനാഗപള്ളി

**100 ന് താഴെ അംഗങ്ങളുള്ള മജ്‌ലിസുകളിൽ**

1.എറണാകുളം 2.മഞ്ചേരി 3.ഡൽഹി 4.വാണിയമ്പലം 5.ഐരാപുരം 6.മണ്ണാർക്കാട് 7.കടലായി 8.കാൺപൂർ 9.കൊടിയത്തൂർ 10.ചേലക്കര 11.കൊച്ചി 12.അലനല്ലൂർ 13.മടിക്കേരി 14.ചാവക്കാട് 15.പാലക്കാട് 16.കവരത്തി

# നാസിറാത്തുൽ അഹ്‌മദിയ്യാ

## മാത്തോട്ടം,പത്തപ്പിരിയം ഒന്നാം സ്ഥാനത്ത്

ഈ പ്രവർത്തന വർഷത്തിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ച വെച്ച മജ്‌ലിസുകൾ

**30 ന് മുകളിൽ അംഗസംഖ്യയുള്ള നാസിറാത്തുകളുടെ മജ്‌ലിസുകളിൽ**

1.മാത്തോട്ടം 2.കോഴിക്കോട് 3.ഖാദിയാൻ 4.ഷിമോഗ 5.കണ്ണൂർ സിറ്റി 6.കരുനാഗപള്ളി 7.യാദ്ഗീർ 8.കേരംഗ് 9.ഹൈദരാബാദ്

**30ന് താഴെ അംഗങ്ങളുള്ള നാസിറാത്ത് മജ്‌ലിസുകളിൽ**

1.പത്തപ്പിരിയം 2.മുഹ്‌യിദ്ദീൻ പൂർ 3. കൊൽക്കത്ത 4.കണ്ണൂർ ടൗൺ 5.കൂടാളി 6.ഡൽഹി 7.സെക്കന്തരാബാദ് 8.കൊടിയത്തൂർ 9.കാക്കനാട് 10.മടിക്കേരി

# ഇന്ത്യയിലെ വക്കീലുൽ അഅ്ലമാർ

*(തഹ്‌രീക് ജദീദിന്റെ ഏറ്റവും ഉയർന്ന ഓഫീസറാണ് വക്കീലുൽ അഅ്ല. ഇന്ത്യാവിഭജനത്തിനുശേഷം ഈ പദവിയിൽ ഉണ്ടായിരുന്നവർ)*



ഹദ്റത് മൗലാനാ അബ്ദുർറഹ്മാൻ സാഹിബ് ജട്ട്(റ)
ജനാബ് മലിക് സ്വലാഹുദ്ദീൻ സാഹിബ് എം.എ (മർഹൂം)
ഹദ്റത് മിർസാ വസീം അഹ്മദ് സാഹിബ് (മർഹൂം)
ജനാബ് ചൗധരി അബ്ദുൽ ഖദീർ സാഹിബ്
അഡ്വ. സയ്യിദ് തൻവീർ അഹ്മദ് സാഹിബ്
ജനാബ്. മൻസൂർ അഹ്മദ് സാഹിബ് ഗുജറാത്തി എം.എ
ജനാബ്. മുനീർ അഹ്മദ് സാഹിബ് ഹാഫിസാബാദി എം.എ
(തുടരുന്നു)



# തഹ്‌രീക് ജദീദ് അഞ്ചുമൻ അഹ്മദിയ്യാ അംഗങ്ങൾ

- മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യർ (സദ്ർ)
- മൗലാനാ ഹകീം മുഹമ്മദ്ദീൻ സാഹിബ് (സദർ,സദർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ)
- മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോരി (നാസിർ അഅ്ലാ)
- മുനീർ അഹ്മദ് സാഹിബ് ഹാഫിസാബാദി എം.എ (വക്കീലുൽ അഅ്ല)
- മൗലാനാ ഖുർശിദ് അഹ്മദ് സാഹിബ് അൻവർ (വക്കീലുൽമാൽ)
- മൗലാനാ മുഹമ്മദ് ഉമർ സാഹിബ്
- മൗലാനാ സുൽത്വാൻ അഹ്മദ് സാഹിബ് സഫർ
- ശുഐബ് അഹ്മദ് സാഹിബ്
- ശിറാസ് അഹ്മദ് സാഹിബ്
- ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ്
- അബ്ദുൽ ഹമീദ് സാഹിബ് ടാക്(കശ്മീർ)
- മുഹമ്മദ് ശഫീഉല്ലാഹ് സാഹിബ് (കർണാടക)
- പി.പി. നാസിറുദ്ദീൻ സാഹിബ് (കേരളം)
- എം.ബിശാറത്ത് അഹ്മദ് സാഹിബ്(തമിഴ്നാട്)

# തഹ്‌രീക് ജദീദ് ആദ്യകാല മുബല്ലിഗ്മാർ

*(തഹ്‌രീക് ജദീദ് ആരംഭിച്ചത് 1934-ൽ ആണെങ്കിലും അതിന് മുമ്പേ വിവിധ നാടുകളിൽ നിയമിക്കപ്പെട്ടവരേയും താരീഖെ അഹ്മദിയ്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1934ൽ എല്ലാ വിദേശമിഷനുകളുടേയും പ്രവർത്തനം തഹ്‌രീക് ജദീദിന്റെ കീഴിലാക്കി).*

1.ചൗധരി മുഹമ്മദ് ശരീഫ് സാഹിബ്,09.01.1935 ഫലസ്തീൻ,സിറിയ,ഗാംബിയ (ഗാംബിയയിലെ ആദ്യ മുബല്ലിഗ്)

2.മൗലവി ഇമാമുദ്ദീൻ സാഹിബ് മുൽത്താനി 27.01.1935 സിംഗപ്പൂർ,ഇന്തോനേഷ്യ

3.മൗലവി റോശൻദീൻ അഹ്മദ് സാഹിബ് 3.2.1935. മസ്കറ്റ്, കെനിയ, (മസ്കറ്റിലെ ആദ്യ മുബല്ലിഗ്)

4.മലിക് മുഹമ്മദ് ശരീഫ്സാഹിബ്, 1935 സ്പെയിൻ, ഇറ്റലി (ഇറ്റലിയിലെ ആദ്യ മുബല്ലിഗ്)

5.സ്വൂഫി അബ്ദുൽ ഗഫൂർ സാഹിബ്, 10.2.1935. ചൈന, അമേരിക്ക (ചൈനയിലെ ആദ്യ മുബല്ലിഗ്)

6.ചൗധരി മുഹമ്മദ് ഇസ്ഹാഖ് സാഹിബ് സിയാൽകോട്ടി, 10.2.1935,ഹോംഗ്കോംഗ്.

7.മൗലവി ഗുലാം ഹുസയിൻ സാഹിബ് അ യാസ്,20.10.1935,സിംഗപ്പൂർ(ഇവിടെ തന്നെയാണ് ഖബറിടവും)

8.ശേഖ് അബ്ദുൽ വാഹിദ് സാഹിബ്, 7.3.1935 ഹോംഗ്കോംഗ്, ഇറാൻ, ഫിജി

9.ഹാഫിസ് അബ്ദുൽ ഗഫൂർ സാഹിബ്, (ഇദ്ദേഹം മൗ. അബ്ദുൽ അത്വാസാഹിബ് ജലന്തരിയുടെ സഹോദരനാണ്) 7.3.1935 ജപ്പാൻ

10.മലിക് അസീസ് അഹ്മദ് സാഹിബ് കുഞ്ചാഹീ, 7.3.1935 ഇന്തോനേഷ്യ (ഇവിടെ തന്നെയാണ് ഖബറിടവും)



- ഹ. മിർസാ മുബാറക് അഹ്മദ് സാഹിബ് പാക്കിസ്ഥാനിൽ ദീർഘകാലം തഹ്‌രീക് ജദീദ് അഞ്ചുമൻ അഹ്മദിയ്യായുടെ സദ്റും, വക്കീലുൽ അഅ്ലയും ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്.
- ഇപ്പോൾ ചൗധരി ഹമീദുല്ലാഹ് ഖാൻ സാഹിബ് പാക്കിസ്ഥാനിൽ തഹ്‌രീക് ജദീദ് അഞ്ചുമൻ അഹ്മദിയ്യാ സദ്റും വക്കീലുൽ അഅ്ലയും.



# തഹ്‌രീക് ജദീദ് പുതുവർഷ വിളംബരം

## ഇന്ത്യക്ക് ആറാം സ്ഥാനം

### സംസ്ഥാനങ്ങളിൽ കേരളവും ജമാഅത്തുകളിൽ കരുളായിയും ഒന്നാം സ്ഥാനത്ത്

**ലണ്ടൻ:** സയ്യിദ്നാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) 2011 നവംബർ ആദ്യ വെള്ളിയാഴ്ച തഹ്‌രീക്കെ ജദീദിന്റെ നവവർഷ വിളംബര പ്രഖ്യാപനം നടത്തുകയും കഴിഞ്ഞ വർഷം ആഗോള ജമാഅത്തുകൾക്കുണ്ടായിരിക്കുന്ന അസാധാരണമായ സാമ്പത്തിക പുരോഗതികളെക്കുറിച്ചും ജമാഅത്തംഗങ്ങളുടെ ത്യാഗങ്ങളെക്കുറിച്ചും പരാമർശിക്കുകയുമുണ്ടായി.

**രാജ്യാടിസ്ഥാനത്തിൽ** 1.പാക്കിസ്ഥാൻ 2.അമേരിക്ക 3.ജർമ്മനി 4. യുകെ 5.കാനഡ 6.ഇന്ത്യാ 7.ഇന്തോനേഷ്യ 8.ആസ്ട്രേലിയ 9. അറബ് രാജ്യം (പേര് വെളിപ്പെടുത്തിയിട്ടില്ല.) 10.സ്വിറ്റ്സർലന്റ് എന്നിവയാണ്.


**ഇന്ത്യയിലെ ആദ്യ പത്ത് സംസ്ഥാനങ്ങൾ** കേരളം ഒന്നാം സ്ഥാനത്തും 2.തമിഴ്നാട് 3.ആന്ത്രപ്രദേശ് 4.കശ്മീർ 5.ബംഗാൾ 6.കർണ്ണാടക 7.ഒറിസ്സ 8.പഞ്ചാബ് 9.യു.പി 10.ഡൽഹി

**ഇന്ത്യയിലെ ആദ്യ പത്ത് ജമാഅത്തുകൾ** കരുളായി ജമാഅത്ത് ഒന്നാം സ്ഥാനത്തെത്തി. 2.കോഴിക്കോട് 3.ഹൈദരാബാദ് 4.കൊൽക്കത്ത 5.കണ്ണൂർ 6.ഖാദിയാൻ 7.കോയമ്പത്തൂർ 8.ചെന്നൈ 9. പഴയങ്ങാടി 10.ഡൽഹി


**The Editor, AL HAQ**
**C/o Majlis Khuddamul Ahmadiyya**
**Karulai , Malappuram, Kerala**
**E.mail: alhaqeditor@gmail.com**

തഹ്‌രീക് ജദീദ്: സുവർണമുദ്രകൾ

# കെനിയ




– 1896-ൽ ഹ. മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളായ ഹ. മുൻശീ മുഹമ്മദ് അഫ്സൽ സാഹിബ്(റ)ഉം, ഹ. മിയാൻ അബ്ദുല്ലാഹ് സാഹിബ്(റ)ഉം ഉഗാണ്ടയിൽ ഉഗാണ്ടയിലെ റയിൽവേ ജീവനക്കാരായി മുംബാസയിൽ എത്തി. കൂടാതെ ഹ. ഡോ. മുഹമ്മദ് ഇസ്മാഈൽ സാഹിബ് ലേഗാഡിയാനവി(റ) മിലിട്ടറി ഡോക്ടർ എന്ന നിലയിലും അവിടെ എത്തി.



– 1901-ൽ 50 അഹ്മദികൾ ഇവിടെ ഉണ്ടായിരുന്നതായി റിക്കാഡുകൾ സൂചിപ്പിക്കുന്നു.

– 1923-ൽ നയ്റോബിയിൽ നിന്ന് അൽബലാഗ് ആഴ്ചപ്പതിപ്പ് പ്രസിദ്ധീകരിച്ചു തുടങ്ങി.

– 1925-ൽ ജമാഅത്ത് ഒരു ഹാൾ വാങ്ങുകയുണ്ടായി.

– 1928-ൽ മുക്കാൽ ഏക്കർ ഭൂമി സർക്കാർ ജമാഅത്തിന് സൗജന്യമായി നൽകി.



– 1931-ൽ അവിടെ മസ്ജിദ് നിർമിച്ചു.

– 1934 നവം 27ന് മൗലാനാ ശേഖ് മുബാറക് അഹ്മദ് സാഹിബ് ഇവിടേക്ക് നിയോഗിക്കപ്പെട്ടു.

– 1936-ൽ സ്വാഹിലിഭാഷയിൽ പ്രസിദ്ധീകരണം ആരംഭിച്ചു.

– 1936-ൽ വിശുദ്ധ ഖുർആൻ സ്വാഹിലി ഭാഷയിൽ തർജുമ തുടങ്ങി. 1953-ൽ പ്രസിദ്ധീകരിച്ചു.

– 1961-ൽ സുപ്രസിദ്ധ ക്രിസ്ത്യൻ പാതിരി ഡോ. ബില്ലിഗ്രഹാമിനെ, മൗലാനാ മുബാറക് സാഹിബ് പ്രാർഥനാ സമരത്തിന് ആഹ്വാനം ചെയ്തെങ്കിലും താൻ പ്രചാരകൻ മാത്രമാണെന്നും, പ്രാർഥിച്ച് രോഗികളെ സുഖപ്പെടുത്തുന്നവനല്ലെന്നും പറഞ്ഞ് ഒഴിഞ്ഞുമാറുകയാണുണ്ടായത്.

– 1988-ൽ ആഗസ്റ്റ് 31ന് ഷിയാൻ പട്ടണത്തിൽ ഹ. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) മസ്ജിദ് ഉദ്ഘാടനം ചെയ്യുകയുണ്ടായി. കൂടാതെ മിഷൻ ഹൗസിനും, മദ്റസക്കും തറക്കല്ലിട്ടു.

– 2005 ഏപ്രിൽ മാസത്തിൽ ഹ. ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) കെനിയ ജൽസ ഉദ്ഘാടനം ചെയ്തു. നവാശ, നാകോറോ എന്നിവിടങ്ങളിൽ പുതിയ പള്ളിക്ക് തറക്കല്ലിട്ടു.

– എൽഡോലാറ്റിൽ ഹുസൂർ പുതിയ മസ്ജിദ് ഉദ്ഘാടനം ചെയ്തു. ഷിയാന്റയിൽ ആശുപത്രിക്ക് തറക്കല്ലിട്ടു.



# തൻസാനിയ




– പശ്ചിമാഫ്രിക്കയിലെ 4 രാജ്യങ്ങൾ തുടക്കത്തിൽ ഒരു മുബല്ലിഗ് ഇൻചാർജിന്റെ കീഴിലായിരുന്നു.

– പിന്നീട് രണ്ട് രാജ്യങ്ങൾ ചേർത്ത് തൻസാനിയ എന്ന രാഷ്ട്രം നിലവിൽ വന്നു.

– 1936-ൽ ശേഖ് ഉമരീ ഉബയ്ദീ സാഹിബ് ബയ്അത്ത് ചെയ്തു. ഇദ്ദേഹം തലസ്ഥാന നഗരമായ ദാറുസ്സലാമിൽ മേയറും കേന്ദ്ര സർക്കാറിൽ നീതിന്യായ മന്ത്രിയുമായിരുന്നു.

– ബയ്അത്ത് ചെയ്തശേഷം മുബല്ലിഗ് ആയി സേവനം ചെയ്യുന്നതിന് ജീവിതം വഖ്ഫ് ചെയ്തു.

– 1946 ഒക്ടോബർ 9 ന് ഇദ്ദേഹം വഫാത്തായി.

– പൂർണ സൈനിക ബഹുമതികളോടെ അഹ്മദിയ്യാ ഖബർസ്ഥാനിലെ മൂസികളുടെ ഭാഗത്ത് മറവടക്കി. പ്രസിഡണ്ടും, സമീപരാജ്യങ്ങളിലെ ഉന്നതമന്ത്രിമാരും ഖബറടക്കവേളയിൽ സന്നിഹിതരായിരുന്നു.

– 1942 ജൂൺ 27ന് കോട്ട്ബോറയിൽ മസ്ജിദ് ഫദ്ലിന് തറക്കല്ലിട്ടു.

– 1955- ൽ തലസ്ഥാന നഗരമായ ദാറുസ്സലാമിൽ മസ്ജിദിന് തറക്കല്ലിട്ടു. 1957 മാർച്ച് 15 ന് ഉദ്ഘാടനം ചെയ്തു.

– തൻസാനിയൻ സർക്കാർ അഹ്മദി മുബല്ലിഗ്, മൗലാനാ അബ്ദുറശീദ് റാസി സാഹിബിനെ അദ്ദേഹത്തിന്റെ സാമൂഹിക പ്രവർത്തനങ്ങളെ മാനിച്ചുകൊണ്ട് ജസ്റ്റിസ് ഓഫ് പീസ് ബഹുമതി നൽകുകയുണ്ടായി.



– 1983-ൽ തൻസാനിയയിൽ അഹ്മദിയ്യാ മിഷണറി കോളേജ് ആരംഭിച്ചു.

– 1986 ഏപ്രിൽ 15ന് തൻസാനിയ പ്രസിഡണ്ട് Ali Hassan Mwinyiയെ സന്ദർശിച്ച് വിശുദ്ധ ഖുർആൻ ഇംഗ്ലീഷ്, സ്വാഹിലി പരിഭാഷകൾ സമ്മാനിച്ചു.

– 1988 സെപ്തംബർ 8-15 ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തൻസാനിയയിൽ പര്യടനം നടത്തി.

– സെപ്തംബർ 12ന് ഹുസൂർ (റഹ്) മോറോഗോറോയിൽ ഡിസ്പൻസറിയും, കസിൻവായിൽ മസ്ജിദിനും തറക്കല്ലിട്ടു.

– സെപ്തംബർ 13ന് ഡോഡയിൽ മസ്ജിദ് ഉദ്ഘാടനം ചെയ്തു.

– കൂടാതെ ഈ യാത്രയിൽ ഹുസൂർ തൻസാനിയൻ പ്രധാനമന്ത്രിയുമായി അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിയിൽ കൂടിക്കാഴ്ച നടത്തുകയുമുണ്ടായി.

– 2005 മെയ് 8ന് ഹ. ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) തൻസാനിയ ജൽസയെ സംബോധന ചെയ്തു.

– മെയ് 13ന് ഹുസൂർ പ്രധാനമന്ത്രിയേയും, 14ാം തിയ്യതി പ്രസിഡന്റിനേയും സന്ദർശിച്ചു.





# ഹോളണ്ട്



– 1926ൽ ഹ. മൗലാനാ ഏ.ആർ.ദർദ് സാഹിബ്(റ) ഹോളണ്ടിൽ പര്യടനം നടത്തി.

– ഒരു ഡച്ച് സ്ത്രീ, വിശുദ്ധ ഖുർആൻ ഡച്ച് ഭാഷയിലേക്ക് തർജുമ ചെയ്തു. പിന്നീട് ഇവർ ബയ്അത്ത് ചെയ്തിരുന്നു.

– 2.7.1947ന് ഹ. മൗലാനാ ഹാഫിസ് ഖുദ്റത്തുല്ലാഹ് സാഹിബ് മുഖേന സ്ഥിരം മിഷൻ സ്ഥാപിതമായി.

– 1955-ൽ ഹേഗിൽ മസ്ജിദ് മുബാറക് സ്ഥാപിച്ചു. മെയ് 20ന് ഹ. ചൗധരി സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ്(റ) മസ്ജിദ് ഉദ്ഘാടനം ചെയ്തു.



ഈ മസ്ജിദിന്റെ മുഴുവൻ നിർമാണചെലവും ലജ്നയാണ് വഹിച്ചത്.

– 14.5.1970 ൽ ഹ. ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ഹോളണ്ട് സന്ദർശിച്ചു.



– ഹ. ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) ഹോളണ്ടിൽ പര്യടനം നടത്തി.



# സ്വിറ്റ്സർലാന്റ്


– 13.10.1946ന് മൗലാനാ ശേഖ് നാസിർ അഹ്മദ് സാഹിബ്, ചൗധരി അബ്ദുൽ ലതീഫ് സാഹിബ്, മൗലാനാ ഗുലാം അഹ്മദ് സാഹിബ് ബശീർ എന്നിവർ സ്വിറ്റ്സർലാന്റിലെത്തി.



–1955 മെയ് 9 മുതൽ ജൂൺ 10വരെ ഹ. മുസ്ലിഹ് മൗഊദ്(റ) സൂറിച്ചിൽ താമസിച്ചിരുന്നു.

– 1962 ഓഗസ്റ്റ് 25ന് ഹ.സയ്യിദ് നവാസ് അമത്തുൽ ഹഫീസ് ബേഗം സാഹിബ മസ്ജിദ് മഹ്മൂദിന് തറക്കല്ലിട്ടു.

– 1967 ജൂലൈയിൽ ഹ. ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) സ്വിറ്റ്സർലാന്റിൽ പര്യടനം നടത്തി.




– 1987 ജൂൺ 14ന് യൂണിവേഴ്സിറ്റി ഓഡിറ്റോറിയത്തിൽ ഹ. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) Revelation എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തുകയുണ്ടായി. (ഇതാണ് പിന്നീട് Revelation Rationality knowledge & Truth എന്ന പേരിൽ വിപുലീകരിച്ച് ഗ്രന്ഥമാക്കിയത്.)

– ഓഡിറ്റോറിയത്തിൽ തിങ്ങിനിറഞ്ഞ സദസാണുണ്ടായിരുന്നത്. ഇതിന് മുമ്പേ വിൻസ്റ്റൺ ചർച്ചിലിന്റെ പ്രഭാഷണത്തിനുമാത്രമേ ഓഡിറ്റോറിയം നിറഞ്ഞിരുന്നുള്ളൂ.

# ഉഗാണ്ട

– 1896-ൽ ഹ. മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കൾ ജോലി ആവശ്യാർഥം ഉഗാണ്ടയിൽ എത്തിയിരുന്നു. അങ്ങനെയാണ് ജമാഅത്തിന്റെ സന്ദേശം ഇവിടെ എത്തിയത്.

– ഉഗാണ്ടയിൽ ആദ്യത്തെ മിഷൻ 1959-ൽ ജിൻജയിലാണ് സ്ഥാപിതമായത്.

– 1961ൽ ജമാഅത്ത് പ്രവർത്തനം ആരംഭിച്ചു.

– മൗലാനാ അബ്ദുൽകരീം സാഹിബ് ശർമ അമീറും മുബല്ലിഗുമായി നിയമിക്കപ്പെട്ടു.

– 1957 ആഗസ്റ്റ് 9ന് കംപാലയിൽ മസ്ജിദ് മഹ്മൂദിന് തറക്കല്ലിട്ടു.

– 1984 സെപ്തംബർ 14ന് നൂറുദ്ദീൻ മിഷണറി ട്രെനിംഗ് കോളേജ് ആരംഭിച്ചു.

– 1988 സെപ്തംബറിൽ ഹ. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഉഗാണ്ടയിൽ പര്യടനം നടത്തി. പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ചയും ഉണ്ടായിരുന്നു.



– 2005 മെയ് 17-26 ഹ. ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) പര്യടനം നടത്തുകയും ജൽസയിൽ സംബന്ധിക്കുകയും ചെയ്തു. കൂടാതെ പ്രസിഡണ്ടുമായി കൂടിക്കാഴ്ചയും ഉണ്ടായിരുന്നു.

– മെയ് 21ന് BUSIA യിൽ മസ്ജിദ് ഉദ്ഘാടനം ചെയ്തു.

# ഫ്രാൻസ് / ബെൽജിയം

– 1924 ഒക്ടോബർ 26 മുതൽ 31 വരെ ഹ. മുസ്ലിഹ് മൗഊദ്(റ) ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിൽ താമസിച്ചിരുന്നു.

– 17.5.1946 ന് ഹ. മൗലാനാ മാലിക് അബ്ദുർറഹ്മാൻ സാഹിബിനെ തബ്ലീഗിന് വേണ്ടി ഫ്രാൻസിലേക്ക് അയച്ചു.

– 22.6.48 നാണ് സർക്കാറിൽ നിന്ന് തബ്ലീഗിന് അനുവാദം കിട്ടിയത്.



– 23.5.49ന് ഫ്രഞ്ച് വനിത, മിസിസ് മഗരിറ്റേ ഡേമാഗനി സാഹിബ ബയ്അത്ത് ചെയ്തു. ഹ. മുസ്ലിഹ് മൗഊദ്(റ) ഇവർക്ക് ആയിശ എന്ന് പേര് നൽകുകയുണ്ടായി.

– 26.11.1948 ന് മൗലാനാ മലിക് സാഹിബ് ബൽജിയത്തിന്റെ തലസ്ഥാനമായ ബാർസിലസിൽ എത്തി.

– 16.7.82ന് സ്ഥിരമായി ആദ്യത്തെ മിഷൻ സ്ഥാപിതമായി.

– 1985 ഒക്ടോബർ 13 ന് ആദ്യത്തെ മിഷൻ ഹൗസ് ഹ. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഉദ്ഘാടനം ചെയ്തു.



# നോർവേ, സ്വീഡൻ, ഫിൻലാന്റ്, ഹംഗറി

- 1932-ൽ ഹ. മുസ്‌ലിഹ് മൗഊദ്(റ), ഈ രാഷ്ട്രങ്ങളിലെ ജനങ്ങൾ അഹ്മദിയ്യത്തിനെ പ്രതീക്ഷിച്ചിരിക്കുന്നതായി ദർശനം കാണുകയുണ്ടായി.



- 14.6.1956ന് കമാൽ യൂസുഫ് സാഹിബ് സ്വീഡനിലെ ഗോട്ടൺ ബർഗ് പട്ടണത്തിലെത്തി.

- 17.8.1956ന് Mr. Eracson എന്ന സ്വീഡിഷ് പൗരൻ ബയ്അത്ത് ചെയ്തു. അദ്ദേഹത്തിന്റെ പേര് സൈഫുൽ ഇസ്‌ലാം മഹ്മൂദ് എന്നാക്കിമാറ്റി. (ഓണററി മുബല്ലിഗ്)

- 28.8.58 ന് ഓസ്‌ലോ പട്ടണത്തിൽ മിഷൻ സ്ഥാപിതമായി.

- 1960 Denish ഭാഷയിൽ വിശുദ്ധഖുർആൻ തർജുമ ആരംഭിച്ചു. 1967ൽ പ്രസിദ്ധീകരിച്ചു.

- അഹ്മദി സ്ത്രീകളുടെ ചന്ദഃകൊണ്ട്



കോപ്പൺഹേഗിൽ (സ്കേന്റിനേവിയ) ആദ്യത്തെ മസ്ജിദ് നുസ്റത് ജഹാം നിർമിച്ചു. 1967ൽ ഹ. ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) ഉദ്ഘാടനം ചെയ്തു.

- 1980 ആഗസ്റ്റ് 1 ന് ഹുസൂർ (റഹ്) നോർവെ



യിലെ ആദ്യത്തെ മസ്ജിദ് 'മസ്ജിദ് നൂർ' ഉദ്ഘാടനം ചെയ്തു.



- 1993 ജൂൺ 25 ന് ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) നോർത്ത് പൂളിൽ (ഉത്തരദ്രുവം) ഖുത്ബ നിർവഹിച്ചു. ഞാൻ നിന്റെ സന്ദേശത്തെ ഭൂമിയുടെ കോണുകളോളം എത്തിക്കുമെന്ന് ഹ. മസീഹ് മൗഊദ് (അ)ന്റെ ഇൽഹാം ഇവിടെ പുലരുകയായിരുന്നു.

# മൊറീഷ്യസ്

- മൊറീഷ്യസിലെ ഒരു സ്കൂൾ അധ്യാപകൻ നൂർ മുഹമ്മദ് സാഹിബ് ഇസ്‌ലാമിസം എന്ന പേരിൽ ഒരു പത്രം പ്രസിദ്ധീകരിച്ചിരുന്നു.

- റിവ്യൂ ഓഫ് റിലീജിയൻസിന്റെ എഡിറ്റർ, the Cresent പത്രം മുഖേന ഇതേകുറിച്ച് അറിഞ്ഞപ്പോൾ നൂർ മുഹമ്മദ് സാഹിബിന് റിവ്യൂഓഫ് റിലീജിയൻസിന്റെ ഏതാനും കോപ്പികൾ അയച്ചുകൊടുക്കുകയുണ്ടായി.





- അങ്ങിനെ 1905-ൽ തന്നെ മൊറീഷ്യസിൽ അഹ്മദിയ്യാ സന്ദേശം എത്തി.

- ലോകത്തിന്റെ അറ്റം എന്നറിയപ്പെടുന്ന രാജ്യമാണിത്.

- 1912-ൽ നൂർ മുഹമ്മദ് സാഹിബ് ബയ്അത്ത് ചെയ്തു.

- 1915 ജൂൺ 15ന് ഹ. മൗലാനാ സൂഫി ഗുലാം മുഹമ്മദ് സാഹിബ് മുബല്ലിഗ് ആയി നിയോഗിക്കപ്പെട്ടു.

- 1917-ൽ മൗ. ഹാഫിസ് ഉബൈദുല്ലാഹ് സാഹിബ് (മുബല്ലിഗ്) മൊറീഷ്യസിലെത്തി.

- 1923-ൽ മസ്ജിദ് നിർമിച്ചു.

- 1928-ൽ മൗലാനാ ഹാഫിസ് ജമാൽ അഹ്മദ് സാഹിബ് മുബല്ലിഗ് ആയി ചാർജെടുത്തു.

- ഇവർ രണ്ടുപേരും മൊറീഷ്യസിൽ തന്നെ വഫാത്തായി. ഇവിടെ തന്നെയാണ് മഖ്ബറയും.

- 1988 സെപ്തംബറിൽ ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യുടെ പര്യടനം





- ഹുസൂർ New Groove വിൽ മസ്ജിദിന് തറക്കല്ലിട്ടു.

-മിൽട്ടറി കോർട്ടേഴ്സ് ഏരിയയിൽ മസ്ജിദ് ഉദ്ഘാടനം.

- സെപ്തംബർ 19ന് ഗവ.ജനറലിനേയും പ്രധാനമന്ത്രിയേയും സന്ദർശിച്ചു.

- 1993-ൽ ഹുസൂറിന്റെ രണ്ടാം പര്യാടനത്തിൽ Rodrigues ദ്വീപിൽ സന്ദർശനം നടത്തി.

- 2005 നവം 28ന് ഹ. ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) മൊറീഷ്യസിലെത്തി. ജൽസയിൽ പ്രഭാഷണം നടത്തുകയുമുണ്ടായി. കൂടാതെ മൊറീഷ്യസ് പ്രസിഡന്റിനെ ഹുസൂർ സന്ദർശിക്കുകയും ചെയ്തു.

- 2005 ഡിസം. 6ന് Laferme ൽ മസ്ജിദിന് തറക്കല്ലിട്ടു.



ഹ.മുസ്‌ലിഹ് മൗഊദ്(റ)

## ആകാശ രാജാധിപത്യത്തിന്റെ ഗായകരേ!

ഇപ്പോൾ ദൈവിക മംഗളവാദ്യം ആവേശത്തിലാണ്. നിങ്ങൾക്ക് മേൽ അതേ നിങ്ങൾക്കുമേൽ, അതേ നിങ്ങൾക്ക് മേൽ അല്ലാഹു പെരുമ്പറ കൊട്ടേണ്ട ഉത്തരവാദിത്വം ഏൽപ്പിച്ചിരിക്കുന്നു.

അല്ലയോ ആകാശ രാജാധിപത്യത്തിന്റെ ഗായകരേ, അല്ലയോ ആകാശ രാജാധിപത്യത്തിന്റെ പാട്ടുകാരേ, അല്ലയോ ആകാശ രാജാധിപത്യത്തിന്റെ ഗാനമാലപിക്കുന്നവരേ, നിങ്ങൾ ഒരിക്കൽ കൂടി ഈ പെരുമ്പറ കൊട്ടുവിൻ. ലോകത്തിന്റെ കാതുകൾ പൊട്ടിപ്പോകട്ടെ. ഒരിക്കൽകൂടി സ്വഹൃദയങ്ങളിലെ രക്തംകൊണ്ട് ഈ പുല്ലാങ്കുഴൽ നിറക്കുവിൻ, അർശിന്റെ കാലുകൾ ഇളകട്ടെ, മലക്കുകൾ വിറകൊള്ളട്ടെ. അങ്ങനെ നിങ്ങളുടെ വേദനയൂറുന്ന നാദങ്ങളും, തക്ബീർ ധ്വനികളും, ഏകദൈവ സാക്ഷ്യത്തിന്റെ മുദ്രാവാക്യങ്ങളും കാരണം അല്ലാഹു ഭൂമിയിൽ ഇറങ്ങുമാറാകട്ടെ. പിന്നെ ദൈവിക രാജാധികാരം ഭൂമിയിൽ സംസ്ഥാപിതമാകുമാറാകട്ടെ. **ഈ ആവശ്യത്തിന് വേണ്ടിയാണ് ഞാൻ തഹ്‌രീക് ജദീദ് ആരംഭിച്ചിട്ടുള്ളത്.**

(സേറേ റൂഹാനി, പേജ് : 619, 620)



# ഇംഗ്ലണ്ട്

## ഹ. മസീഹ് മൗഊദ്(അ)ന്റെ ദർശനം

ഞാൻ ലണ്ടൻ പട്ടണത്തിൽ ഒരു മിമ്പറിൽ നിൽക്കുന്നത് കാണുകയുണ്ടായി. അവിടെ ഞാൻ ഇംഗ്ലീഷിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ ഇസ്‌ലാമിന്റെ സത്യസാക്ഷ്യം വിവരിക്കുകയാണ്. തുടർന്ന് ഞാൻ ഒരുപാട് പക്ഷികളെ പിടിച്ചു. അവ ചെറിയ ചെറിയ മരങ്ങളിൽ ഇരിക്കുകയായിരുന്നു. എല്ലാത്തിന്റെയും നിറം വെളുപ്പാണ്. തിത്തിരിപക്ഷിയുടെതു പോലെയാണ് അവയുടെ രൂപം. ഞാൻ ഇതിന് നൽകിയ വ്യാഖ്യാനം, ഞാനില്ലെങ്കിലും എന്റെ ലിഖിതങ്ങൾ ഈ ജനങ്ങൾക്കിടയിൽ പരക്കുന്നതും, ഒരുപാട് സൽപ്രകൃതക്കാരായ ഇംഗ്ലീഷുകാർ ഈ സത്യസാക്ഷ്യത്തിന് ഇരയാവുകയും ചെയ്യുമെന്നാണ്.
(ഇസാലെ ഔഹാം)

ഹദ്റത് മസീഹ് മൗഊദ്(അ) ബ്രിട്ടീഷ് രാജ്ഞി വിക്ടോറിയയെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തയച്ചു. അത് 'തുഹ്ഫയെ കൈസരിയ്യ' എന്ന പേരിൽ പ്രസിദ്ധമാണ്.



മസ്ജിദ് ഫദ്ൽ ഉദ്ഘാടനം

- 13.1.1892ൽ മിസ്റ്റർ ജോൺവെബ്, ഖാദിയാനിലെത്തി ബയ്അത്ത് ചെയ്തു.
- 28.6.1913-ന് ചൗധരി ഫത്ഹ് മുഹമ്മദ് സിയാൽ സാഹിബ് ലണ്ടനിൽ മുബല്ലിഗ് ആയി നിയോഗിക്കപ്പെട്ടു. 22.8.1924ന് ഹ. ഖലീഫത്തുൽ മസീഹ് സാനി(റ) ലണ്ടനിൽ എത്തി.
- 23.8.1924ന് വിംബ്ലി കോൺഫ്രൻസിൽ ഹുസൂറിന്റെ Ahmadiyyath or True Islam എന്ന പ്രബന്ധം അവതരിപ്പിക്കപ്പെട്ടു.



വിക്ടോറിയ രാജ്ഞി




ഫത്ഹ് മുഹമ്മദ് സിയാൽ സാഹിബ്

- 19.10.1924 ന് മസ്ജിദ് ഫദ്ൽന് തറക്കല്ലിട്ടു. അന്ന് ഹുസൂർ(റ) പറഞ്ഞു: എന്റെ വീക്ഷണത്തിൽ ഇംഗ്ലണ്ട് ജയിച്ചടക്കാനുള്ള അടിത്തറയാണ് ഇട്ടിരിക്കുന്നത്. വാനലോകത്ത് അതിന്റെ വിജയത്തിനുള്ള ശിലാസ്ഥാപനം നടന്നിരിക്കുന്നു. സമയമാകുമ്പോൾ ഭൂമിയിലും അതേക്കുറിച്ച് വിളംബരം നടക്കുന്നതാണ്. ശത്രുക്കൾ ചിരിക്കുകയും, അടിസ്ഥാനമില്ലാത്ത വാദങ്ങൾ ആർക്കും ചെയ്യാമെന്നും പറയുമായിരിക്കും. എന്നാൽ അവർ ചിരിക്കട്ടെ. കാരണം അവർ അന്ധരാണ്. യാഥാർഥ്യം കാണാൻ കഴിയുന്നില്ല.
(താരീഖ് അഹ്മദിയ്യ ഭാഗം :5)





മസ്ജിദ് ഫദ്ൽ



ലണ്ടൻ പാർലമെന്റിൽ

- ഏതെങ്കിലും ഇംഗ്ലീഷ്കാരൻ ജമാഅത്തിന് വേണ്ടി ജീവിതം വഖ്ഫ് ചെയ്ത് ജോലി ചെയ്യുന്ന ആളാകണമെന്ന് ഹ. മസീഹ് മൗഊദ്(അ) ആഗ്രഹിച്ചിരുന്നു.
(താ.അ: 10)
- 1946-ൽ ജോൺബൺ ഓർച്ചാഡ് ബയ്അത്ത് ചെയ്തു. ഖലീഫ സാനി (റ) ബശീർ അഹ്മദ് എന്ന പേര് നൽകുകയും അദ്ദേഹം ഇസ്‌ലാമിനുവേണ്ടി ജീവിതം സമർപ്പിക്കുകയും ചെയ്തു. മൗ. ബശീർ അഹ്മദ് ഓർച്ചാഡ് യൂറോപ്യനായ ആദ്യത്തെ മുസ്‌ലിം മിഷനറിയാണ്.
- 1976 ജൂൺ 4 മുതൽ 6 വരെ ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) യുടെ മഹനീയ സാന്നിധ്യത്തിൽ കുരിശ് വിമോചന സെമിനാർ (Deliverance from the Cross) സംഘടിപ്പിച്ചു.
- 1984 ഏപ്രിൽ 29 ന് ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ലണ്ടനിൽ സ്ഥിരതാമസമാക്കി.
- 10.9.1984ന് ടിൽഫോർഡിൽ സ്ഥലം വാങ്ങി. ഇതിന് 'ഇസ്‌ലാമാബാദ്' എന്ന് നാമകരണം ചെയ്തു.
- 1992 ഏപ്രിൽ ഹുസൂറിന്റെ ഈദുൽ ഫിത്ർ ഖുത്ബ ടെലികാസ്റ്റ് ചെയ്യപ്പെട്ടു. 7.1.1994ൽ ഹുസൂറിന്റെ ഖുത്ബയോടെ എം.ടി.എ ഇന്റർനാഷണൽ എല്ലാ ദിവസവും സംപ്രേഷണം ആരംഭിച്ചു. 1.1.1996ന് 24 മണിക്കൂർ സർവീസ് തുടങ്ങി. ഇപ്പോൾ വ്യത്യസ്ത പരിപാടികളുമായി 5 MTA ചാനലുകൾ പ്രവർത്തിക്കുന്നു.

- 9.10.1999 ബയ്തുൽ ഫുതൂഹിന് തറക്കല്ലിട്ടു. 3.10.2003ന് ഹ. ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) യൂറോപ്പിലെ ഏറ്റവും വലിയ മസ്ജിദ് ബയ്തുൽ ഫുത്തൂഹ് ഉദ്ഘാടനം ചെയ്തു.
- 2006-ൽ Alton ന് സമീപം ഏകദേശം 200 ഏക്കർ ഭൂമി വാങ്ങുകയുണ്ടായി. ഈ സ്ഥലത്തിന് ഹദീഖത്തുൽ മഹ്ദി എന്നാണ് പേര് വെച്ചിരിക്കുന്നത്.
- 2008-ൽ ലണ്ടൻ പാർലമെന്റ് ഹുസൂറിന് നൽകിയ സ്വീകരണത്തിൽ ഹുസൂർ MPമാരെ സംബോധന ചെയ്ത് പ്രഭാഷണം നടത്തുകയുണ്ടായി.
- വർഷംതോറും സംഘടിപ്പിക്കുന്ന UK ജൽസാ സാലാനയിൽ പതിനായിരക്കണക്കിന് അതിഥികൾ സംബന്ധിക്കുന്നു. കൂടാതെ മന്ത്രിമാരും, എം.പിമാരും, മേയർമാരും സമ്മേളനത്തെ അഭിസംബോധന ചെയ്യുന്നു.



# ജർമനി

## ഹിറ്റ്ലർ അഹ്മദിയായി

ഹ. മുസ്‌ലിഹ് മൗഊദ്(റ)തന്റെ ഒരു ദർശനം വിവരിക്കുന്നു.



1945ലെ സംഭവമാണ്. ഹിറ്റ്ലർ ഞങ്ങളുടെ വീട്ടിൽ വന്നിരിക്കുന്നത് ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. ആദ്യം അദ്ദേഹം ഖാദിയാനിൽ എത്തി മസ്ജിദ് അഖ്സയിൽ പോയെന്നാണ് അറിഞ്ഞത്. ഉടനെ തന്നെ ഞാൻ അദ്ദേഹത്തെ വിളിക്കാൻ ആളെ അയച്ചു. അങ്ങിനെ ഹിറ്റ്ലറെ ഞാൻ ഒരു കട്ടിലിൽ ഇരുത്തി. ഞാനും അദ്ദേഹത്തിന് മുന്നിൽ ഇരുന്നു. ഞങ്ങളുടെ വീട്ടിലെ സ്ത്രീകളും അവിടെ ഇരിക്കുന്നുണ്ടായിരുന്നു. ഞങ്ങളുടെ സ്ത്രീകൾ എന്തുകൊണ്ടാണ് അദ്ദേഹത്തിന്റെ മുന്നിൽ പർദ ചെയ്യാത്തതെന്നതിനെപ്പറ്റി ഞാൻ ആശ്ചര്യപ്പെടുകയായിരുന്നു.

പിന്നെ എനിക്കോർമ വന്നു, ഹിറ്റ്ലർ അഹ്മദിയായിരിക്കുന്നു. എന്റെ മകന്റെ സ്ഥാനത്താണുള്ളത്. അതുകൊണ്ടാണ് സ്ത്രീകൾ പർദ ചെയ്യാത്തതെന്ന്. തുടർന്ന് ഞാൻ അദ്ദേഹത്തിന് വേണ്ടി ദുഃആ ചെയ്തു, അല്ലാഹുവേ നീ ഇദ്ദേഹത്തിന് സംരക്ഷണവും പുരോഗതിയും നൽകേണമേ. സമയമായിരിക്കുന്നു ഇനി അദ്ദേഹത്തെ യാത്രയാക്കാമെന്ന് പറഞ്ഞ് ഞാൻ കൂടെ പുറപ്പെട്ടു. അപ്പോൾ ഇദ്ദേഹത്തിന്റെ പുരോഗതിക്ക് വേണ്ടി ദുഃആ ചെയ്ത് ശരിയല്ലെന്ന് എനിക്ക് തോന്നി. പിന്നീടാണ് ഈ ഹിറ്റ്ലർ അഹ്മദിയായിരിക്കുന്നുവെന്ന് ഓർമ വന്നത്. (ഖുത്ബ 11.1.1957)

## ഹ. ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)ന്റെ ദർശനം


ഒരു സ്ഥലം അവിടെ ഹിറ്റ്ലറുമുണ്ട്. അദ്ദേഹം ഹുസൂറിനോട് പറയുന്നു, വരൂ ഞാൻ താങ്കൾക്ക് എന്റെ മ്യൂസിയം കാണിച്ചു തരാം. അങ്ങിനെ ഹുസൂറിനെ ഹിറ്റ്ലർ ഒരു റൂമിൽ കൊണ്ടുപോയി. അവിടെ കുറേ സാധനങ്ങൾ ഉണ്ടായിരുന്നു. റൂമിന്റെ നടുവിൽ ഹൃദയത്തിന്റെ രൂപത്തിൽ ഒരു കല്ല് വെച്ചിരുന്നു. അതിന് മുകളിൽ 'ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർ റസൂലുല്ലാഹ്' എന്നെഴുതിയിരുന്നു.

ഹുസൂർ ഇതേപറ്റി വ്യാഖ്യാനിച്ചത്, ജർമൻ സമൂഹം പുറമേക്ക് കല്ല്പോലെ കാണപ്പെടുന്നുങ്കിലും അവരുടെ ഹൃദയത്തിൽ ഇസ്‌ലാം സ്വീകരിക്കാനുള്ള വിഗ്രത ഉണ്ടെന്നാണ്. (താരീഖെ അഹ്മദിയ്യത്ത് - 13)

- മ്യൂണിക്കിലെ (Munich)ലെ ഒരു സ്ത്രീക്ക് (Ms.Caroo Alameen) അവർ ജർമൻ സ്വദേശിയായിരുന്നു.) എങ്ങിനെയോ ഹദ്റത് മസീഹ് മൗഊദ്(അ)നെ കുറിച്ച് അറിവ് ലഭിക്കുകയും ഹുസൂറിനോട് വിശ്വാസദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഫോട്ടോ ആവശ്യപ്പെടുകയുമുണ്ടായി.
- 1923 ഡിസംബറിൽ യൂറോപ്പിലെ രണ്ടാമത്തെ മിഷൻ ജർമനിയിൽ സ്ഥാപിച്ചു.
- ഹ. മൗലാനാ മുബാറക് അലി സാഹിബ് ബംഗ്ഗാളിയും, ഹ. മൗലാനാ മലിക് ഗുലാം ഹമീദ് സാഹിബുമാണ് ഇവിടെ ഏറ്റവും ആദ്യം നിയോഗിക്കപ്പെട്ടത്. പക്ഷേ 1924 മെയ് മാസം ചില കാരണങ്ങളാൽ തുടർപ്രവർത്തനങ്ങൾ സാധിക്കാതെ വരുകയും മിഷൻ നിർത്തലാക്കുകയും ചെയ്തു.
- 20.1.1949-ൽ ചൗധരി അബ്ദുൽ ലതീഫ് സാഹിബ് മുഖേനയാണ് വീണ്ടും മിഷൻ സ്ഥാപിച്ചത്.



MTA Studio, Germany



Khadija Mosque

- 1954 ജർമൻ ഭാഷയിൽ വിശുദ്ധ ഖുർആൻ പരിഭാഷ പുറത്തിറക്കി.
- 1955 ജൂൺ 25 മുതൽ 29 വരെ ഹ. മുസ്‌ലിഹ് മൗഊദ്(റ) ജർമനിയിൽ പര്യടനം നടത്തി. ഹംബർഗ് ടൗൺ ഹാളിൽ ഹുസൂറിന്റെ പ്രഭാഷണമുണ്ടായിരുന്നു.
- 1969-ൽ Prof. Italo Chiussi എന്ന് പേരുള്ള ഒരു ജർമൻ ബയ്അത്ത് ചെയ്തു. ഹ. ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) അദ്ദേഹത്തിന് മുഹമ്മദ് അബ്ദുൽ ഹാദി എന്ന പേര് വെച്ചു. ഇദ്ദേഹമാണ് Esperanto ഭാഷയിൽ ഖുർആൻ തർജുമ ചെയ്തത്. 1967ൽ ഹ. ഖലീഫ സാലിസ്(റഹ്) ജർമനിയിൽ പര്യടനം നടത്തി.
- 1989-ൽ ഹ. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ജർമനിക്ക് ശതവാർഷിക ജൂബിലി പ്രമാണിച്ച് 100 പള്ളികൾ ഉണ്ടാക്കാനുള്ള പദ്ധതി നൽകി. ഈ പ്രവർത്തനം ത്വരിതഗതിയിൽ നടന്നുവരുന്നു.
- നിരവധി ഭാഷകളിൽ പ്രസിദ്ധീകരണങ്ങളും അത്യാധുനിക MTA സംവിധാനവും ജർമനിക്കുണ്ട്.



# അമേരിക്ക

17.12.1886ൽ മി.അലക്സാണ്ടർ വെബും അദ്ദേഹം മുഖേന 26.9.1904–ൽ മി.ആന്റർ സെന്നും ബയ്അത്ത് ചെയ്തു. ഹുസൂർ(അ) അദ്ദേഹത്തിന് അഹ്മദ് എന്ന പേരുവെച്ചു.


1920 ജനുവരി 26ന് ഹ. മൗലാനാ മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ) അമേരിക്കയിലേക്ക് യാത്രയായി. ഇദ്ദേഹമാണ് ഇവിടെ നിയോഗിക്കപ്പെട്ട ആദ്യത്തെ മുബല്ലിഗ്.

1920 ഫെബ്രുവരി 15ന് അദ്ദേഹം ഫിലാഡൽഫിയ തുറമുഖത്ത് കപ്പലിറങ്ങി. പക്ഷേ അദ്ദേഹത്തെ അമേരിക്കയിൽ പ്രവേശിക്കുന്നത് അധികൃതർ തടഞ്ഞു. അദ്ദേഹം ബഹുഭാര്യത്വത്തെ അനുകൂലിക്കുന്ന ആളാണെന്നതായിരുന്നു കാരണം പറഞ്ഞത്. അങ്ങനെ സമുദ്രതീരത്തുള്ള ഒരു വീട്ടിൽ ബന്ധനസ്ഥനാക്കി. അവിടെ ചില അമേരിക്കക്കാരും ബന്ധിതരായി ഉണ്ടായിരുന്നു. അദ്ദേഹം അവർക്ക് തബ്ലീഗ് ആരംഭിച്ചു. രണ്ട് മാസത്തിനുള്ളിൽ 15 പേർ ബയ്അത്ത് ചെയ്തു.







## ഹദ്റത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു.

അമേരിക്കക്ക് തങ്ങൾ ശക്തന്മാരാണെന്നും, ഇത്രയും കാലം ഭൗതിക ഭരണകൂടങ്ങളെ എതിർത്ത് പരാജയപ്പെടുത്തിയെന്നും വാദമുണ്ടായിരിക്കാം. പക്ഷേ ആത്മീയ സാമ്രാജ്യവുമായി അവർ എതിരിട്ടിട്ടില്ല. ഞങ്ങളുമായി നേരിട്ടാൽ ഒരിക്കലും ഞങ്ങളെ തോൽപ്പിക്കാൻ സാധ്യമല്ലെന്ന് അവർക്ക് ബോധ്യമാവുന്നതാണ്. കാരണം അല്ലാഹു ഞങ്ങളോടൊപ്പമാകുന്നു. ഞങ്ങൾ അമേരിക്കയുടെ ചുറ്റുവട്ടത്ത് തബ്ലീഗ് ചെയ്യും. അവിടെയുള്ളവരെ മുസ്ലിംകളാക്കി അമേരിക്കയിലേക്ക് അയക്കും. അവരെ തടയാൻ അമേരിക്കക്ക് സാധ്യമല്ല. തീർച്ചയായും ഒരു ദിവസം അമേരിക്കയിൽ ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദ് റസൂലുല്ലാഹ് എന്ന ശബ്ദം മുഖരിതമാവുക തന്നെ ചെയ്യുമെന്ന് നാം പ്രതീക്ഷിക്കുന്നു.

(താരീഖെ അഹ്മദിയ്യത്ത് ഭാഗം : 5)



National VP and Missionary Incharge, Maulana Naseem Mahdi with President Obama at the White House Iftar Dinner, August 10, 2011

- 1920 മെയ് മാസം തന്നെ അമേരിക്ക നിരോധനം പിൻവലിക്കുകയുണ്ടായി. ഹ. മൗലാനാ മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ് ന്യൂയോർക്കിലെത്തി.
- 1921–ൽ ഷിക്കാഗോയിൽ കേന്ദ്രം സ്ഥാപിച്ചു.1950ൽ ഇത് വാഷിംഗ്ടണിലേക്ക് മാറ്റി.
- 1976–ൽ USA 200–ാം സ്വാതന്ത്ര്യദിനം ആഘോഷിച്ചു. ഈ വർഷം ഹ. ഖലീഫത്തുൽ മസീഹ് സാലിസ്(അ) അമേരിക്ക സന്ദർശിച്ചു. കൂടാതെ 1.8.1976ന് Dayton നഗരവും സന്ദർശിച്ചു. ഈ അവസരത്തിൽ അവിടെയുള്ള കമ്മീഷണർ ഹുസൂറിന് Dayton ന്റെ താക്കോൽ പ്രതീകാത്മകമായി സമ്മാനിച്ചു.
- 1987–ൽ ഹ. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അമേരിക്ക സന്ദർശിച്ചു. 9.10.87ന് വാഷിംഗ്ടണിൽ മിഷൻ ഹൗസിനും മസ്ജിദിനും തറക്കല്ലിട്ടു. 7.10.87ന് ഹുസൂർ കൊളമ്പിയ സന്ദർശിച്ചു. അവിടെയുള്ള മേയർ ആ ദിവസത്തെ Hadhrath Mirza Tahir Ahmad Day ആയി പ്രഖ്യാപിച്ചു. 30.10.87ന് പോർട്ട്ലാന്റിൽ ബയ്ത്തുൽ റിദ്വാൻ ഉദ്ഘാടനം ചെയ്തു.
- 14.10.94ന് ഹുസൂർ മസ്ജിദ് ബയ്ത്തുർ റഹ്മാനും, MTA Earth Station ഉം ഉദ്ഘാടനം ചെയ്തു.
- ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ബദ്ധവൈരിയും ഹുസൂറിനെ വിപാടനം ചെയ്യാൻ തീർച്ചപ്പെടുത്തുകയും ചെയ്ത ഡോ. ജോൺ അലക്സാണ്ടർ ഡ്യൂയിയുടെ പട്ടണമായ Zion ലും ഇപ്പോൾ അഹ്മദിയ്യാ മസ്ജിദും മിഷനും ഉയർന്നിരിക്കുന്നു.
- 2008–ൽ USA പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് ഖിലാഫത്ത് ശതാബ്ദി സ്റ്റാമ്പ് ഇറക്കുകയുണ്ടായി.
- 2011–ൽ USA പ്രസിഡണ്ട് ബറാക് ഹുസയ്ൻ ഒബാമ സംഘടിപ്പിച്ച ഇഫ്താർ പാർട്ടിയിൽ അഹ്മദിയ്യാ ദേശീയ നാഇബ് അമീർ മൗലാനാ നസീം മഹ്ദി സാഹിബിനേയും ക്ഷണിച്ചിരുന്നു.



# കനഡ

- 1919–ൽ തന്നെ കനഡയിൽ ജമാഅത്തിനെ കുറിച്ച് സന്ദേശം എത്തിയിരുന്നു.1956–ൽ മിഷൻ ആരംഭിച്ചു.
- 8.8.1976–ൽ ഹ. ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) കനഡ സന്ദർശിച്ചു.
- 26.3.78–ൽ സയ്യിദ് മൻസൂർ അഹ്മദ് സാഹിബ് ബശീർ മുബല്ലിഗ് ഇൻ ചാർജായി നിയമിക്കപ്പെട്ടു. 1978 ഒക്ടോബറിൽ കാൽഗിരി മിഷൻ ഹൗസിന് സ്ഥലം വാങ്ങി. 26.5.79ന് ഉദ്ഘാടനം ചെയ്തു.
- 1980 സെപ്തംബർ 4 മുതൽ 10വരെ ഹ. ഖലീഫ സാലിസ്(റഹ്) കനഡയിൽ പര്യടനം നടത്തി.
- ടൊറാൻഡോയിൽ 25 ഏക്കർ ഭൂമി വാങ്ങി അഹ്മദിയ്യാ കോംപ്ലക്സ് ആരംഭിച്ചു.
- 1986 സെപ്തംബറിൽ ഹ. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) കനഡ സന്ദർശിച്ചു.
- 20.9.86ന് മെസിസീഗയിൽ കനഡയിലെ ആദ്യത്തെ മസ്ജിദിന് തറക്കല്ലിട്ടു.
- 9.10.1992ന് മസ്ജിദ് ബയ്തുസ്സലാം ഉദ്ഘാടനം.




- ഹ. ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) കനഡയിൽ പര്യടനം നടത്തി.
- 2004 ജൂൺ 21 മുതൽ ജൂലൈ 21 വരെ 2005 ജൂൺ 4 മുതൽ ജൂലൈ 6 വരെ ഹുസൂറിന്റെ രണ്ടു പര്യടനങ്ങൾ. ജൂൺ 11ന് കോവെൻകോവറിൽ ആദ്യത്തെ മസ്ജിദിന് തറക്കല്ലിട്ടു. ജൂൺ 18ന് അൽവെർട്ടയിലും മസ്ജിദിന് തറക്കല്ലിട്ടു.
- ജൂൺ 30ന് പ്രധാനമന്ത്രി പോൾ മാർട്ടിനുമായി മുലാഖാത്ത്.
- ജൂലൈ 1ന് CANADA DAYയിൽ ഹുസൂർ സംബന്ധിച്ചു.
- ജൂലൈ 2ന് പ്രോടെണിൽ മസ്ജിദിന് തറക്കല്ലിട്ടു.

കനഡയിലെ 7 നഗരങ്ങളിൽ 1989 മാർച്ച് 23ന് Ahmadiyya Day എന്നും ആ ആഴ്ചക്ക് Ahmadiyya week എന്നും അവിടങ്ങളിൽ മേയർമാർ പ്രഖ്യാപിക്കുകയുണ്ടായി.

Town of Won –ലെ മേയർ, ആദ്യത്തെ മസ്ജിദ് തന്റെ പ്രദേശത്താണെന്ന സന്തോഷത്താൽ ടൗണിന്റെ താക്കോലും, പതാകയും, Welcome എന്ന ഫലകവും ജമാഅത്തിന് സമ്മാനിക്കുകയുണ്ടായി.



The Canadian Prime Minister, Stephen Harper with Huzoor







The Largest human smiley was achieved by 2,961 participants at an event organised by Ahmadiyya Muslim community (Canada) on 16 July 2011

# കോഴിക്കോടിന്റെ അഹ്മദിയ്യാ പൈതൃകം

2011–ൽ കേരള സംസ്ഥാന ജൽസാ സാലാനക്ക് വേദിയാവുന്ന കോഴിക്കോടിന്റെ ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം.

എം.കെ.ഇമ്പിച്ചിക്കോയട്ടി
ഓഫീസർ ജൽസാ സാലാന, കേരള 2011



സാമൂതിരി രാജാവിന്റെ ഭരണസിരാകേന്ദ്രമായിരുന്ന കോഴിക്കോടിന് ഇസ്‌ലാമുമായും ഇന്ത്യൻ ചരിത്രവുമായും ആഴത്തിൽ ബന്ധങ്ങളുണ്ട്. വളരെ പണ്ട് മുതൽക്കേ അറബികളുമായി കച്ചവടബന്ധം നിലനിർത്തിപ്പോന്ന കോഴിക്കോടൻ മണ്ണിലാണ് പ്രശസ്ത ലോകസഞ്ചാരി വാസ്ഗോഡഗാമ കപ്പലിറങ്ങിയത്. ആയിരത്തിത്തൊള്ളായിരത്തി ഇരുപതുകളിൽ നടന്ന ഖിലാഫത്ത് പ്രക്ഷോഭത്തിന്റെ ആരംഭകേന്ദ്രവും കോഴിക്കോട് തന്നെയായിരുന്നു. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ ഒട്ടനവധി ലോക പ്രശസ്തരായ നേതാക്കൾക്കും കോഴിക്കോട് ജന്മം നൽകിയിട്ടുണ്ട്.

### അഹ്മദിയ്യത്ത്

നൂറ് വർഷങ്ങൾക്ക് മുമ്പ് കൃത്യമായി പറഞ്ഞാൽ ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീത കാലത്ത് 1907ലാണ് മഹ്ദി ഇമാമിന്റെ സന്ദേശം കോഴിക്കോടെത്തുന്നത്. മർഹൂം എം.അഹ്മദ് സാഹിബായിരുന്നു ആദ്യത്തെ അഹ്മദി. 1917-ൽ ഇവിടെ ജമാഅത്തും സ്ഥാപിതമായി.

### സ്വഹാബാക്കളുടെ സന്ദർശനം

പ്രവർത്തനങ്ങൾക്ക് ഉണർവും ആവേശവും പകർന്നുകൊണ്ട് ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ നിർദ്ദേശപ്രകാരം സ്വഹാബാക്കളായ ഹദ്റത് അല്ലാമാ ഹാഫിസ് റോശൻ അലി സാഹിബ്, ഹദ്റത് ഡോക്ടർ മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്, ഹദ്റത് മൗലാനാ അബ്ദുർ റഹീം സാഹിബ് നയ്യർ(റ), ഹദ്റത് മൗലാനാ അബ്ദുർ റഹീം സാഹിബ് ബീഹാരി(റ) തുടങ്ങിയവർ കോഴിക്കോട് സന്ദർശിക്കുകയുണ്ടായി.

### ജസ്സ്റ്റിസ് കൃഷ്ണയ്യരുടെ വിധി

1965ൽ കോഴിക്കോട് ഒരു അഹ്മദിയുടെ വിവാഹവുമായി ബന്ധപ്പെട്ട കേസിലാണ് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അഹ്മദികൾ മുസ്‌ലിംകളാണെന്ന ചരിത്രപ്രധാനമായ വിധി പ്രസ്താവന നടത്തിയത്.

### സ്മശാന പ്രശ്നം

1934-ൽ എ.എം.മൊയ്തീൻ കോയാ സാഹിബിന്റെ വിയോഗത്തെ തുടർന്ന് കബറടക്കുന്നതിന് അനഹ്മദികൾ അനുവദിക്കാതിരിക്കുകയും വളരെ മോശമായ രീതിയിൽ ജനാസയോട് പെരുമാറുകയും ചെയ്തു. ഈ സംഭവത്തെ തുടർന്ന് അന്നത്തെ ചില പ്രമുഖ വ്യക്തികളുടെ ശ്രമഫലമായി രണ്ട് വർഷങ്ങൾക്ക് ശേഷം കോഴിക്കോട് സ്വന്തമായി ഖബർസ്ഥാൻ ഉണ്ടായി. ഇത് സർക്കാർ ജമാഅത്തിന് നൽകിയതായിരുന്നു.

38



# സ്പെയ്ൻ



Basharat Mosque

1936–ൽ മലിക് മുഹമ്മദ് ശരീഫ് സാഹിബ് ഗുജറാത്തി മുബല്ലിഗ് ആയി നിയോഗിക്കപ്പെട്ടു. സ്പെയ്നിലെ ആഭ്യന്തര കലഹം കാരണം അദ്ദേഹത്തിന് തിരിച്ചുപോരേണ്ടി വന്നു.

1946–ൽ മൗലാനാ കരം ഇലാഹി സാഹിബ് സഫർ നിയോഗിക്കപ്പെട്ടു.

1970 മെയ് 25ന് ഹ. ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) സ്പെയ്നിലെത്തി. അവിടെ വിമാനത്താവളത്തിൽ ഇറങ്ങുമ്പോൾ ഹുസൂർ പറഞ്ഞു:
**എനിക്ക് ത്വാരീഖിന്റെ കുതിരകളുടെ കുളമ്പടി ശബ്ദം കേൾക്കുന്നു.**

1980 ഒക്ടോബർ 9ന് ഖുർത്തുബയിൽ നിന്ന് 23 കിലോമീറ്റർ അകലെ പെഡ്രോബാദിൽ മസ്ജിദ് ബശാറത്തിന് ഹുസൂർ തറക്കല്ലിട്ടു. 744 വർഷങ്ങൾക്കുശേഷം സ്പെയ്നിൽ ഉയരുന്ന ആദ്യത്തെ മസ്ജിദ്!



ഹുസൂർ പറഞ്ഞു:
**ഇസ്‌ലാം സ്നേഹത്തോടും ഐക്യത്തോടും ജീവിക്കാൻ ഉപദേശിക്കുന്നു. നമുക്ക് വിനയത്തിന്റെ പാഠങ്ങൾ നൽകുന്നു. എനിക്ക് നൽകാനുള്ള സന്ദേശം Love for all Hatred for None എന്നതുമാത്രമാണ്.**

1982 സെപ്തംബർ 10 ന് ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) മസ്ജിദ് ഉദ്ഘാടനം ചെയ്തു.


2005ൽ ഹദ്റത് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹുല്ലാഹ്) സ്പെയ്നിൽ പര്യടനം നടത്തുകയും പുതിയ പദ്ധതികൾ ആരംഭിക്കുകയും ചെയ്തു.

# കോഴിക്കോടിന്റെ അഹ്മദിയ്യാ പൈതൃകം



### പ്രവർത്തന കേന്ദ്രങ്ങൾ

ആദ്യകാലത്ത് പ്രശസ്തമായ മാർക്കർ ഹൗസ് കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനങ്ങൾ. പിന്നീട് കലന്തൻ കോയ ഹാജി സാഹിബും അദ്ദേഹത്തിന്റെ സഹധർമിണി സയ്യിദാ റുഖിയ്യാ ബീബി സാഹിബയും വഖ്ഫ് ചെയ്ത സ്ഥലത്ത് ദാറുസ്സലാം എന്ന പേരിൽ ആരംഭിച്ച മിഷൻ ഹൗസിലാണ് ദീർഘകാലം പ്രവർത്തനങ്ങൾ നടത്തിയത്. ഹ. ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ആരംഭിച്ച സദ്സാല ജൂബിലിഫണ്ടിൽ നിന്നനുവദിച്ച തുകകൊണ്ട് 1978-ൽ കോഴിക്കോടിന്റെ ഹൃദയഭാഗത്ത് മുതലക്കുളത്തിനടുത്ത് സ്ഥലം വാങ്ങുകയും 1981-ൽ വാഗ്ദത്ത മസീഹിന്റെ പൗത്രൻ ഹദ്റത്ത് മിർസാ വസീം അഹ്മദ് സാഹിബ് (നാസിർ അഅ്ല) മസ്ജിദിന് ശിലാസ്ഥാപനം നിർവഹിക്കുകയും ചെയ്തു. 1986-ൽ അദ്ദേഹം തന്നെയാണ് മനോഹരമായ ബൈത്തുൽ ഖുദ്ദൂസ് ഉദ്ഘാടനം ചെയ്തതും. ഹ.ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യാണ് ബയ്ത്തുൽ ഖുദ്ദൂസ് എന്ന് പേരു വെച്ചത്. 2011 ഒക്ടോബറിൽ ബയ്ത്തുൽ ഖുദ്ദൂസ് 25 വർഷം പിന്നിട്ടിരിക്കുന്നു. ഒരുവേള കേരള അഹ്മദിയ്യാ പ്രവർത്തനങ്ങളുടെ തന്നെ കേന്ദ്രം കൂടിയാണ് ബൈത്തുൽ ഖുദ്ദൂസ് എന്ന് പറഞ്ഞാൽ അത് തെറ്റല്ല.



മൗ.ബി.അബ്ദുല്ലാഹ് സാഹിബ്



മൗ.മുഹമ്മദ് അബുൽവഫാ സാഹിബ്




ഏ.പി.കുഞ്ഞാമു സാഹിബ്

### പ്രവർത്തനങ്ങൾ

മൗലാനാ ബി.അബ്ദുല്ലാഹ് സാഹിബ് കേരളത്തിൽ മുബല്ലിഗ് ആയി നിയോഗിക്കപ്പെട്ട കാലം മുതൽ തന്നെ അദ്ദേഹത്തിന്റെ സുപ്രധാന പ്രവർത്തനകേന്ദ്രം കോഴിക്കോടായിരുന്നു. അനഹ്മദീ പണ്ഡിതന്മാരുമായി അദ്ദേഹം നടത്തിയ സംവാദങ്ങൾ പ്രത്യേകിച്ച് 1933 ലെ കുറ്റിച്ചിറ സംവാദം കോഴിക്കോടൻ മണ്ണിൽ അഹ്മദിയ്യത്തിന്റെ വേരോട്ടം ശീഘ്രഗതിയിലാക്കി. ഇതിനുശേഷം കോഴിക്കോടും തെക്കൻ കേരളത്തിലുമായി 1950 വരെ വളരെയധികം പ്രമുഖവ്യക്തികൾ ബയ്അത്ത് ചെയ്യുകയുണ്ടായി.

വലിയ മൗലവി സാഹിബിനു ശേഷം മൗലാനാ മുഹമ്മദ് അബുൽവഫാ സാഹിബും മൗലാനാ മുഹമ്മദ് ഉമർ സാഹിബും ദീർഘകാലം ഇൻചാർജ് മുബല്ലിഗുമാരായിരുന്നു.



മൗ.മുഹമ്മദ് ഉമർ സാഹിബ്



കെ.എം.അഹ്മദ് കോയ സാഹിബ്

### കോഴിക്കോടിന്റെ സാരഥ്യം

എം.അഹ്മദ് സാഹിബ്, വി.അബ്ദുൽ ഖയ്യൂം സാഹിബ്, കലന്തൻ കോയ ഹാജി സാഹിബ്, കെ.പി.അസ്സു സാഹിബ്, എം.പി.കോയട്ടി സാഹിബ്, കെ.എം. മൊയ്തീൻ കോയ സാഹിബ്, എം.എം.കോയ സാഹിബ് തുടങ്ങിയ പ്രമുഖരായ പലരും കോഴിക്കോട് ജമാഅത്തിന്റെ പ്രസിഡണ്ട് പദവി അലങ്കരിച്ചിരുന്നു.

മർഹൂം ഏ.പി.കുഞ്ഞാമു സാഹിബിന്റെ കാലത്താണ് കോഴിക്കോട് ഇമാറത്ത് സ്ഥാപിതമാവുന്നത്. ഏറെ താമസിയാതെ അദ്ദേഹം സംസ്ഥാന അമീറായും നിയോഗിക്കപ്പെട്ടു. കേരളത്തിലുടനീളം ജമാഅത്തീവ്യവസ്ഥയെ ശക്തമാക്കുന്നതിൽ മർഹൂം ഏ.പി.കുഞ്ഞാമുസാഹിബിന്റെ നിസ്തുല്യസേവനം പ്രത്യേകം സ്മരണീയമാണ്. ഏറ്റവും കൂടുതൽ കാലം സംസ്ഥാന അമീറായിരുന്ന കുഞ്ഞാമു സാഹിബ് തുടർന്ന് മരണം വരേയും കോഴിക്കോട് മേഖലാ അമീറായും നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. തുടർന്ന് എം.എ. മുഹമ്മദ് സാഹിബ് അമീറായി. ഇപ്പോൾ കെ.എം.അഹ്മദ് കോയ സാഹിബാണ് അമീർ.

### മിനാരത്ത്

1970-ൽ എം. ആലിക്കോയ സാഹിബിന്റെ പത്രാധിപത്യത്തിൽ കോഴിക്കോട് കേന്ദ്രീകരിച്ച് തുടങ്ങിയ മിനാരത്ത് ഇംഗ്ലീഷ് ത്രൈ മാസിക, പ്രചാരണ രംഗത്ത് ഏറെ ചലനങ്ങൾ സൃഷ്ടിച്ച പ്രസിദ്ധീകരണമായിരുന്നു.

### വിദേശ പ്രമുഖർ

യൂറോപ്യനായ ആദ്യത്തെ മുസ്‌ലിം മിഷനറി മൗലാനാ ബശീർ അഹ്മദ് സാഹിബ് ഓർച്ചാഡ്, വില്യം നാസിർ നിക്കുൾസ്കി സാഹിബ്, സയ്യദ് ഹസനുൽ ജാബി സാഹിബ് ഈജിപ്ത്, റാപേൽ ബുഖാറോവ് സാഹിബ് റഷ്യ, മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് റബ്വ, ഡോ.ഇഫ്തിഖാർ അയാസ് സാഹിബ് (മുൻ യുകെ അമീർ) തുടങ്ങി ഒട്ടനവധി പ്രശസ്തരായ വിദേശ അഹ്മദികൾ കോഴിക്കോട് സന്ദർശിച്ചിട്ടുണ്ട്.

### ഹദ്റത് മിയാൻ സാഹിബ്

ഹ.മസീഹ് മൗഊദ്(അ)ന്റെ പൗത്രനും, അഖിലേന്ത്യാ മേലദ്ധ്യക്ഷനുമായിരുന്ന ഹദ്റത് മിർസാ വസീം അഹ്മദ് സാഹിബ്(മർഹൂം) കോഴിക്കോട് ജമാഅത്തിന്റെ വളർച്ചയുടെ സ്പന്ദനങ്ങളിലെല്ലാം എപ്പോഴും ഉണ്ടായിരുന്നു.. കൂടാതെ കേന്ദ്രത്തിലെ നിരവധി പ്രമുഖർക്ക് ആതിഥ്യമേകാനും കോഴിക്കോടിന് സാധിച്ചിട്ടുണ്ട്. അവരിൽ മൗലാനാ ബശീർ അഹ്മദ് സാഹിബ് ദഹ്‌ലവി, മൗലാനാ ശരീഫ് അഹ്മദ് സാഹിബ് അമീനി, മലിക് സ്വലാഹുദ്ദീൻ സാഹിബ് പ്രമുഖ ഖഗോള ശാസ്ത്രജ്ഞനും സദർ അഞ്ചുമൻ സദറുമായിരുന്ന ഡോ.ഹാഫിസ് സാലിഹ് മുഹമ്മദ് അല്ലാഹ്ദീൻ സാഹിബ് തുടങ്ങിയവർ പ്രത്യേകം സ്മരണീയരാണ്.

### സമ്മേളനങ്ങളും ജമാഅത്തുകളും

നിരവധി തവണ കേരള സംസ്ഥാന സമ്മേളനത്തിന് വേദിയായ കോഴിക്കോട് വളരെ പെട്ടെന്നാണ് ജമാഅത്ത് വ്യാപിക്കാൻ തുടങ്ങിയത്. ഇപ്പോൾ കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിന് പുറമേ മാത്തോട്ടം,വടകര,കൊടിയത്തൂർ എന്നിവിടങ്ങളിൽ ജമാഅത്ത് സ്ഥാപിതമായിട്ടുണ്ട്. കാരപ്പറമ്പ്, കോവൂർ, എന്നിവിടങ്ങളിലും ആദ്യകാല പ്രവർത്തനകേന്ദ്രമായിരുന്ന ദാറുസ്സലാമിലും സ്വന്തമായി സ്ഥലവും നമസ്കാര സൗകര്യവുമുണ്ട്. കൂടാതെ ജമാഅത്തിനെ പരിചയപ്പെടുത്തുന്ന എക്സിബിഷനുകളും, തബ്‌ലീഗ് യോഗങ്ങളും പ്രചാരണ പ്രസിദ്ധീകരണങ്ങളും കോഴിക്കോട് കേന്ദ്രീകരിച്ച് അതിവിപുലമായി നടന്നുവരുന്നു.

## ഖലീഫ തിരുമനസിന്റെ പാദസ്പർശം

2008-ൽ ഖലീഫത്തുൽ മസീഹ് അൽഖാമിസ് ഹദ്റത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹുല്ലാഹ്)ന്റെ സന്ദർശനം കോഴിക്കോടിന്റെ ചരിത്രത്തിലെ ഏറ്റവും ധന്യമുഹൂർത്തമാണ്. ഹുസൂറിന്റെ ആഗമനത്തോടെ ജമാഅത്തിന്റെ എല്ലാ തലങ്ങളിലും അഭൂതപൂർവമായ ഊർജസ്വലതയാണ് കൈവന്നിരിക്കുന്നത്. തീർച്ചയായും കോഴിക്കോടിന് അതൊരു വഴിത്തിരിവിന്റെ അനുഗൃഹീത നാഴികക്കല്ലാണ്.


ആരോഗ്യം


ഡോക്ടർ മുഹമ്മദ് മസ്ഊദുൽ ഹസൻ സാഹിബ് നൂരി

# കുട്ടികളിലെ ഹൃദ്രോഗങ്ങൾ

കുട്ടികളിലെ ഹൃദ്രോഗങ്ങളിൽ ഒന്ന് ഹൃദയത്തിലെ ദ്വാരവും, രണ്ട് വലിയ കുഴലുകളിലുണ്ടാകുന്ന സംയോജനവുമാണ്. അത് രോഗത്തിന് കാരണമാകുന്നു. കൂടാതെ ഹൃദയത്തിലെ നാലു വലിയ അറകളിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ കുട്ടികളിൽ പലതരം രോഗങ്ങളുണ്ടാകുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ട രോഗമാണ് ബ്ലൂ ബേബി. ഈ രോഗം കാരണം കുട്ടികളുടെ നിറം നീല നിറമായി മാറുന്നു. അത് സാവധാനത്തിൽ അധികരിക്കുകയും ചെയ്യുന്നു. ഇതിന്റെ ചികിത്സ ഓപ്പറേഷൻ മാത്രമാണ്.


ജനനത്തിന് മുമ്പ് കുട്ടികളിലെ ഹൃദയം ട്യൂബ് പോലെയിരിക്കും. പിന്നീട് ഹൃദയം നാലായി വിഭജിക്കപ്പെട്ടിരിക്കും. മുകളിലും താഴെയുമായി രണ്ട് വീതം ഭാഗമാണുള്ളത്. ഈ രണ്ട് ഭാഗത്തിനുമിടയിൽ വാൾവുകളാണ്. അതാണ് രക്തത്തെ ഒരു ഭാഗത്തേക്ക് കൊണ്ടുപോകുന്നത്. ഈ വിതരണത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ദ്വാരങ്ങൾ ഉണ്ടാകുന്നു. ദ്വാരം ചെറുതാണെങ്കിൽ കുട്ടിയുടെ ജനനത്തിന് ശേഷം രോഗലക്ഷണങ്ങൾ കുറവായിരിക്കും. ദ്വാരം വലുതാണെങ്കിൽ അതിന്റെ വലുപ്പത്തിനനുസരിച്ച് ലക്ഷണങ്ങളും കൂടുതലായിരിക്കും. ഉദാഹരണം. ശ്വാസം മുട്ടുക. വളർച്ചയിലുള്ള കുറവ്, കൂടെക്കൂടെയുള്ള ചുമ, ശരിയായ രീതിയിൽ പാല് കുടിക്കാൻ കഴിയാതിരിക്കുക, തുടങ്ങിയവ.




## മുൻകരുതലുകൾ

അനാവശ്യമായുള്ള മരുന്നുകൾ ഉപയോഗിക്കാതിരിക്കുക.സാധ്യമാകുന്നിടത്തോളം വയറൽ ഇൻഫെക്ഷൻ ഇല്ലാതിരിക്കുന്നതിന് മരുന്ന് കഴിക്കേണ്ടതാണ്. മാത്രമല്ല എക്സറേ പോലുള്ള താപമുള്ളവയുടെ പ്രഭാവം ഇല്ലാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചെറുപ്പം മുതലെ ഹൃദ്രോഗങ്ങളിൽ രക്ഷപ്പെടണമെങ്കിൽ സമീകൃതാഹാരം ശീലമാക്കേണ്ടതാണ്.




കൊഴുപ്പുള്ള ഭക്ഷണം പരമാവധി ഒഴിവാക്കേണ്ടതാണ്. എല്ലാ ദിവസവും സുബ്ഹി നമസ്ക്കാരശേഷം വ്യായാമം ചെയ്യുക. വേഗതയോടുകൂടിയ നടത്തം ഏറ്റവും ഗുണപ്രദമായ വ്യായാമമാണ്. പുകവലി പോലുള്ളവ ഒരിക്കലും അരുത്. ഇക്കാര്യങ്ങൾ ശ്രദ്ധിച്ചാൽ ഹൃദ്രോഗങ്ങളിൽ നിന്ന് രക്ഷപ്പെടാവുന്നതാണ്.

നേരത്തെ സൂചിപ്പിച്ചതുപോലെ അമിതമായ തടിയും ഹൃദ്രോഗത്തിന് കാരണമാണ്. ഇതിൽ നിന്ന് രക്ഷപ്പെടാൻ സമീകൃതാഹാരം കൂടിയെ തീരൂ. അമിതവണ്ണം വ്യായാമത്തിലൂടെ ശരിയാക്കാവുന്നതാണ്. മാനസിക പിരിമുറുക്കമുണ്ടാകുന്ന ജോലികളിൽ ഏർപ്പെടാതിരിക്കുന്നത് നല്ലതാണ്. അധികസമയം ടി.വിക്ക് മുമ്പിൽ ഇരിക്കുന്നവരിലും രാഷ്ട്രീയ കാര്യങ്ങൾ സംസാരിക്കുന്നവരിലും മാനസിക പിരിമുറുക്കം കൂടുതലായി കാണപ്പെടുന്നു. വ്യായാമം, നീന്തൽ, രാവിലെയുള്ള നടത്തം, വ്യത്യസ്ഥ കളികളിൽ ഏർപ്പെടുന്നത് എന്നിവയെല്ലാം ഹൃദയത്തെയും ശരീരത്തെയും ജീവനുള്ളതാക്കിത്തീർക്കാൻ ഉപകരിക്കുന്നതാണ്.

## ടെസ്റ്റുകൾ

ഹൃദ്രോഗികൾ ചെക്കിങ്ങിന് വേണ്ടി ഡോക്ടറെ സമീപിക്കേണ്ടതാണ്. ഡോക്ടർ രോഗിയുടെ ഭാരം, പ്രഷർ, നാഡിമിടിപ്പ്, ഹൃദയത്തിന്റെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് സ്വന്തം നിലക്ക് ചെക്കപ്പ് ചെയ്യുന്നതാണ്. ഇത് കൂടാതെ രക്തത്തിലെ കൊഴുപ്പിന്റെ അളവും പഞ്ചസാരയുടെ അളവും അറിയാവുന്ന ടെസ്റ്റുകളുമുണ്ട്. മറ്റൊന്ന് രക്തത്തിലെ യൂറിക് ആസിഡിന്റെ അളവും അറിയേണ്ടതാണ്.

ഹൃദ്രോഗങ്ങളുടെ ചെക്കപ്പിൽ ഇ.സി.ജി. വളരെ പ്രധാനപ്പെട്ട ടെസ്റ്റാണ്. ഇതിൽ നിന്നാണ് രോഗിക്ക് നേരത്തേ ഹൃദ്രോഗമുണ്ടായിരുന്നോ എന്ന് അറിയാൻ കഴിയുന്നത്. ഇപ്പോൾ ഇ.സി.ജി മറ്റൊരു വിധത്തിലുമുണ്ട്. അതിൽ വ്യായാമത്തിനിടയിലാണ് ടെസ്റ്റ് ചെയ്യുന്നത്. ഇതിലൂടെ ഹൃദയത്തിന്റെ ഏതുഭാഗത്തൊക്കെ രക്തം ശരിയായ രീതിയിൽ എത്തുന്നുണ്ടെന്നും ഇല്ലെന്നും അറിയാൻ കഴിയും.




മറ്റൊരു ടെസ്റ്റ് ഹൃദയത്തിന്റെ അൾട്രാസൗണ്ട് ടെസ്റ്റാണ്. ഇതിലൂടെ ഹൃദയത്തിന്റെ സ്ഥാനവും വ്യത്യസ്ഥ അറകളുടെ വലിപ്പവും മനസ്സിലാകുന്നതാണ്. ഹൃദയത്തിന്റെ ന്യൂക്ലിയർ ടെസ്റ്റ് മുഖേന രക്തത്തിന്റെ ഒഴുക്ക് എങ്ങിനെയാണെന്ന് അറിയാൻ കഴിയുന്നു. ഇതാണ് ന്യൂക്ലിയർ സ്കാൻ എന്നറിയപ്പെടുന്നത്. വേറൊരു ടെസ്റ്റ് ആൻജിയോഗ്രാഫിയാണ്. ഇത് ഹൃദയത്തെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ അറിയാൻ സഹായകമാണ്. പ്രത്യേക രീതിയിൽ ഡൈ രക്തനാളികളിൽ ഇടുന്നു. പിന്നെ ഇതിനെ ഹൃദയത്തിന്റെ പ്രത്യേക പമ്പിംഗ് ലേസറിൽ ഇടുകയാണ് ചെയ്യുക. അങ്ങിനെ ഹൃദയമിടിപ്പ് മനസ്സിലാകുന്നതാണ്.

# തഹ്‌രീക് ജദീദ് മധുരഫലങ്ങൾ






- കോടിക്കണക്കിന് ആളുകൾ ജമാഅത്തിലേക്ക്
- ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനങ്ങളുടെ വെളിച്ചത്തിൽ രാജാക്കന്മാരും ഇതിൽ ഉൾപ്പെടുന്നു.
- ഇരുപതിനായിരത്തോളം മസ്ജിദുകൾ
- വിവിധ രാജ്യങ്ങളിൽ 100 മസ്ജിദ് നിർമിക്കാനുള്ള പദ്ധതി പുരോഗതിയിൽ.
- എല്ലാ പ്രധാന രാഷ്ട്ര കേന്ദ്രങ്ങളിലും ജാമിഅ അഹ്മദിയ്യകൾ








- വിശുദ്ധ ഖുർആൻ പരിഭാഷ 100 ഭാഷകളിലേക്ക്,70 ഭാഷകളിൽ പരിഭാഷ പ്രസിദ്ധീകരിച്ചു,15 ഭാഷകളിൽ പരിഭാഷ പുരോഗമിക്കുന്നു.
- വിദേശ രാഷ്ട്രങ്ങളിൽ ആയിരത്തോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ.
- നൂറോളം ആതുരശുശ്രൂഷാ കേന്ദ്രങ്ങൾ
- എല്ലാ രാഷ്ട്രങ്ങളിലും ഗ്രന്ഥങ്ങളും, ആനുകാലികങ്ങളും,നോട്ടീസുകളും ലഘുലേഖകളും വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നു.
- 1500 മിഷനറിമാർ ഇസ്‌ലാമിക പ്രചരണരംഗത്ത് പ്രവർത്തിച്ച് വരുന്നു.
- ആഫ്രിക്കയിൽ 600 സ്‌ക്കൂളുകൾ, 36 ആശുപത്രികൾ, 625 ഹോമിയോ ഡിസ്‌പെൻസറികൾ, എട്ട് പ്രിന്റിങ്ങ് പ്രസ്സുകൾ,100 സൗരോർജ്ജകേന്ദ്ര ങ്ങൾ, അഞ്ച് കംപ്യൂട്ടർ ട്രെയിനിംഗ് സെന്ററുകൾ
- കൂടാതെ എല്ലാ നാടുകളിലും ലൈബ്രറികളും തബ്‌ലീഗ്കേന്ദ്രങ്ങളുംപ്രവർത്തനനിരതമാണ്.

Chairman Management &
Editorial Board : C.Zameem
Printer & Publisher : T.K.Mushtaq Ahmad
Manager : Shafeeq Ahmad Karulai
Circulation Manager : K.Mubarak Ahmad

Chief Editor : H.Shamsuddin
Editor : Shareef Karulai
Members : B.M.Shoukath Ali
Shareef Ahmad
K.Noorudheen

Not for sale, circulation among members only

Views expressed in this publication are not necessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange,Calicut